
# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

ഡിസംബർ 2024



*Happy Birthday*



**ഡിസംബർ 10–ാം തീയതി**
**ജന്മദിനം ആഘോഷിക്കുന്ന**
**അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്**
**രൂപതാകുടുംബത്തിന്റെ**
**ജന്മദിനാശംസകൾ !**





# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No. 12 ഡിസംബർ 2024

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII    No. 12    ഡിസംബർ 2024



| | | |
|---|---|---|
| ഇടയലേഖനം | - | 3 |
| സർക്കുലർ - തിരുക്കുടുംബദിനം | - | 10 |
| സർക്കുലർ | - | 15 |
| സർക്കുലർ - സീറോമലബാർ പ്രേഷിതവാരാചരണം | - | 20 |
| കച്ചേരിക്കാര്യം | - | 27 |
| അനുസ്മരണം | - | 32 |
| പൗരോഹിത്യ ജൂബിലി ആശംസകൾ | - | 34 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 52 |
| അജപാലനോത്തേജനവിഭാഗം | - | 53 |
| റെയിൻബോ - 2021 | - | 57 |
| വിശ്വാസജീവിതപരിശീലനരംഗം | - | 58 |
| ചെറുപുഷ്പ മിഷൻലീഗ് | - | 70 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 75 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 76 |
| കുടുംബപ്രേഷിതത്വം | - | 83 |
| പിതൃവേദി | - | 85 |
| മാതൃവേദി | - | 86 |
| മേരി മാതാ മൈനർ സെമിനാരി | - | 89 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - | 90 |
| നസ്രാണി റിസേർച്ച് സെന്റർ, നല്ലതണ്ണി | - | 91 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 92 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 99 |
| സന്യസ്തർ | - | 102 |
| കെ.സി.എസ്.എൽ. | - | 107 |
| കത്തോലിക്കാ കോൺഗ്രസ് | - | 108 |
| തേനി മിഷൻ വാർത്തകൾ | - | 112 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 114 |
| ലീജിയൻ ഓഫ് മേരി | - | 117 |
| ഡി.സി.എം.എസ്. | - | 118 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 119 |
| വിൻസെൻഷ്യൻ വേദി | - | 121 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി | - | 125 |
| വിമല പബ്ലിക്കേഷൻസ് | - | 126 |
| Special Care Homes & Charitable institution | - | 128 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 130 |
| ഇൻഫാം | - | 131 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 133 |
| രൂപതാവാർത്തകൾ | - | 139 |
| Bishop's Engagements | - | 143 |

PL. 02/24

# ഇടയലേഖനം

## ദൈവപരിപാലനയിൽ
## കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ
## മാർ ജോസ് പുളിക്കൽ
## രൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും
## ദൈവജനം മുഴുവനുംവേണ്ടി എഴുതുന്നത്

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

ക്രിസ്മസും പുതുവത്സരവുമെല്ലാം വീണ്ടും സമാഗതമാകുന്നു. മിശിഹായുടെ മനുഷ്യാവതാരരഹസ്യം ധ്യാനിച്ചുകൊണ്ടാണ് സഭ പുത്തനാണ്ടിലേയ്ക്ക് പ്രവേശിക്കുന്നത്. മിശിഹാക്കാലം 2025 എന്ന ജൂബിലി വർഷത്തിലേയ്ക്കാണ് ഇത്തവണ നാം കടക്കുന്നതെന്ന പ്രത്യേകതയുമുണ്ട്.

പുതുവർഷത്തിലേയ്ക്ക് എത്തുന്നതിന് മുൻപുതന്നെ പുതിയ ആരാധനാവത്സരത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. മംഗളവാർത്തക്കാലത്തിൽ ആരംഭിച്ച് പള്ളിക്കൂദാശക്കാലത്തിൽ സമാപിക്കുന്ന വിവിധ ആരാധനക്രമ കാലങ്ങൾ കൂടിച്ചേരുന്നതാണല്ലോ സഭയുടെ ആരാധനാവത്സരം. മിശിഹായിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപദ്ധതിയിലെ പ്രധാന ദിവ്യരഹസ്യങ്ങൾ കേന്ദ്രീകരിച്ചാണ് ആരാധനാവത്സരത്തിലെ ഓരോ കാലവും രൂപപ്പെട്ടിരിക്കുന്നത്.

മനുഷ്യാവതാരരഹസ്യം ആഘോഷിക്കപ്പെടുന്ന മംഗളവാർത്തക്കാലം, മിശിഹായുടെ മാമ്മോദീസായും പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലും അനുസ്മരിക്കുന്ന ദനഹാക്കാലം, പീഡാനുഭവരഹസ്യം ഓർമ്മിക്കുന്ന നോമ്പുകാലം,

ഉത്ഥാനരഹസ്യം കൊണ്ടാടപ്പെടുന്ന ഉയിർപ്പുകാലം, സഭയിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യരഹസ്യം പ്രകീർത്തിക്കപ്പെടുന്ന ശ്ലീഹാക്കാലം, സഭയുടെ വളർച്ചയുടെ രഹസ്യം ധ്യാനവിഷയ മാക്കുന്ന കൈത്താക്കാലം, കുരിശിന്റെ ശക്തിയും കർത്താവിന്റെ രണ്ടാമത്തെ ആഗമനരഹസ്യവും പ്രഘോഷിക്കുന്ന ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ, യുഗാന്ത്യത്തിൽ മിശിഹായിലുള്ള നമ്മുടെ മഹത്ത്വീകരണ രഹസ്യം അടയാളപ്പെടുത്തുന്ന പള്ളിക്കൂദാശക്കാലം എന്നിവയാണല്ലോ നാം അംഗങ്ങളായി രിക്കുന്ന പൗരസ്ത്യ സുറിയാനി സഭയിലെ ആരാധനാവത്സര കാലങ്ങൾ.

രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, ആരാധനാവത്സരത്തിലൂടെ വീണ്ടെടുപ്പിന്റെ രഹസ്യങ്ങൾ മുഴുവനും ആണ്ടുവട്ടംകൊണ്ട് പുനരവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തുകൊണ്ട് സഭ തന്റെ നാഥന്റെ ശക്തികളുടെയും യോഗ്യതകളുടെയും സമ്പത്ത് സന്നിഹിത മാക്കുകയും അവയെ വിശ്വാസികളുടെ മുമ്പിൽ തുറന്നു വയ്ക്കുകയും ചെയ്യുന്നു. അവർ അവ അനുഭവിക്കുകയും രക്ഷാകരകൃപാവരത്താൽ പൂരിതരാകുകയും ചെയ്യേണ്ടതി നാണിത് (SC 102).

വർഷം മുഴുവൻ നീണ്ടുനില്ക്കുന്ന ഒരു ആദ്ധ്യാത്മിക ജീവിത പരിശീലനമണ് ആരാധനാവത്സരം നമുക്ക് പ്രദാനം ചെയ്യുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ച് ജീവിക്കുവാൻ പഠിപ്പിക്കുകവഴി മാതാവും ഗുരുനാഥയുമായ സഭ ദൈവികരഹസ്യങ്ങളുടെ ആഴത്തിലേയ്ക്ക് തന്റെ മക്കളെ ആനയിക്കുകയും മിശിഹാരഹസ്യം മുഴുവനിലൂടെയുമുള്ള ഒരു തീർത്ഥാടനത്തിന് ക്ഷണിക്കുകയുമാണ്.

ഡിസംബർ 25 ന് ആഘോഷിക്കുന്ന തിരുപ്പിറവി കേന്ദ്രമാക്കിയുള്ള മംഗളവാർത്തക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. മറിയത്തിനും യൗസേപ്പിനും, സഖറിയായ്ക്കും ഏലീശ്വായ്ക്കും, ആട്ടിടയന്മാർക്കും വിജ്ഞാനികൾക്കും, ശിമയോനും ഹന്നായ്ക്കുമെല്ലാം ലഭിച്ചത് ലോകരക്ഷകന്റെ ആഗമനത്തെക്കുറിച്ചുള്ള മംഗളകരമായ വാർത്തകൾ അഥവാ അറിയിപ്പുകളായിരുന്നുവല്ലോ.

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്ത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു ശാന്തി (ലൂക്കാ 2:14): തിരുപ്പിറവിയുടെ സന്തോഷരാത്രിയിൽ ദൈവദൂതന്മാർ പാടിയ സ്വർഗ്ഗീയഗാനം സഭയുടെ ചരിത്രത്തിൽ പിന്നീടൊരിക്കലും നിശബ്ദമാക്കപ്പെട്ടില്ല. നമ്മുടെ ആരാധനക്രമ പാരമ്പര്യമനുസരിച്ച് വിശുദ്ധ കുർബാനയും കൂദാശകളും യാമപ്രാർത്ഥനകളും മറ്റു ശുശ്രൂഷകളുമെല്ലാം ആരംഭിക്കുന്നത് സന്തോഷവും കൃതജ്ഞതയും പ്രകാശിപ്പിക്കുന്ന ഈ കീർത്തനത്തോടെയാണല്ലോ.

ആരാണ് ദൈവപ്രസാദമുള്ളയാൾ? ആരിലാണ് ദൈവം പ്രസാദിച്ചിരിക്കുന്നത്? ഈ ചോദ്യത്തിന് ഉത്തരം കാണുവാൻ നാം ഈശോയുടെ മാമ്മോദീസാ സ്ഥലത്തേയ്ക്ക് പോകണമെന്നാണ് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുന്നത്. യോർദാനിൽ ഈശോ സ്നാനം സ്വീകരിച്ചപ്പോൾ സ്വർഗ്ഗത്തിൽനിന്നും ഒരു സ്വരമുണ്ടായി: “നീ എന്റെ പ്രിയപുത്രനാകുന്നു. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” (ലൂക്കാ 4:22). ഈശോയിലാണ് ദൈവം പ്രസാദിച്ചിരിക്കുന്നത്. അവിടുന്നാണ് ദൈവപ്രസാദമുള്ളയാൾ. പിതാവിങ്കലേയ്ക്ക് സദാ ഉന്മുഖനായിരുന്നുകൊണ്ട് പിതൃഹിതം നിറവേറ്റിയത് ഈശോയാണ്. ഈശോയുടെ മനോഭാവം

സ്വീകരിച്ച്, ഈശോയോട് അനുരൂപപ്പെടുന്നവരാണ് ദൈവപ്രസാദമുള്ളവർ. കുരിശുമരണംവരെ അനുസരണമുള്ള വനായിരുന്നുകൊണ്ട് തന്നെത്തന്നെ താഴ്ത്തിയ മിശിഹായുടെ മനോഭാവം നിങ്ങൾക്കും ഉണ്ടാകട്ടെ (ഫിലി 2:5-8) യെന്ന് വിശുദ്ധ പൗലോസ് എഴുതുന്നുണ്ടല്ലോ.

സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ അംഗീകരി ക്കുകയും അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് പോരായ്മയായി കരുതുന്ന അനേകരുടെ മദ്ധ്യേയാണ് നാം ജീവിക്കുന്നത്. ആസക്തികളെയും അഭിനിവേശങ്ങളെയും കയറൂരിവിടുന്നതാണ് സ്വാതന്ത്ര്യമെന്നും എളിമയും സദാചാരവുമൊക്കെ പുതിയകാലത്തിന് പറ്റിയതല്ലെന്നും വിചാരിക്കുന്നവരുണ്ട്. സമ്പത്തും സാങ്കേതികവിദ്യയും ചേർന്നുനല്കുന്ന പുരോഗതിയും സുഖസൗകര്യങ്ങളുമൊക്കെ യുണ്ടെങ്കിലും ജീവിതത്തിൽനിന്ന് ശാന്തിയും പ്രത്യാശയും പടിയിറങ്ങിപ്പോയാൽ എന്തുപ്രയോജനം? നോമ്പും പ്രാർത്ഥ നയും ജീവിതനവീകരണവുംവഴി നമ്മൾ ദൈവപ്രസാദമുള്ള വരായിമാറണം. നമ്മുടെ വിശ്വാസപാരമ്പര്യമനുസരിച്ച് മത്സ്യമാംസാദികളും ഇതര ഇഷ്ടഭോജ്യങ്ങളും വർജ്ജിച്ചു കൊണ്ട് നമുക്ക് പിറവിത്തിരുനാളിനൊരുങ്ങാം.

ദൈവത്തിന്റെ സ്നേഹമാണ് മനുഷ്യാവതാരത്തിൽ വെളിപ്പെട്ടതെന്ന് വി. യോഹന്നാൻശ്ലീഹാ പഠിപ്പിക്കുന്നു. തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). തന്റെ ഏകപുത്രൻവഴി നാം ജീവിക്കേണ്ടതിന് ദൈവം അവനെ ലോകത്തിലേയ്ക്കയച്ചു. അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു (1 യോഹ 4:9).

ദൈവം നൽകിയ പുത്രനെ സ്വീകരിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. ദൈവം സ്നേഹപൂർവം നീട്ടുന്ന സമ്മാനത്തോടുള്ള മനുഷ്യന്റെ പ്രതികരണം അതായിരിക്കണമല്ലോ. തന്നെ സ്വീകരിച്ച സകലർക്കും - തന്റെ നാമത്തിൽ വിശ്വാസമർപ്പിക്കുന്ന സകലർക്കും - ദൈവമക്കളാകാനുള്ള അവകാശം അവിടുന്ന് നല്കി (യോഹ 1:12). സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം ലോകത്തിലേയ്ക്ക് വന്നപ്പോൾ അതിനെതിരേ മുഖം തിരിച്ചുനിന്നവരുടെയും പ്രകാശത്തെ ഊതിക്കെടുത്തുവാൻ പരിശ്രമിച്ചവരുടെയും ചിത്രവും സുവിശേഷം അവതരിപ്പിക്കുന്നുണ്ടല്ലോ.

മനുഷ്യാവതാരത്തിലൂടെ സ്വയം ദാനമായി നല്കിയ അത്യുദാരമായ ദൈവസ്നേഹത്തിന് നാം പ്രത്യുത്തരം നല്കേണ്ടത് നമ്മുടെ ജീവിതവഴികളിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും നക്ഷത്രവിളക്കുകൾ പ്രകാശിപ്പിച്ചുകൊണ്ടാണ്. പുൽക്കൂട്ടിലെ ഉണ്ണിയീശോ ഔദാര്യത്തിലേയ്ക്കും ഹൃദയവിശാലതയിലേയ്ക്കും നമ്മെ ക്ഷണിക്കുന്നു.

പുൽക്കൂടിനെക്കുറിച്ചും മാലാഖമാരെക്കുറിച്ചുമൊക്കെ ചിന്തിക്കുന്ന ഈ നാളുകളിൽ നമ്മുടെ രൂപതയിൽ ചെങ്കൽ 19-ാം മൈലിൽ പ്രവർത്തിക്കുന്ന എയ്ഞ്ചൽസ് വില്ലേജ് എന്ന സ്ഥാപനത്തെക്കുറിച്ച് നിങ്ങളെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ വിവിധതരത്തിലുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി നമ്മുടെ രൂപത നടത്തുന്ന പഠന-പരിശീലന കേന്ദ്രമാണത്. ഭിന്നശേഷിക്കാരായ കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും ചേർത്തുനിർത്തുക നമ്മുടെ വലിയ ഉത്തരവാദിത്വമാണല്ലോ. 324 കുട്ടികളും 81 ജീവനക്കാരുമാണ് ഇപ്പോൾ അവിടെയുള്ളത്. 83 കുട്ടികൾ ബോർഡിംഗിൽ

താമസിക്കുന്നു. 'സദ്ഗമയാ' എന്ന പേരിൽ 2025 ജനുവരി മാസത്തിൽ വിപുലമായ ഒരു എക്സിബിഷൻ നടത്തുവാനുള്ള ഒരുക്കങ്ങൾ അവിടെ നടന്നുവരുന്നു. നോമ്പിന്റെ ചെറിയ മാറ്റിവയ്ക്കലിലൂടെ എയ്ഞ്ചൽസ് വില്ലേജിന് പിന്തുണ നല്കാൻ കഴിഞ്ഞാൽ അതൊരു വലിയ സഹായമായിരിക്കും. ഒപ്പം, ജീവിതത്തിന് വലിയ പ്രചോദനമായിത്തീരാനിടയുള്ള പ്രസ്തുത എക്സിബിഷനിൽ പങ്കെടുക്കുവാൻ ഏവരും ശ്രദ്ധിക്കുമല്ലോ.

ക്രിസ്മസ് ദൈവമാതാവിന്റെ തിരുനാൾ കൂടിയാണ്. മംഗളവാർത്തക്കാലംപോലെ പരിശുദ്ധ കന്യകാമറിയത്തിന് ഇത്രയധികം പ്രാധാന്യമുള്ള മറ്റൊരു ആരാധനാവത്സര കാലമില്ല. മറിയത്തിന്റെയും യൗസേപ്പിന്റെയും ഭവനത്തിൽ ഈശോ വന്നു വസിച്ചപ്പോൾ അത് തിരുക്കുടുംബമായി. കുടുംബബന്ധങ്ങളുടെ ഊഷ്മളതയും അയൽപക്കസൗഹൃദങ്ങളുമെല്ലാം പരിപോഷിപ്പിക്കുവാൻ നമ്മുടെ ക്രിസ്മസ് ആഘോഷങ്ങൾ ഇടയാക്കട്ടെ. ക്രിസ്മസ് ആശംസകളും ക്രിസ്മസ് സന്ദർശനങ്ങളും ക്രിസ്മസ് സമ്മേളനങ്ങളുമെല്ലാം അതിന് വഴിയൊരുക്കും. സർവ്വജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷവാർത്തയാണല്ലോ ഈശോയുടെ തിരുപ്പിറവി. നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളിൽ അകത്തോലിക്കരും അക്രൈസ്തവരുമായ സഹോദരങ്ങളെക്കൂടി ഉചിതമായവിധം ഉൾക്കൊള്ളിക്കുവാൻ സാധിക്കുന്നത് അഭികാമ്യമായിരിക്കും.

ജോലിക്കും പഠനത്തിനുമൊക്കെയായി ദൂരേയ്ക്ക് പോയിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവർ പലരും മടങ്ങിയെത്തുന്ന സന്ദർഭമാണല്ലോ ക്രിസ്മസ് ദിനങ്ങൾ. സ്വന്തക്കാരോടൊപ്പം സ്വന്തം നാട്ടിൽ ക്രിസ്മസ് ആഘോഷിക്കാനെത്തുന്ന അവരെ നമുക്കു സന്തോഷപൂർവം സ്വാഗതം ചെയ്യാം. യുവജനങ്ങൾക്കും

മറ്റും ഒന്നിച്ചുകൂടാൻ ഇടവകയിലും കുടുംബക്കൂട്ടായ്മകളിലും വേദിയൊരുക്കുന്നത് നന്നായിരിക്കുമല്ലോ.

നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളിൽ ലാളിത്യവും കുലീനതയും പരിസ്ഥിതിസൗഹൃദവും നിഴലിക്കട്ടെ. നക്ഷത്രവിളക്കുകളും പുൽക്കൂടും അലങ്കാരവസ്തുക്കളുമെല്ലാം പ്രകൃതിക്ക് ഇണങ്ങിയവയാണെന്നും അവ പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുന്നില്ലെന്നും ഉറപ്പാക്കിക്കൊണ്ട് നമുക്ക് മാതൃകാപരമായി പ്രവർത്തിക്കാം.

നമുക്കു ചുറ്റുമുള്ള പാവങ്ങളോടും വേദനിക്കുന്നവരോടുമുള്ള കരുതൽ നോമ്പിന്റെയും പിറവിക്കാലത്തിന്റെയും പ്രായോഗിക ചൈതന്യമായിത്തീരട്ടെ. മംഗളവാർത്തക്കാലത്തിന്റെ കൃപയും സന്തോഷവും നമ്മോടുകൂടെയുണ്ടാകട്ടെ. പ്രശാന്തമായ പിറവിത്തിരുനാളും പ്രത്യാശാനിർഭരമായ പുതുവത്സരവും നിങ്ങൾക്കേവർക്കും ആശംസിക്കുന്നു. പുൽത്തൊഴുത്തിൽ പിറന്ന ദിവ്യഉണ്ണി നമ്മുടെ ഹൃദയങ്ങളിൽ പ്രകാശം വിതറുകയും കുടുംബങ്ങളിൽ ശാന്തി നിറയ്ക്കുകയും ചെയ്യട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നമേവരോടും കൂടെയുണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
25-11-2024

NB : ഈ ഇടയലേഖനം 2024 ഡിസംബർ 1-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

CL No. 03/24

# സർക്കുലർ

## തിരുക്കുടുംബദിനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പിറവിത്തിരുനാളിനുശേഷം വരുന്ന ഞായറാഴ്ച തിരുക്കുടുംബത്തിന്റെ തിരുനാൾ നാം ആചരിക്കുകയാണല്ലോ. ഈശോയുടെയും മറിയത്തിന്റെയും യൗസേപ്പിന്റെയും സന്തോഷം നിറഞ്ഞ കുടുംബം ഭൂമിയിലെ എല്ലാ കുടുംബങ്ങൾക്കും എക്കാലത്തും മാതൃകയും പ്രചോദനവുമാണ്.

കുടുംബങ്ങൾ അനുഭവിക്കുന്ന സ്നേഹത്തിന്റെ ആനന്ദം സഭയുടെ ആനന്ദമാണ് എന്നു പറഞ്ഞുകൊണ്ടാണ് ഫ്രാൻസീസ് മാർപ്പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന ശ്ലൈഹിക പ്രബോധനം ആരംഭിക്കുന്നത് (AL, 1). ഈ ആനന്ദം കുടുംബങ്ങളിൽ നിന്ന് നഷ്ടമാകുവാൻ ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. നല്ല ക്രിസ്തീയ കുടുംബം ഭൂമിയിൽ ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നുവെന്ന് 150 വർഷങ്ങൾക്ക് മുൻപ് വി. ചാവറ കുര്യാക്കോസച്ചൻ എഴുതുകയുണ്ടായല്ലോ.

ഏതെങ്കിലുമൊരു കുടുംബത്തിൽ അംഗമായിരുന്നുകൊണ്ടാണ് സഭയിലും സമൂഹത്തിലും നാം അംഗങ്ങളായിരിക്കുന്നത്. മനുഷ്യൻ ജനിക്കുന്നതും മനുഷ്യനായി ജീവിക്കുന്നതിന് ആവശ്യകമായ മാനുഷിക മൂല്യങ്ങൾ അഭ്യസിക്കുന്നതും കുടുംബത്തിലാണ്. കുഞ്ഞുങ്ങളുടെ ആദ്യത്തെ ദൈവാലയവും ആദ്യത്തെ വിദ്യാലയവും കുടുംബംതന്നെ. സ്നേഹവും ശുശ്രൂഷയും കരുണയും പരിഗണനയും ക്ഷമയുമൊക്കെ എന്താണെന്ന് മനുഷ്യൻ അനുഭവിച്ചറിയുന്നത് കുടുംബത്തി

ലാണ്. ജീവിതത്തിൽ എന്തുതന്നെ നേടാൻ കഴിഞ്ഞാലും സ്വന്തം കുടുംബത്തോടൊപ്പം ആഹ്ലാദം പങ്കുവയ്ക്കുവാൻ കഴിയുന്നില്ലെങ്കിൽ ആ വിജയങ്ങളുടെയും നേട്ടങ്ങളുടെയുമെല്ലാം തിളക്കം കുറയുകതന്നെ ചെയ്യും.

തിരുക്കുടുംബത്തിലെ അംഗങ്ങൾ ഓരോരുത്തരുടെയും സ്വഭാവവും പെരുമാറ്റവും എപ്രകാരമായിരുന്നുവെന്ന് സുവിശേഷം ചുരുങ്ങിയ വാക്കുകളിൽ പ്രതിപാദിക്കുന്നുണ്ട്. അവിടെ കുടുംബനാഥൻ നീതിമാനായിരുന്നു. കുടുംബനാഥ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചിരുന്നു. ബാലനായ ഈശോയാകട്ടെ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ സംപ്രീതിയിലും വളർന്നുവന്നു. വിശ്വസ്തതയും സൗഹൃദവും ഹൃദയനൈർമ്മല്യവുമൊക്കെയായിരുന്നു ആ ഭവനത്തിലെ സമ്പാദ്യങ്ങൾ. തിരുക്കുടുംബത്തിലെ ഓരോ അംഗവും മറ്റുരണ്ടുപേർക്കും ഒരനുഗ്രഹമായി ജീവിച്ചു.

ഭൂമിയിലെ സ്വർഗ്ഗമാകേണ്ട നമ്മുടെ കുടുംബങ്ങൾ ധാർമ്മികവും സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ നിരവധി പ്രതിസന്ധികളെയും വെല്ലുവിളികളെയും ഇന്ന് നേരിടുന്നുണ്ട്. സമകാലിക ചിന്താഗതികളും പുത്തൻസംസ്കാരവും പലപ്പോഴും കത്തോലിക്കാ വിശ്വാസങ്ങൾക്കും പ്രബോധനങ്ങൾക്കും എതിരാണ്. പല കുടുംബങ്ങളിലും വിശ്വാസം ക്ഷയിക്കുകയും സ്നേഹം തണുത്തുറഞ്ഞുപോവുകയും പ്രത്യാശ മന്ദീഭവിക്കുകയും ചെയ്തിട്ടുണ്ട്. സന്തോഷത്തിന്റെ വീഞ്ഞ് തികയാതെ വരുന്ന കുടുംബങ്ങളുടെ എണ്ണം പെരുകിവരുന്നു. ഈശോയും ശിഷ്യന്മാരും ക്ഷണിക്കപ്പെടാതിരിക്കുകയും പരിശുദ്ധ

അമ്മയുടെ സാന്നിദ്ധ്യം ഇല്ലാതിരിക്കുകയും ചെയ്യുന്ന വീട്ടകങ്ങളിൽ നേർവഴി ചൊല്ലാനും മാദ്ധ്യസ്ഥ്യം വഹിക്കാനും ദൈവകൃപയുടെ പുതുവീഞ്ഞ് നിറയ്ക്കാനും ആരും ഇല്ലാതെ പോകുന്ന അവസ്ഥയുണ്ട്.

അംഗബലം കുറയുന്നതുകൊണ്ടും അന്യദേശത്തേയ്ക്ക് പലായനം ചെയ്യുന്നതുകൊണ്ടും നമ്മുടെ പല കുടുംബങ്ങളും അന്യം നിന്നുപോകുന്ന സാഹചര്യമുണ്ട്. തങ്ങളുടെ വ്യക്തി സ്വാതന്ത്ര്യം ഹനിക്കപ്പെടുമെന്നും ഭാവിസാദ്ധ്യതകൾ തടസ്സപ്പെടുമെന്നും കരുതി കുടുംബജീവിതം ആരംഭിക്കാൻ പോലും ഭയപ്പെടുന്ന യുവജനങ്ങളുണ്ട്. സത്യവിശ്വാസവും ക്രൈസ്തവ മൂല്യങ്ങളും മക്കൾക്ക് കൈമാറുന്നതിലും സ്വന്തം ജീവിതവും പ്രവൃത്തികളുംവഴി അവരുടെ മുമ്പാകെ ക്രിയാത്മക മാതൃകകളായി വർത്തിക്കുന്നതിലും പരാജയപ്പെടുന്ന മാതാപിതാക്കളേറെയുണ്ട്.

സ്മാർട്ട് ഫോൺ പോലുള്ള ആധുനിക ഉപകരണങ്ങൾ വിദൂരതയിൽ ആയിരിക്കുന്നവരെ തമ്മിൽ അടുപ്പിക്കുവാൻ ഉപകരിക്കുന്നു. അതേസമയം തന്നെ അവയുടെ അമിതോപയോഗം അടുത്തുള്ളവരെ, ഒരുപക്ഷേ ഒരേ വീട്ടിൽതന്നെയുള്ളവരെ, തമ്മിൽ അകറ്റാനും ഒറ്റപ്പെട്ട ദ്വീപുകളാക്കാനും കഴിവുള്ള വയാണെന്ന് നാം തിരിച്ചറിയണം. വിവിധതരം ലഹരികളുടെയും ആസക്തികളുടെയും അടിമകളാകുന്ന ബാല്യവും കൗമാരവും യൗവനവും നമ്മെയെല്ലാം സങ്കടപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങളാണ്. മാന്യമായ ഭൗതികസാഹചര്യങ്ങളുടെ അഭാവവും കടക്കെണികളും പല കുടുംബങ്ങളിൽനിന്നും സന്തോഷവും സമാധാനവും അപ്രത്യക്ഷമാക്കുന്നുണ്ട്.

സങ്കീർണ്ണമായ ഈ പശ്ചാത്തലത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ ഫാമിലി അപ്പസ്തോലേറ്റിന്റെ 2025 വർഷത്തെ

ആപ്തവാക്യമായി 'കുടുബം: ദൈവിക പുണ്യങ്ങളുടെ വിളനിലം' എന്ന ചിന്ത സ്വീകരിക്കുകയാണ്. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണല്ലോ ദൈവികപുണ്യങ്ങൾ. മനുഷ്യന്റെ പരിശ്രമം കൊണ്ട് നേടാവുന്നവ എന്നതിനേക്കാൾ ദൈവത്തിന്റെ കൃപയും ദാനവുമാണ് ഈ പുണ്യങ്ങൾ ഓരോന്നും. തന്മൂലം അവ ദൈവികപുണ്യങ്ങൾ എന്ന് അറിയപ്പെടുന്നു.

'നിലനില്ക്കുന്നവ ഇവ മൂന്നുമാണ്: വിശ്വാസം, പ്രത്യാശ, സ്നേഹം, എങ്കിലും ഇവയിൽ ഏറ്റവും ശ്രേഷ്ഠമായത് സ്നേഹം തന്നെ' (1 കൊറി 13:13) എന്ന് വി. പൗലോസ് എഴുതുന്നുണ്ടല്ലോ. "നിയമത്തിലെ ഏറ്റവും വലിയ കല്പന ഏത്?" എന്ന നിയമപണ്ഡിതന്റെ ചോദ്യത്തിന് കർത്താവ് കൊടുക്കുന്ന മറുപടി "സ്നേഹിക്കുക" എന്നാണ് (മത്താ 22:34-40). സ്നേഹിക്കാനുള്ള കല്പനയിൽ വിശ്വാസവും പ്രത്യാശയും ഉൾച്ചേർന്നിട്ടുണ്ട്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നവർക്കാണ് യഥാർത്ഥത്തിൽ സ്നേഹിക്കാൻ കഴിയുന്നത്. സ്നേഹത്തിന്റെ പ്രമാണം പൂർത്തിയാക്കുന്നവർ ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കണം.

വിശ്വാസവും പ്രത്യാശയും സ്നേഹവും നിറഞ്ഞ കുടുംബങ്ങളിൽ തിരുനാമസ്തുതികളുയരും. നിസ്സംഗതയ്ക്കും മന്ദോഷ്ണതയ്ക്കും അവിടെ സ്ഥാനമില്ല. കോപവും അസൂയയും സ്വാർത്ഥതയും അഹങ്കാരവുമെല്ലാം ആ വീട്ടിൽ നിന്നിറങ്ങിപ്പോകും. കാറ്റിനെയും കടലിനെയും ശാന്തമാക്കിയ വൻ തങ്ങളുടെ ജീവിതത്തോണിയിലുണ്ട് എന്ന് ഉറപ്പുള്ള തിനാൽ ആ ഭവനത്തിൽ എല്ലാ സാഹചര്യങ്ങളിലും പ്രത്യാശയുടെ വെളിച്ചം അണയാതെ നില്ക്കും.

നമ്മുടെ രൂപതയിൽ മാതൃവേദി ആരംഭിച്ചിട്ട് 30 വർഷവും പിതൃവേദി രൂപീകൃതമായിട്ട് 25 വർഷവും പൂർത്തിയാവുകയാണ്. മാതൃവേദിയിലും പിതൃവേദിയിലും സജീവമായി സഹകരിച്ചു കൊണ്ട് നമുക്ക് മുന്നോട്ട് പോകാം. രൂപതയുടെ കുടുംബ പ്രേഷിതപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരെ അഭിനന്ദിക്കുകയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു. പരിശുദ്ധകൂദാശകളുടെ സ്വീകരണത്തിലൂടെയും വിശ്വാസ നവീകരണത്തിലൂടെയും നമ്മുടെ കുടുംബങ്ങളെ വിശ്വാസവും പ്രത്യാശയും സ്നേഹവും നിറയുന്ന ഗാർഹിക സഭകളാക്കി മാറ്റുവാനുള്ള നമ്മുടെ പരിശ്രമങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. തിരുക്കുടുംബ തിരുനാളിന്റെ അനുഗ്രഹങ്ങളും മംഗളങ്ങളും എല്ലാവർക്കും നേരുന്നു.

മിശിഹായിൽ സ്നേഹപൂർവം

മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി രൂപതാമെത്രാൻ

കാഞ്ഞിരപ്പള്ളി

25-11-2024

NB : ഈ സർക്കുലർ 2024 ഡിസംബർ 15-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ട താണ്.

No. 4063/K-5/KCBC/OL/DS

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും

# സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ 2025 ജൂബിലി വർഷത്തിലേക്ക് ആഗോളസഭ പ്രവേശിക്കുന്നു. ക്രിസ്തുമസ് രാവിനെ വരവേൽക്കുവാൻ ഡിസംബർ മാസംമുഴുവൻ ബൈബിൾ പാരായണമാസമായും, ഡിസംബർ 22 "ബൈബിൾ ഞായറായും" ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭയും ഒരുങ്ങുകയാണ്. കേരളസഭ മറ്റൊരു അപൂർവമായ ഒരു ജൂബിലി നേട്ടത്തിലേക്ക് പ്രവേശിക്കുന്നു. ലോകത്തിലെതന്നെ ഏറ്റവും വലിയതെന്നു കരുതപ്പെടുന്ന ലോഗോസ് ദൈവവചന ക്വിസ്സിന്റെ 25 വർഷം പൂർത്തീകരിക്കുന്നു.

വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 5,5ൽനിന്നുള്ള "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" 'spes non confudit' എന്ന തിരുവചനമാണ് 2025 ജൂബിലി വർഷത്തിലെ തിരുവെഴുത്തിന്റെ കേന്ദ്രവിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്നത്. ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള സുനിശ്ചിതാവസ്ഥ ഏത് പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യാമെന്നുള്ള പ്രത്യാശ നമുക്കു പകരും. ജൂബിലിയെന്നുള്ളത് നമ്മുടെ രക്ഷയുടെ 'കവാടമായ' (cf യോഹ 10,7-9) യേശുക്രിസ്തുവുമാ

യുള്ള യഥാർഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസരമാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) ക്രിസ്തുവിനെ പ്രഘോഷിക്കുകയാണ് സഭയുടെ ഉത്തരവാദിത്വം. നാളെ എന്തായിരിക്കും എന്ന അനിശ്ചിതത്വം മനസിൽ നിറയുമ്പോഴും എല്ലാം നന്മയ്ക്കായി ഭവിക്കും (റോമാ 8,28) എന്ന "പ്രത്യാശ" നമ്മെ വഴിനടത്തുന്നു. ഈ "പ്രത്യാശ" ക്രിസ്തുവാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) യേശുക്രിസ്തുവിനെ കണ്ടെത്തുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു.

ക്രൈസ്തവജീവിതം ഈ പ്രത്യാശയെ കണ്ടെത്തുന്നതിനും അനുഭവിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള കൂടുതൽ തീക്ഷ്ണമായ നിമിഷങ്ങൾ ആവശ്യപ്പെടുന്ന ഒരു യാത്രയാണ്. "കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ, കർത്താവിന് വേണ്ടി കാത്തിരിക്കുവിൻ" (സങ്കീ 27,14) എന്ന സങ്കീർത്തനവചനം തീർഥാടകരായ ഓരോ വിശ്വാസിക്കും പ്രതീക്ഷയുടെ വെളിച്ചമാകട്ടെ. ആരെയും നിരാശപ്പെടുത്താത്ത നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് എല്ലാവരേയും കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ദൈവവചനത്തെ ഹൃദയത്തിൽനിറച്ച് ഈ വർഷത്തെ ബൈബിൾ പാരായണമാസത്തെയും ജൂബിലി വർഷത്തെയും നമുക്ക് വരവേൽക്കാം. പ്രത്യാശ മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവിക്കായി ദൈവവചന പാരായണ മാസത്തിലൂടെ, നമുക്ക് ഒരുങ്ങാം. "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" എന്ന തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യാശയുടെ കാരണം കണ്ടെത്താൻ ദൈവവചന

പാരായണത്തിലൂടെയും വചന വിചിന്തനത്തിലൂടെയും നമുക്കു പരിശ്രമിക്കാം.

**കേരള കത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പസ്തോലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞു നില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. ഈ ജൂബിലി വർഷത്തിൽ വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പി.ഒ.സി. ബൈബിൾ സമ്പൂർണ്ണമായി പരിഷ്ക്കാരം നടത്തി പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ഇപ്പോൾ കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവിബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് വിപുലമാക്കിയിട്ടുണ്ട്. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യ ആക്കാനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേര

ഉസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലും ഇപ്പോൾ മുന്നേറുകയാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 22-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടും കൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരു ശരീരമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾ സഹായകമാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ ജൂബിലിവർഷത്തിലേക്ക് കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. 2025ലെ 25-ാമത് ലോഗോസ് ക്വിസ് എല്ലാ രൂപതകളും ഇടവകകളും കുടുംബക്കൂട്ടായ്മകളും യുവജനങ്ങളും വേദപാഠവിദ്യാർഥികളും ഒന്നുചേർന്ന് വിജയമാക്കണമെന്ന് താല്പര്യപ്പെടുന്നു. കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്.

ദൈവവചന പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ പ്രവാചകരായി ഈ വരുന്ന ജൂബിലിയെ എതിരേൽക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, പ്രത്യാശ നമ്മിൽ നിറയ്ക്കുന്ന മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

NB: 2024 ഡിസംബർ 22-ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 1133/2024

# സർക്കുലർ

## സീറോമലബാർ പ്രേഷിതവാരാചരണം 2025

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

2025 ജനുവരി 6 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ സീറോമലബാർസഭയിൽ പ്രേഷിത വാരം ആചരിക്കുകയാണല്ലോ. നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പരിചയപ്പെടുന്നതിനും പ്രേഷിതരെ നന്ദിയോടെ ഓർക്കുന്നതിനും പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കുന്നതിനുള്ള സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രേഷിതർക്കും പ്രേഷിത പ്രവർത്തനങ്ങൾക്കുംവേണ്ടി പ്രാർഥിക്കുന്നതിനും വേണ്ടിയാണ് ഈ പ്രേഷിതവാരം വർഷങ്ങളായി നമ്മൾ ആചരിച്ചുവരുന്നത്.

മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതയും പ്രേഷിതനുമാണ്. ഈശോയാണ് ഈ പ്രേഷിതാത്മകതയുടെ ശ്രോതസ്സ്. ഈശോയുടെ മൗതികശരീരമായ തിരുസഭ, അവിടത്തെ ദൗത്യമാണ് തുടർന്നുകൊണ്ടിരിക്കുന്നത്. ഈശോ ശിഷ്യന്മാരോടു കല്പിച്ച കാര്യങ്ങൾ - പോവുക, സുവിശേഷംപ്രസംഗിക്കുക, ശിഷ്യപ്പെടുത്തുക, സ്നാനപ്പെടുത്തുക,

പഠിപ്പിക്കുക, കൂദാശകളിലൂടെ വിശുദ്ധീകരിക്കുക, നയിക്കുക, നന്മ ചെയ്തു ചുറ്റിസഞ്ചരിക്കുക, പ്രാർഥനയിൽ ദൈവൈക്യപ്പെടുക, ഐക്യത്തിൽ സമൂഹമായിരിക്കുക - എന്നിവ ചെയ്യുമ്പോൾ നമ്മൾ പ്രേഷിതപ്രവർത്തനമാണു നടത്തുന്നത്.

വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: 'ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു' (1:1). താൻ കണ്ടതും കേട്ടതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെയാണു നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ നമ്മോടു പ്രഘോഷിച്ചതും നമുക്കു പകർന്നുതന്നതും. ആകയാൽ, പ്രേഷിതചൈതന്യം സ്വന്തമാക്കാൻ നാം ആദ്യം ചെയ്യേണ്ടത് ഈശോയെ വ്യക്തിപരമായി കണ്ടെത്തുകയും അനുഭവിക്കുകയുംചെയ്യുക എന്നുള്ളതാണ്.

ദൈവാനുഭവമുള്ള വ്യക്തി തന്റെ സഹോദരങ്ങളിൽ ദൈവത്തെ നിശ്ചയമായും കണ്ടെത്തുന്നു. ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ഇഴയടുപ്പം യോഹന്നാൻ ശ്ലീഹാ ഇപ്രകാരം അവതരിപ്പിക്കുന്നു: 'കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല' (1 യോഹ. 4:20). ദൈവവചനത്തിലൂടെയും പ്രാർഥനയിലൂടെയും കൂദാശകളിലൂടെയും ദൈവവുമായുള്ള ഐക്യം പ്രാപിക്കുന്നതിന്റെ പ്രകാശനവും പ്രതിഫലനവുമായിരിക്കണം നമ്മുടെ ശുശ്രൂഷാമേഖലകൾ. ഈശോയുടെ മുഖം അപരനിൽ കണ്ടുമുട്ടുന്ന സാഹചര്യങ്ങളും

സാദ്ധ്യതകളുമാണ് നമ്മുടെ സ്ഥാപനങ്ങൾ. സീറോമല ബാർസഭയിൽ നമുക്കു ധാരാളം സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപ നങ്ങളെല്ലാം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും കേന്ദ്രങ്ങളായി മാറുമ്പോഴാണ് അവ മറ്റുള്ളവർക്ക് സുവിശേഷ മായി മാറുന്നത്. ഈ മേഖലയിൽ ഫലപ്രദമായ സാക്ഷ്യം നല്കാൻ നമുക്ക് സാധിക്കുന്നുണ്ടോയെന്നത് ആത്മപരിശോധ നയുടെ വിഷയമാണ്.

പ്രേഷിതപ്രവർത്തനം ആരുടെ ഉത്തരവാദിത്വമാണ് എന്നത് ഗൗരവകരമായ വിശകലനം ആവശ്യമുള്ള ചോദ്യമാ ണ്. ശുശ്രൂഷാപൗരോഹിത്യം പ്രത്യേകമായി സ്വീകരിച്ചിരിക്കുന്ന മെത്രാന്മാരും വൈദികരും ഡീക്കന്മാരും, പൊതുപൗരോഹിത്യം മാമ്മോദീസായിലൂടെ സ്വീകരിച്ചിരിക്കുന്ന സമർപ്പിതരും അല്മാ യരും ഒന്നിച്ച് പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതരാകണമെ ന്നതാണു തിരുസഭ ആഗ്രഹിക്കുന്നത്. പ്രേഷിതവേല വൈദി കർക്കും സമർപ്പിതർക്കുംവേണ്ടി മാത്രമുള്ളതല്ല, മാമ്മോദീസ സ്വീകരിച്ച എല്ലാവരും സ്വീകരിക്കേണ്ട ജീവിതദൗത്യമാണത്.

വൈദികരും സമർപ്പിതരും പ്രേഷിതവേലക്കായി സമയം പൂർണമായും മാറ്റിവക്കുമ്പോൾ അല്മായർക്ക് എപ്രകാരമാണ് ഈ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകാൻ സാധിക്കുന്നത് എന്ന് 2024 ആഗസ്റ്റ് മാസത്തിൽ നടന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി വിചിന്തനംചെയ്യുകയുണ്ടാ യി. പ്രേഷിതർക്കും പ്രേഷിതപ്രവർത്തനങ്ങൾക്കുംവേണ്ടി നിര ന്തരം പ്രാർഥിക്കാനും പ്രായശ്ചിത്തപ്രവൃത്തികൾ കാഴ്ചവ യ്ക്കാനും അല്മായർക്കും സാധിക്കുമെന്നതു വലിയ പ്രേഷിതപ്രവർത്തനമായി അസംബ്ലി എടുത്തുപറയുകയു

ണ്ടായി. നമുക്കു ചുറ്റുമുള്ള സാഹചര്യങ്ങൾ നിസ്വാർഥമായ പ്രേഷിത ഇടപെടലുകൾ ആവശ്യപ്പെടുന്നുണ്ട്. ഇവയ്ക്കായി സമയവും സമ്പത്തും മാറ്റിവയ്ക്കാൻ തങ്ങളുടെ ജീവിതാവസ്ഥ യിൽനിന്നുകൊണ്ട് അല്മായർക്കും സാധിക്കുന്നതാണ്. നമ്മുടെ സഭ പ്രവാസികളുടെ സഭയായി മാറിക്കൊണ്ടിരിക്കുന്ന സാഹ ചര്യത്തിൽ വിവിധ ജോലികൾക്കായി സ്വന്തം ജന്മദേശം വിട്ട് സ്വദേശത്തെ മറ്റു സ്ഥലങ്ങളിലും വിദേശങ്ങളിലും പോകുന്ന വർ ഒരു പ്രേഷിതസമൂഹമായി പരിണമിക്കേണ്ടിയിരിക്കുന്നു. പ്രവാസലോകത്തുള്ള നമ്മുടെ സഭാംഗങ്ങളുടെ വിശ്വാസജീ വിതംതന്നെ വലിയ ഒരു പ്രേഷിതസാക്ഷ്യമാണ്. ക്രൈസ്തവമൂല്യങ്ങൾ മുറുകെപ്പിടിക്കുന്ന കുടുംബജീവിതവും തങ്ങൾ ആയിരിക്കുന്ന സ്ഥലത്തുള്ള ഇടവകാജീവിതവും പ്രവാ സികളുടെ പ്രേഷിതസാക്ഷ്യത്തിന്റെ അടിസ്ഥാനപരമായ ആദ്യ പടിയാണ്. തങ്ങളായിരിക്കുന്നയിടങ്ങളിൽ സുവിശേഷത്തിന്റെ പ്രേഷിതരാകാൻ എല്ലാ പ്രവാസിമക്കളോടും ഈ സന്ദർഭത്തിൽ ഞാൻ ആഹ്വാനംചെയ്യുന്നു.

സീറോമലബാർസഭയുടെ എല്ലാ മിഷൻരൂപതകളും പ്രത്യേ കമായ വിധത്തിൽ നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനമേ ഖലകളാണ്. ഇവിടങ്ങളിലെല്ലാം വിദ്യാഭ്യാസം, ആതുരസേവ നം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ വലിയ സേവന സാധ്യതകളാണ് നിലനില്ക്കുന്നത്. ഈ പ്രദേശങ്ങളിലേക്ക് അധ്യാപകരായും നേഴ്സുമാരായും ഡോക്ടർമാരായും മറ്റ് ആരോഗ്യ പ്രവർത്തകരായും സാമൂഹ്യപ്രവർത്തകരായും കടന്നുചെല്ലാൻ അല്മായർക്കും സാധിക്കും. ഈ സാധ്യത സീറോമലബാർസഭയിലെ അല്മായരും മിഷൻ രൂപതകളും വേണ്ടവിധം പ്രയോജനപ്പെടുത്തണം.

പ്രേഷിതപ്രവർത്തനങ്ങളുടെ അടിസ്ഥാനം ഈശോയുടെ സുവിശേഷമാണ്. അതിനാൽ സുവിശേഷം പ്രസംഗിക്കുക എന്ന അടിസ്ഥാനപരമായ ദൗത്യം നിർവഹിക്കാതെ പ്രേഷിത പ്രവർത്തനം പൂർണമാകുകയില്ല. എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാനുള്ള ഈശോയുടെ കല്പന സമകാലിക സമൂഹത്തിൽ നിർവഹിക്കാനുള്ള നൂതനമായ മാർഗമാണ്. മാധ്യമങ്ങളും നവസാമൂഹ്യമാധ്യമങ്ങളും. സോഷ്യൽ മീഡിയയിൽ വളരെയേറെ സമയം ചിലവഴിക്കുന്നവർക്ക്, അവയുടെ ഉപയോഗത്തിൽ കൂടുതൽ വൈദഗ്ധ്യം ഉള്ളവർക്ക്, കൂടുതൽ ഫലപ്രദമായി സുവിശേഷം പങ്കുവയ്ക്കാൻ സാധിക്കും. ഈ മേഖലയിൽ പ്രാവീണ്യമുള്ള എല്ലാവരോടും പ്രത്യേകിച്ച് പ്രിയപ്പെട്ട യുവജനങ്ങളോടും സാമൂഹ്യമാധ്യമങ്ങളിൽ ഈശോയുടെ പ്രേഷിതരാകാൻ സ്നേഹത്തോടെ ആഹ്വാനംചെയ്യുന്നു. മാധ്യമങ്ങളിലൂടെയും നവസാമൂഹ്യമാധ്യമങ്ങളിലൂടെയും സുവിശേഷം വിവിധ രീതികളിൽ പ്രഘോഷിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം വർഷം പ്രത്യേക ജൂബിലിയായി ആഘോഷിക്കുകയാണല്ലോ. ഈ അവസരത്തിൽ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ നമുക്കും പ്രത്യാശയുടെ തീർഥാടകരായ പ്രേഷിതരാകാം. ഫ്രാൻസിസ് മാർപാപ്പ ഈ വർഷത്തെ തന്റെ ആഗോളപ്രേഷിതദിനസന്ദേശത്തിൽ എഴുതിയതു നമ്മുടെ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. കർത്താവു സ്വർഗത്തിൽ നമുക്കായി തയ്യാറാക്കിയിരിക്കുന്ന വിരുന്നിലേക്കു

നമ്മുടെ സഹോദരിസഹോദരന്മാരെ ക്ഷണിക്കുന്ന പ്രേഷിത രാകാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. തന്റെ വിരുന്നിന് ആദ്യം ക്ഷണിക്കപ്പെട്ടവർ വരാതിരുന്നപ്പോൾ തെരുവിൽ കാണുന്ന എല്ലാവരെയും ക്ഷണിക്കാൻ ആളെ അയച്ചവനാണ് നമ്മുടെ ദൈവം. അർഹതയുണ്ട് എന്നു സ്വയം കരുതുന്നവർ അർഹി ക്കുന്ന ക്ഷണം നിഷേധിക്കുമ്പോൾ, അർഹതയില്ല എന്നു കരു തിയിരുന്നവർ ക്ഷണിക്കപ്പെടുകയാണ്. പ്രത്യാശയുടെ സുവി ശേഷമായ ദൈവികവിരുന്നിലേക്കുള്ള ക്ഷണക്കത്ത് നമുക്കു ചുറ്റുമുള്ള പ്രത്യാശ നഷ്ടപ്പെട്ടവരിലേക്ക് എത്തിച്ചുനല്കാൻ ഈ പ്രേഷിതവാരാചരണത്തിലൂടെ സാധിക്കട്ടെ.

സീറോമലബാർസഭ പ്രേഷിതവാരം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഭാരതത്തിലും വിദേശങ്ങളിലും പ്രേഷിത രംഗത്തു ശുശ്രൂഷചെയ്യുന്ന എല്ലാ സഭാമക്കളെയും നന്ദിയോടെ ഓർക്കുകയും അവർക്കു ദൈവികസംരക്ഷണമുണ്ടാകാൻ പ്രാർഥിക്കുകയുംചെയ്യാം. പ്രേഷിതമേഖലകളിൽ തീക്ഷ്ണത യോടെ വ്യാപരിക്കുന്ന രൂപതകളെയും വൈദികരെയും സമർപ്പി തരെയും പ്രത്യേകിച്ച് അല്മായനേതൃത്വത്തിൽ പ്രേഷിതപ്ര വർത്തനംനടത്തുന്ന വിവിധ ഗ്രൂപ്പുകളെയും പ്രത്യേകമായി നമു ക്കനുസ്മരിക്കാം.

ഈ വർഷത്തെ പ്രേഷിതവാരാചരണം ഫലപ്രദമായി ന ടത്താൻ നമ്മുടെ സഭയിലെ എല്ലാ രൂപതകളും സംഘടനകളും സംവിധാനങ്ങളും പ്രത്യേകമായി താത്പര്യമെടുക്കണമെന്നു ഞാനാഗ്രഹിക്കുന്നു. യുവജനങ്ങളും സൺഡേസ്കൂൾ കുട്ടിക ളുമുൾപ്പെടെ എല്ലാവരിലേക്കും മിഷൻചൈതന്യം പകർന്നു നല്കാൻ പര്യാപ്തമായ ആഘോഷപരിപാടികൾ എല്ലായിടവ

കകളിലും സംഘടിപ്പിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻകാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോടു മുൻവർഷങ്ങളിലെന്നതുപോലെ ഉദാരമായി സഹകരിക്കണമെന്നും എല്ലാവരോടും അഭ്യർഥിക്കുന്നു.

എല്ലാവർക്കും പുതുവർഷത്തിൽ സന്തോഷവും സമാധാനവും സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024 നവംബർ 25-ാം തിയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

NB :

1. ഈ സർക്കുലർ 2024 ഡിസംബർ 29-ാം തിയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2025 ഫെബ്രുവരി 20 നു മുമ്പായി എത്തിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. മാർ തെയദോറിന്റെ അനാഫൊറ**

പൗരസ്ത്യ സുറിയാനി സഭയിൽ മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള കാലയളവിൽ വിശുദ്ധ കുർബാനയ്ക്ക് മാർ തെയദോറിന്റെ ക്രമമാണ് ഉപയോഗിച്ചിരുന്നത്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, പരസ്യജീവിതം, പീഡാസഹനം, മരണം എന്നിവ അനുസ്മരിക്കുന്ന മംഗളവാർത്തക്കാലത്തും ദനഹാക്കാലത്തും നോമ്പുകാലത്തും ക്രിസ്തുജ്ഞാനീയപരമായി പ്രാധാന്യമുള്ള ഈ അനാഫൊറ ഉപയോഗിക്കേണ്ടതാണ്.

**2. ഇരുപത്തഞ്ചുനോമ്പ് - വിവാഹാഘോഷം മുടക്ക്**

പിറവിത്തിരുനാളിന് ഒരുക്കമായുള്ള 25 നോമ്പ് ഡിസംബർ 1-ാം തീയതി ഞായറാഴ്ച അർദ്ധരാത്രി മുതൽ ആരംഭിക്കും. ഇക്കാലയളവിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കുന്നതാണ്.

**3. ആരാധനക്രമ വായനകൾ**

മംഗളവാർത്ത ഒന്നാം ഞായർ മുതലുള്ള ആരാധനാവർഷത്തിൽ 1-ാം ഗണം വായനകളുള്ള പ്രഘോഷണഗ്രന്ഥങ്ങളാണ് വിശുദ്ധ കുർബാനയിൽ ഉപയോഗിക്കേണ്ടത്.

**4. രൂപതക്കച്ചേരിക്ക് അവധി**

ക്രിസ്മസിനോടനുബന്ധിച്ച് ഡിസംബർ 24, 25, 26 തീയതികളിൽ രൂപതക്കച്ചേരിക്ക് അവധിയായിരിക്കും.

**5. ബൈബിൾ ഞായർ**

കെ.സി.ബി.സി. നിശ്ചയിച്ചിരിക്കുന്ന ബൈബിൾ ഞായർ 2024

ഡിസംബർ 22-ാം തീയതിയാണ്. ആ ഞായറാഴ്ചയിലെ സ്തോത്ര ക്കാഴ്ച കെ.സി.ബി.സി.യുടെ ബൈബിൾ പ്രേഷിത പ്രവർത്തന ങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതിനാൽ പിരിഞ്ഞുകിട്ടുന്ന തുക 2025 ജനുവരി 15-ാം തീയതിക്കകം രൂപതാ ഫൈനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**6. തിരുക്കുടുംബദിനം**

ക്രിസ്മസ് കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണല്ലോ തിരുക്കുടും ബദിനമായി നമ്മൾ ആചരിക്കുക. ഇപ്രാവശ്യം 2024 ഡിസംബർ 29-ാം തീയതിയാണു തിരുക്കുടുംബദിനം. ഇതു സംബന്ധിച്ച സർക്കുലർ 2024 ഡിസംബർ 15-ാം തീയതി ഞായറാഴ്ച വായിക്കേണ്ടതാണ്. അന്നത്തെ വിശുദ്ധകുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാകുടുംബപ്രേഷിതപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ 2025 ജനുവരി 15 നകം രൂപതാ ഫിനാൻസ് ഓഫീസിൽ അടയ്ക്കേ ണ്ടതാണ്.

**7. മാസധ്യാനവും വൈദികസമ്മേളനവും**

ഈ മാസത്തെ വൈദികരുടെ മാസധ്യാനം 2024 ഡിസംബർ 17-ാം തീയതി ചൊവ്വാഴ്ച സംയുക്തമായി കാഞ്ഞിരപ്പള്ളി കത്തീ ദ്രലിൽ വച്ചും തുടർന്ന് വൈദികസമ്മേളനം പാസ്റ്ററൽ സെന്റർ ഓഡി റ്റോറിയത്തിൽ വച്ചും നടത്തുന്നതാണ്. എല്ലാ വൈദികരും ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**8. ദൈവവിളി ക്യാമ്പ്**

എട്ട്, ഒൻപത്, പത്ത്, പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് വേണ്ടിയുള്ള ദൈവവിളി ക്യാമ്പ് "താബോർ 2024" എന്ന പേരിൽ പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതാണ്. 2024 ഡിസംബർ 26-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 28-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിയോടെ ക്യാമ്പ് അവസാനിക്കുന്ന തായിരിക്കും. താല്പര്യവും യോഗ്യതയുമുള്ള ആൺകുട്ടികളെ സാക്ഷ്യപത്രം നൽകി ബഹു. വികാരിയച്ചന്മാർ ക്യാമ്പിലേയ്ക്ക് പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. ദൈവവിളി കണ്ടെത്തുന്നതിനും

അവ പ്രോത്സാഹിപ്പിക്കുന്നതിനും ബഹു. വൈദികരും സിസ്റ്റേഴ്സും മതാധ്യാപകരും പ്രത്യേകം താല്പര്യം എടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**9. 2023-2024 വർഷത്തെ കണക്ക്**

പള്ളികളിൽ നിന്നും രൂപതാ കേന്ദ്രത്തിൽ അടയ്ക്കുവാനുള്ള രൂപതാവിഹിതം കുടിശ്ശിഖ 2025 ഫെബ്രുവരി 15 ന് മുമ്പായി രൂപതാ ഫൈനാൻസ് ഓഫീസിൽ അടച്ച് സഹായിക്കുമല്ലോ.

**10. മേജർ സെമിനാരി വിദ്യാർത്ഥികളുടെ വർക്ക് ക്യാമ്പ്**

മേജർ സെമിനാരിയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അവധിക്കാല വർക്ക് ക്യാമ്പ് നടത്തപ്പെടുവാനാഗ്രഹിക്കുന്ന ഇടവകകളുണ്ടെങ്കിൽ പെരിയ ബഹുമാനപ്പെട്ട ജോസഫ് വെള്ളമറ്റത്തിലച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**11. രൂപതാ ബുള്ളറ്റിൻ വാർഷിക വരിസംഖ്യ**

രൂപതാബുള്ളറ്റിന്റെ വാർഷിക വരിസംഖ്യ അടയ്ക്കുവാനുള്ളവർ ഡിസംബർ 31-നു മുമ്പായി രൂപതാ ഫിനാൻസ് ഓഫീസിൽ വാർഷിക വരിസംഖ്യയായ 250 രൂപ അടച്ച് തീർക്കേണ്ടതാണ്. മുൻകുടിശ്ശിഖയുള്ളവർ അതും അടച്ചുതീർക്കാൻ ശ്രദ്ധിക്കുമല്ലോ. ഫിനാൻസ് ഓഫീസ് - ഫോൺ : 04828-202600.

**12. ഇടയകൂടാരം**

വൈദിക തുടർപരിശീലനപരിപാടിയായ ഇടയകൂടാരം 2025 ഫെബ്രവരി 3 തിങ്കൾ വൈകുന്നേരം 5 മണി മുതൽ ഫെബ്രവരി 5 ബുധൻ വൈകുന്നേരം 5 മണി വരെ വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ദ്വിദിന പരിശീലന പരിപാടിയിൽ അനുഗ്രഹ റിന്യൂവൽ സെന്ററിൽ താമസിച്ച് പൂർണ്ണമായും പങ്കെടുക്കേണ്ടതിനാൽ ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തേണ്ടതാണ്.

1. റവ. ഫാ. മണക്കാട്ട് വർഗ്ഗീസ്
2. റവ. ഫാ. അയലൂപറമ്പിൽ ഡോമിനിക്ക്

3. റവ. ഫാ. മംഗലത്തിൽ ജോസഫ്
4. റവ. ഫാ. തട്ടാംപറമ്പിൽ ജോസ്
5. റവ. ഫാ. മുതുപ്ലാക്കൽ സെബാസ്റ്റ്യൻ
6. റവ. ഫാ. കല്ലറയ്ക്കൽ മാത്യു
7. റവ. ഫാ. വെൺമാന്തറ ജെയിംസ്
8. റവ. ഫാ. തെക്കേവയലിൽ ജോസഫ്
9. റവ. ഫാ. വെള്ളിയാംകുളം മാർട്ടിൻ
10. റവ. ഫാ. പ്ലാത്തറവയലിൽ തോമസ്
11. റവ. ഫാ. തുരുത്തിപ്പള്ളിൽ തോമസ്
12. റവ. ഫാ. മങ്കന്താനം ഇമ്മാനുവേൽ (Jr.)
13. റവ. ഫാ. പാണ്ടിയാംപറമ്പിൽ ജേക്കബ്
14. റവ. ഫാ. മുണ്ടിയാനിക്കൽ തോമസ്
15. റവ. ഫാ. നരിതൂക്കിൽ കുര്യൻ
16. റവ. ഫാ. നിരപ്പേൽ മാത്യു
17. റവ. ഫാ. പുതുപ്പറമ്പിൽ വർഗീസ്
18. റവ. ഫാ. വാളന്മനാൽ ഡോമിനിക്ക്
19. റവ. ഫാ. അറയ്ക്കൽ സെബാസ്റ്റ്യൻ

## Contributions for Wayand Flood Relief (Continuation)

| | | |
|---|---|---|
| 1. | Anakkara St. Thomas Forane Church | 50,000.00 |
| 2. | Sanyasiyoda Infant Jesus Church | 5,000.00 |
| 3. | Contribution from Franciscan Almaya Sabha Kanjirappally | 15,000.00 |
| 4. | Contribution from PDS Unit, Podimattam | 10,000.00 |
| | **Total** | **80,000.00** |

## ORDINATION LIST

| | | | |
|---|---|---|---|
| 1. | Dn. Thomas (Tony) Mulangasseril | - | Christ the King Church<br>Manipuzha<br>27 December 2024, 9.15 a.m. |
| 2. | Dn. Samuel (Don) Mattakarathundiyil | - | St. Thomas Church<br>Kanamala<br>27 December 2024, 2.15 pm |
| 3. | Dn. Joseph (Melwin) Kalappurackal | - | St. Joseph's Church<br>Periyar Vallakkadavu<br>28 December 2024, 9.15 a.m. |
| 4. | Dn. Emmanuel (Noel) Kalappurackal | - | St. Joseph's Church<br>Periyar Vallakkadavu<br>28 December 2024, 9.15 a.m. |
| 5. | Dn. Joseph (Akhil) Earathu | - | St. Paul's Church<br>Vandanpathal<br>30 December 2024 , 9.15 a.m. |
| 6. | Dn. Thomas (Bipin) Palukunnel | - | St. Antony's Church<br>Nirmalagiri<br>31 December 2024, 9.15 a.m. |
| 7. | Dn. Joseph (Maju) Niravathu | - | St. Thomas Church<br>Chemmannu<br>01 January 2025, 9.15 a.m. |
| 8. | Dn. John (Joice) Thekkevayalil | - | St. Antony's Church<br>Vallakkadavu (Kattapana)<br>02 January 2025, 9.15 a.m. |

# റവ. ഫാ.പോൾ വാഴപ്പനാടി

# അനുസ്മരണം



കാഞ്ഞിരപ്പള്ളി രൂപതയിലും അവിഭക്ത ചങ്ങനാശ്ശേരി അതിരൂപതയിലും സ്തുത്യർഹവും സ്മരണീയവുമായ ശുശ്രൂഷ നിർവഹിച്ച വാഴപ്പനാടി ബഹുമാനപ്പെട്ട പോളച്ചൻ നിത്യസമ്മാന ത്തിനായി യാത്രയായി.

ആനക്കല്ല് ഇടവക വാഴപ്പനാടി ഫ്രാൻസീസ് -ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1934 ഡിസംബർ 18 ന് ജനിച്ച വാഴപ്പനാടി അച്ചൻ ആനക്കൽ എൽ.പി സ്ക്കൂൾ, കാഞ്ഞിരപ്പള്ളി പള്ളിവക യു.പി സ്ക്കൂൾ, കാഞ്ഞിരപ്പള്ളി ഗവൺമെന്റ് സ്ക്കൂൾ എന്നിവിടങ്ങളിലെ വിദ്യാഭ്യാസം പൂർത്തിയാക്കി ചങ്ങനാശ്ശേരി പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരിയിൽ ചേർന്നു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിലെ തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനത്തിനു ശേഷം 1962 മാർച്ച് 12-ാം തിയതി ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു.

ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്തയായിരുന്ന പുണ്യശ്ലോകനായ മാർ മാത്യു കാവുകാട്ടു പിതാവ് പെരുവന്താനം സെന്റ് ജോസഫ് പള്ളി സഹവികാരിയായി പോളച്ചനെ പ്രഥമ ശുശ്രൂഷ ദൗത്യം ഭരമേല്പ്പിച്ചു. അസൗകര്യങ്ങളിൽ പരിഭവിക്കാത്ത, മലകയറാൻ മിടുക്കനായ പോളച്ചനെ അറിയുന്ന പിതാവ് കണമല, തുലാപ്പള്ളി എന്നീ വനമദ്ധ്യേയുള്ള സ്ഥലങ്ങളിലെ പള്ളികളുടെ ഭാഗധേയം നിശ്ചയിക്കാൻ വികാരിയായി അയച്ചു. മലയോര പ്രദേശങ്ങളിൽ

ചുറുചുറുക്കോടെ ഓടിനടന്ന പോളച്ചൻ തനിക്കേല്പിക്കപ്പെട്ട ജനത്തിന്റെ ആത്മീയവും ഭൗതികവുമായ കാര്യങ്ങൾ ഭംഗിയായി നിർവഹിച്ചു. കുഴിത്തൊളുവിലെയും അന്യാർതൊളുവിലെയും ശുശ്രൂഷ പൂർത്തിയാക്കിയ പോളച്ചൻ അടുത്തതായി ചങ്ങനാശ്ശേരി രൂപത പുതിയതായി വാങ്ങിയ മലബാറിലെ പെരുന്തടി എസ്റ്റേറ്റിൽ മാനേജരായി നിയമിക്കപ്പെട്ടു. കഷ്ടപ്പാടിന്റെ ആയിരമേക്കറിൽ അത്യദ്ധ്വാനം ചെയ്ത അച്ചൻ പൊന്നുവിളയിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി രൂപതയിലെ കൂവപ്പള്ളി സെന്റ് ജോസഫ് പള്ളിയിലെത്തിയ അച്ചനിലൂടെ പുതിയ പള്ളിമുറിയും ഹൈസ്കൂൾ കെട്ടിടവും യാഥാർത്ഥ്യമായി. കാഞ്ഞിരപള്ളി രൂപത പ്രൊക്കുറേറ്ററായി രൂപതയുടെ സാമ്പത്തിക കാര്യങ്ങൾ കൃത്യതയോടെ നിർവഹിച്ചു. മുണ്ടക്കയം വ്യാകുലമാതാ പള്ളി വികാരിയായിരുന്നപ്പോഴാണ് ഷോപ്പിംഗ് കോംപ്ലക്സും പാരിഷ് ഹാളും നിർമ്മിച്ചത്. ചെങ്ങളം സെന്റ് ആന്റണീസ് പള്ളി, ചിറക്കടവ് സെന്റ് ഇഫ്രേംസ് പള്ളി, പൊടിമറ്റം സെന്റ് മേരീസ് പള്ളി എന്നിവിടങ്ങളിൽ വികാരിയായി ഉത്സാഹപൂർവ്വം ശുശ്രൂഷ നിർവഹിച്ച ശേഷം കാഞ്ഞിരപ്പള്ളി വിയാനി ഹോമിൽ വിശ്രമ ജീവിതത്തിനായെത്തി. പ്രായമേറും തോറും കൂടുതൽ കർമ്മ നിരതനാക്കുന്ന പോളച്ചൻ ഇടക്കുന്നം പള്ളി വികാരിയായും പെരുന്തേനരുവി പള്ളി വികാരിയായും സ്തുത്യർഹശുശ്രൂഷ നിർവഹിച്ചു.

മികച്ച ഗായകനായ പോളച്ചൻ സുറിയാനി ഭാഷയിൽ അർപ്പിച്ച പരിശുദ്ധ കുർബാനകൾ നമ്മുടെ ഹൃദയങ്ങളിൽ ദീപ്ത സ്മരണകളുണർത്തുന്നു. വൈദികന്മാർ പ്രാർത്ഥനയുടെ മനുഷ്യരായിരിക്കണം എന്നതിനെ അടയാളപ്പെടുത്തിയ പോളച്ചൻ ഇടവകപ്പള്ളികളിൽ പ്രാർത്ഥനാ നിമഗ്നനായി മണിക്കൂറുകൾ ചെലവഴിച്ചിരുന്നുവെന്നത് നമുക്കെല്ലാവർക്കും മാതൃകയും പ്രചോദനവുമാണ്.

2024 നവംബർ 12-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട പോളച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ 2024 നവംബർ 14, വ്യാഴാഴ്ച ആനക്കൽ സെന്റ് ആന്റണീസ് പള്ളിയിലാണ് നടത്തപ്പെട്ടത്. നിർമ്മലവും വിശുദ്ധവുമായ അച്ചന്റെ ശുശ്രൂഷകളെ സകലത്തിന്റെയും നാഥനായ ദൈവം സ്വർഗ്ഗരാജ്യത്തിൽ മഹത്വപ്പെടുത്തട്ടെ.

# പൗരോഹിത്യ സുവർണ്ണജൂബിലി ആശംസകൾ



## റവ. ഫാ. സേവ്യർ കൊച്ചുപറമ്പിൽ

ആർപ്പൂക്കര ഇടവകാംഗമായ കൊച്ചുപറമ്പിൽ ബഹുമാനപ്പെട്ട സേവ്യർ അച്ചൻ, സെബാസ്റ്റ്യൻ - മറിയം ദമ്പതികളുടെ മകനായി 1948 ഡിസംബർ 24 നാണ് ജനിച്ചത്. ആർപ്പൂക്കര സെന്റ് ഫിലോമിനാസ്, മാന്നാനം സെന്റ് എഫ്രേംസ് സ്കൂളുകളിലും ചങ്ങനാശ്ശേരി എസ്.ബി. കോളേജിലും ആയിരുന്നു വിദ്യാഭ്യാസം. പാറേൽ സെന്റ് തോമസ് പെറ്റിസെമിനാരിയിലും ആലുവ സെന്റ് ജോസഫ് സെമിനാരിയിലും വൈദികപരിശീലനം പൂർത്തിയാക്കി. 1974 ഡിസംബർ 19 നായിരുന്നു തിരുപ്പട്ടസ്വീകരണം. അച്ചന്റെ കുടുംബം ഇപ്പോൾ തലശ്ശേരി രൂപതയിലെ വെള്ളരിക്കുണ്ടിലാണ് താമസിക്കുന്നത്.

കുറുമ്പനാടം, കാഞ്ഞിരപ്പള്ളി, പൊൻകുന്നം ഇടവകകളിലാണ് അച്ചൻ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ചെയ്തിട്ടുള്ളത്. ബെൽജിയത്ത് ഉപരിപഠനത്തിനായി അയയ്ക്കപ്പെട്ട അദ്ദേഹം ലുവയ്ൻ യൂണിവേഴ്സിറ്റിയിൽനിന്ന് പ്രശസ്തമായ രീതിയിൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി.

കാഞ്ഞിരപ്പള്ളി രൂപതാ മതബോധനഡയറക്ടർ എന്ന നിലയിൽ രൂപതയിലെ വിശ്വാസജീവിതപരിശീലന പ്രവർത്തനങ്ങൾക്ക് അച്ചൻ നല്ല അടിത്തറയിട്ടു.

കേരളസഭയുടെ കേന്ദ്രകാര്യാലയമായ പി.ഒ.സി.യിലെ അച്ചന്റെ ശുശ്രൂഷകൾ സ്തുത്യർഹമായിരുന്നു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വിശ്വാസജീവിത പരിശീലന കമ്മീഷന്റെ സെക്രട്ടറിയായി അച്ചൻ ശുശ്രൂഷ ചെയ്ത കാലയളവ് കേരളസഭയിലെ വിശ്വാസ ജീവിതപരിശീലന രംഗത്തിന് ഊടും പാവും നെയ്യുന്നതായിരുന്നു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി ഉൾപ്പെടെ അനേകം ദൈവശാസ്ത്ര വിദ്യാലയങ്ങളിൽ വൈദികവിദ്യാർഥികളുടെ രൂപീകരണത്തിൽ അച്ചൻ നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. രൂപതയുടെ മൈനർ സെമിനാരി റെക്ടറായി ശുശ്രൂഷ ചെയ്തുകൊണ്ട് രൂപതയിലെ ഭാവിവൈദികരെ രൂപപ്പെടുത്തുന്നതിനും അദ്ദേഹം ശ്രദ്ധിച്ചു.

ആഴമേറിയ ദൈവശാസ്ത്ര അടിത്തറയും സഭാനിലപാടുകളോടുള്ള വിശ്വസ്തതയും അച്ചന്റെ പ്രബോധനങ്ങളുടെയും പഠനക്ലാസുകളുടെയും പ്രത്യേകതയാണ്. നിരവധി ഈടുറ്റ ഗ്രന്ഥങ്ങളുടെ രചനയിലൂടെ അദ്ദേഹം മതബോധന ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും വഴികാട്ടിയായി.

ചെങ്ങളം, ആനക്കല്ല്, ചാമംപതാൽ, വഞ്ചിമല, കുന്നുംഭാഗം ഇടവകകളിലെ വിശ്വാസികളുടെ മനസ്സിൽ തന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ അച്ചൻ സ്ഥായിയായ ഇടം പിടിച്ചു. ചെങ്ങളം ഇടവകയിലെ മനോഹരമായ പാരീഷ്ഹാൾ നിർമ്മാണത്തിന് നേതൃത്വം നൽകിയതും ബഹുമാനപ്പെട്ട അച്ചനാണ്.

നിരന്തരമായി കടന്നുവന്ന ഗുരുതരരോഗങ്ങൾക്ക് അച്ചന്റെ മുഖസൗന്ദര്യത്തിനോ പ്രസന്നതയ്ക്കോ കോട്ടം വരുത്താൻ സാധിച്ചില്ല. ഉയർന്ന ചിന്തയും ആഴമുള്ള ദൈവശാസ്ത്ര ബോധ്യങ്ങളും അടിയുറച്ച സഭാസ്നേഹവും ഉള്ള സേവ്യർ അച്ചനെ സഭയുടെ മുൻനിര ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാളായി ഗണിക്കുന്നതിൽ ആർക്കും രണ്ടഭിപ്രായം ഉണ്ടായിട്ടില്ല.

പൗരോഹിത്യ ജീവിതത്തിന്റെ അമ്പതാണ്ടുകൾ പൂർത്തിയാക്കുന്ന ബഹുമാനപ്പെട്ട സേവ്യറച്ചന് കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.



# റവ. ഫാ. എബ്രഹാം പാലക്കുടി

വെള്ളാരംകുന്ന് ഇടവകാംഗമായ പാലക്കുടി ബഹുമാനപ്പെട്ട എബ്രഹാം അച്ചൻ 1948 ഫെബ്രുവരി 9-ാം തീയതി കുര്യൻ-ഏലിക്കുട്ടി ദമ്പതികളുടെ മകനായി ജനിച്ചു. പൈക ലിറ്റിൽ ഫ്ളവർ സ്കൂളിലെയും വിളക്കുമാടം സെന്റ് ജോസഫ് സ്കൂളിലെയും മുരിക്കടി സ്കൂളിലെയും വിദ്യാഭ്യാസത്തിനുശേഷം പാറേൽ പെറ്റി സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി 1974 ഡിസംബർ 23 ന് വൈദികപട്ടം സ്വീകരിച്ച് കർത്താവിന്റെ പുരോഹിതനായിതീർന്നു.

പൊൻകുന്നത്ത് അസിസ്റ്റന്റ് ആയി ആരംഭിച്ച പൗരോഹിത്യ ജീവിതത്തിൽ കല്ലാർ, ബഥനിമല, പെരുന്തേനരുവി, പുത്തൻകൊരട്ടി, മുണ്ടക്കയം, ആനവിലാസം, കൊച്ചുതോവാള, കാഞ്ചിയാർ, മേരികുളം, മ്ലാമല, വാളാർഡി, ചിന്നാർ, നസ്രാണിപുരം, വെള്ളാരംകുന്ന്, കുമളി, കൊച്ചറ, ഗ്രേസ്മൗണ്ട് എന്നീ ഇടവകകളുടെ നല്ല ഇടയനായി അച്ചൻ ശുശ്രൂഷ ചെയ്തു.

അനിതരസാധാരണമായ നിയമജ്ഞാനവും പ്രായോഗിക

ബുദ്ധിയും എബ്രഹാം അച്ചന്റെ സവിശേഷതകളാണ്. ലക്ഷ്യം നേടുന്നതുവരെ വിശ്രമമില്ലാതെ അധ്വാനിക്കാനുള്ള അച്ചന്റെ സമർപ്പണമനോഭാവമാണ് അച്ചൻ ശുശ്രൂഷ നിർവഹിച്ച ഇടവക കളുടെ വളർച്ചയ്ക്ക് നിദാനമായത്. മിതഭാഷിയെങ്കിലും നിലപാടു കളിലെ ദാർഢ്യം അച്ചനിൽ സവിശേഷമായി വിളങ്ങുന്ന ഗുണമാണ്. കുമളിയിലും വെള്ളാരംകുന്നിലും സമീപപ്രദേശങ്ങളിലും ഉള്ള വിദ്യാർത്ഥികൾക്ക് ഇന്ന് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാകുന്നതിനു പിന്നിൽ പാലക്കുടി അച്ചന്റെ രോഗം തളർത്താത്ത കർമ്മശേഷിയാണുള്ളത്.

വെള്ളാരംകുന്നിന്റെ പ്രകാശഗോപുരമായി തലയുയർത്തി നില്ക്കുന്ന മനോഹരമായ ദൈവാലയവും പള്ളിമുറിയും +2 കെട്ടിടവും ഓഡിറ്റോറിയവും എല്ലാം അച്ചന്റെ കഠിനാദ്ധ്വാനത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും മകുടോദാഹരണങ്ങളാണ്.

പൗരോഹിത്യ സുവർണ്ണജൂബിലിയാഘോഷിക്കുന്ന അച്ചന് കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനയും സ്നേഹാശം സകളും നേരുന്നു.

# പൗരോഹിത്യ
# രജത ജൂബിലി ആശംസകൾ



റവ. ഫാ. നല്ലൂർ കാലായിപ്പറമ്പിൽ തോമസ്

മ്ലാമല ഇടവകയിൽ നല്ലൂർകാലായിൽപ്പറമ്പിൽ തോമസ് - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1974 ജൂൺ 25 ന് തോമസ് നല്ലൂർകാലായിൽപ്പറമ്പിൽ ജനിച്ചു. മുരിക്കടി, വെള്ളാരംകുന്ന് എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനമാരംഭിച്ചു. വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി. 1999 ഡിസംബർ 27 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിപ്പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

ഉപ്പുതറ, കാഞ്ഞിരപ്പള്ളി കത്തീഡ്രൽ, കപ്പാട് ഇടവകകളിൽ അസി. വികാരിയായും, ചെല്ലാർകോവിൽ, ചെമ്പനോലി, പേഴുംപാറ, പെരുവന്താനം ഫൊറോന എന്നിവിടങ്ങളിൽ വികാരിയായും ശുശ്രൂഷയേകിയ തോമസച്ചൻ ഇപ്പോൾ കണ്ണിമല ദൈവാലയ വികാരിയായി സേവനമേകുന്നു.

കൊരട്ടി Home of Hospitality - യിൽ ചാപ്ലയിനായും വിവിധ ഫൊറോനകളിലെ Infarm Director ആയും ശുശ്രൂഷ ചെയ്തിട്ടുണ്ട്. നല്ല ഒരു അജപാലക ശൈലിയോടെ, ആളുകളെ ശാന്തമായി നയിക്കുകവഴി ചെമ്പനോലിയിൽ പാരീഷ്ഹാൾ നിർമ്മിച്ചതും പെരുവന്താനത്ത് സ്കൂൾ കെട്ടിടം പൂർത്തിയാക്കിയതും അച്ചന്റെ നിതാന്ത അദ്ധ്വാനഫലമായി സംഭവിച്ചതാണ്.

പുഞ്ചിരിയോടെ ഏവരെയും സമീപിക്കുന്ന തോമസ് നല്ലൂർകാലായിൽപ്പറമ്പിലച്ചന് രൂപതാ കുടുംബത്തിന്റെ പൗരോഹിത്യ രജതജൂബിലി മംഗളങ്ങൾ അറിയിക്കുന്നു.



## റവ. ഫാ. ബിനോദ് പൂവത്തിങ്കൽ

വെള്ളാരംകുന്ന് ഇടവകയിലെ പൂവത്തിങ്കൽ ജോസഫ് – മേരി ദമ്പതികളുടെ മകനായി 1973 ഡിസംബർ 27 ന് ബിനോദ് പൂവത്തിങ്കൽ ജനിച്ചു. വെള്ളാരംകുന്നിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനമാരംഭിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്ന് തത്വശാസ്ത്ര – ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1999 ഡിസംബർ 27 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു.

കട്ടപ്പന, താമരക്കുന്ന്, എലിക്കുളം ഇടവകകളിൽ അസി. വികാരിയായും അന്യാർതൊളു & നിർമ്മലാപുരം, പത്തനംതിട്ട & മൈലപ്ര, മ്ലാമല, നെറ്റിത്തൊഴു ഇടവകകളിൽ വികാരിയായും ശുശ്രൂഷയേകിയ അച്ചനിപ്പോൾ സ്പെയിനിൽ സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സിന്റെ ഹോസ്പിറ്റലിൽ ചാപ്ലയിനായി ശുശ്രൂഷ യേകുന്നു.

ശാന്തതയോടെ പെരുമാറുന്ന അച്ചൻ നിറഞ്ഞ പുഞ്ചിരിയോടെ ഏവരെയും സമീപിക്കുന്നതുവഴിയായി ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ കൂടെ നില്ക്കുന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് മ്ലാമലയിൽ വിനോദ് അച്ചൻ പൊതുജനപങ്കാളിത്വത്തോടെ പണിതീർത്ത ദൈവാലയം.

ബഹു. മാത്യു പൂവത്തിങ്കലച്ചന് രൂപതാ കുടുംബത്തിന്റെ പേരിൽ പൗരോഹിത്യ രജതജൂബിലിയുടെ ആശംസകൾ. .



## റവ. ഫാ. വർഗീസ് മഞ്ഞക്കുഴക്കുന്നേൽ

കട്ടപ്പന-വള്ളക്കടവ് ഇടവകയിലെ മഞ്ഞക്കുഴക്കുന്നേൽ വർഗീസ് - മേരി ദമ്പതികളുടെ മകനായി 1973 മാർച്ച് 31 ന് ജനിച്ചു. വള്ളക്കടവ്, നരിയമ്പാറ എന്നിവിടങ്ങളിലായി വിദ്യാഭ്യാസം നേടിയശേഷം പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു.

ആലുവാ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ച് 1999 ഡിസംബർ 29 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിപ്പിതാവിൽ നിന്നും ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു.

ചെങ്ങളം, എരുമേലി, കോരുത്തോട് എന്നിവിടങ്ങളിൽ അസി. വികാരിയായും ആലംപള്ളി ഇടവകയിൽ വികാർ അഡ്മിനിസ്ട്രേറ്റ റായും ഇളങ്ങോയി സ്കൂളിൽ അസി. മനേജരായും അച്ചൻ സേവനമേകി. B.Ed പരിശീലനം പൂർത്തിയാക്കിയശേഷം കോർപ്പ റേറ്റിന്റെ വിവിധ സ്കൂളുകളിൽ അദ്ധ്യാപകനായി ബഹു. വർഗീസ് അച്ചൻ ശുശ്രൂഷചെയ്യുന്നതിനോടൊപ്പം തേർഡ് ക്യാമ്പ്, ചാമംപതാൽ, ഗ്രീൻവാലി, സന്യാസിയോട, അന്യാർതൊളു, നിർമ്മലാപുരം, അഴങ്ങാട് ഇടവകകളുടെ വികാരിയായും ഏറെ ശ്രദ്ധയോടെ അച്ചൻ ശുശ്രൂഷയേകി. ഇപ്പോൾ നിർമ്മലഗിരിപ്പള്ളി വികാരിയായി സേവനമേകുന്നു.

കഠിനാധ്വാനിയായ അച്ചൻ, ഇടവകകളിലെ ജനങ്ങൾക്ക് എല്ലായ്പ്പോഴും സമീപസ്ഥനായിരുന്നു. നർമ്മരസത്തോടെയുള്ള സംസാരവും ഉത്തരവാദിത്വപൂർണ്ണമായ ജീവിതശൈലിയും പുലർത്തി സ്കൂളുകളിലും ഇടവകകളിലും തന്റെ മുദ്രപതിപ്പിക്കാൻ വർഗീസ് അച്ചനു കഴിഞ്ഞിട്ടുണ്ട്.

ഗ്രീൻവാലിയിലെ പള്ളിമുറി, ഏലയ്ക്ക ഡ്രയർ നിർമ്മലാ പുരത്തെ പാരീഷ്ഹാൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ പരാമർശിക്കപ്പെടേണ്ടവയാണ്. ബുദ്ധിമുട്ടേറിയ ഇടവകകളിലും (ആലംപള്ളി, സന്യാസിയോട). അഴങ്ങാട് പ്രദേശത്ത് പ്രകൃതി ദുരിതത്തിലകപ്പെട്ട ജനങ്ങളോടുള്ള സമീപനരീതികളുമൊക്കെ വർഗീസ് അച്ചന്റെ അജപാലനശൈലി വ്യക്തമാക്കുന്നു. ബഹു. മഞ്ഞക്കുഴക്കുന്നേൽ വർഗീസ് അച്ചന് രൂപതാ കുടുംബത്തിന്റെ പൗരോഹിത്യ രജതജൂബിലി ആശംസകൾ.



# റവ. ഫാ. തടത്തിൽ ഫിലിപ്പ്

കണ്ണിമല ഇടവകയിലെ തടത്തിൽ സെബാസ്റ്റ്യൻ - മേരിക്കുട്ടി ദമ്പതികളുടെ മകനായി 1973 ഡിസംബർ 29 ന് ഫിലിപ്പ് തടത്തിൽ ജനിച്ചു. കണ്ണിമലയിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനമാരംഭിച്ചു. വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര-പഠനങ്ങൾ പൂർത്തീകരിച്ച് 1999 ഡിസംബർ 30 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിപിതാവിന്റെ കൈവയ്പുവഴി തിരുപ്പട്ടം സ്വീകരിച്ചു.

എലിക്കുളം, ആനക്കല്ല് ഇടവകകളിൽ അസി. വികാരിയായും ചിന്നാർ ഇടവകയിൽ വികാർ അഡ്മിനിസ്ട്രേറ്ററായും കാഞ്ചിയാർ, നസ്രാണിപുരം, മേരികുളം ഇടവകകളുടെ വികാരിയായും സേവനമേകിയ അച്ചൻ ഇപ്പോൾ രൂപതാ പ്രൊക്യുറേറ്ററെന്ന നിലയിൽ സവിശേഷമായ ശുശ്രൂഷ ചെയ്യുന്നു.

കാഞ്ചിയാർ ഇടവകയിലെ ഷോപ്പിംഗ് കോംപ്ലക്സ്, മേരികുളത്തെ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം, ചെറിയ പാരീഷ് ഹാൾ, തുടങ്ങിയവയെല്ലാം അച്ചന്റെ നേതൃത്വത്തിൽ ദൈവജനത്തിന്റെ പങ്കാളിത്തത്തോടെ നടത്തപ്പെട്ടവയാണ്.

സൗമ്യതയോടെ ഇടപെടുന്ന തീക്ഷ്ണതയും ആത്മാർത്ഥ തയുമുള്ള ഫിലിപ്പ് തടത്തിലച്ചന് രൂപതാകുടുംബത്തിന്റെ ഹൃദയംഗമ മായ പൗരോഹിത്യ രജതജൂബിലിയുടെ പ്രാർത്ഥനാശംസകൾ അറിയിക്കുന്നു.



## റവ. ഫാ. ജേക്കബ് കൊടിമരത്തുംമൂട്ടിൽ

ആനക്കല്ല് ഇടവകയിൽ കൊടിമരത്തുംമൂട്ടിൽ സെബാസ്റ്റ്യൻ – ത്രേസ്യാ ദമ്പതികളുടെ മകനായി 1972 സെപ്റ്റംബർ 30 ന് ജേക്കബ് കൊടിമരത്തുംമൂട്ടിൽ ജനിച്ചു. ആനക്കല്ല്, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ച് പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലന മാരംഭിച്ചു. 1999 ഡിസംബർ 30 ന് അഭി. മാർ മാത്യു വട്ടക്കുഴിപ്പിതാ വിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

മുണ്ടക്കയം, എരുമേലി ഇടവകകളിൽ അസി. വികാരിയായും ഇടക്കുന്നം, പൂമറ്റം ഇടവകകളിൽ വികാർ – അഡ്മിനിസ്ട്രേറ്ററായും പുത്തൻകൊരട്ടി, റാന്നി, പഴയകൊരട്ടി ഇടവകകളുടെ വികാരിയായും അമൽജ്യോതി കോളജിൽ ബർസാർ ആയും ഹോസ്റ്റൽ ഡയറക്ടറായുമൊക്കെ ശുശ്രൂഷയേകിയ അച്ചൻ ഇപ്പോൾ തരകനാട്ടുകുന്ന് ഇടവക വികാരിയായും ഇളങ്ങോയി സ്കൂൾ മാനേജരായും ശുശ്രൂഷ ചെയ്യുന്നു.

പുത്തൻകൊരട്ടിയിലെ പാരീഷ്ഹാൾ, തരകനാട്ടുകുന്ന്, റാന്നി ഇടവകകളിലെ പള്ളിമുറികൾ, റാന്നി - സിറ്റാഡൽ സ്കൂൾ കെട്ടിടങ്ങൾ ഇവയെല്ലാം കഠിനാധ്വാനിയായ ബഹു. ജേക്കബ് അച്ചന്റെ ശ്രമഫലമായി സംഭവിച്ചവയാണ്. നല്ലൊരു അജപാലക ശൈലി സ്വായത്തമാക്കി, ഏവരേയും ആരാധനക്രമജീവിതത്തോടു ചേർത്ത് വളർത്തുന്ന അച്ചൻ ഏത് പ്രതിസന്ധികളേയും നേരിടാൻ വൈഭവമുള്ളയാളാണ്.

കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ പേരിൽ ബഹു. ജേക്കബ് കൊടിമരത്തുംമൂട്ടിലച്ചന് പൗരോഹിത്യത്തിന്റെ രജതജൂബിലി ആശംസകൾ.



## റവ. ഫാ. സെബാസ്റ്റ്യൻ കിടങ്ങത്താഴെ

ഏന്തയാർ ഇടവകയിൽ കിടങ്ങത്താഴെ ദേവസ്യ - അന്നമ്മ ദമ്പതികളുടെ മകനായി 1972 മെയ് 29 ന് സെബാസ്റ്റ്യൻ കിടങ്ങത്താഴെ ജനിച്ചു. കൂട്ടിക്കൽ സ്കൂളിൽ നിന്നും വിദ്യാഭ്യാസം നേടിയശേഷം പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിലെത്തി വൈദികപരിശീലനമാരംഭിച്ചു. ആലുവ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ച് 1999 ഡിസംബർ 31 -ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിപ്പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

കാഞ്ഞിരപ്പള്ളി കത്തീഡ്രൽ, കൂവപ്പള്ളി ഇടവകകളിൽ അസി. വികാരിയായും മീങ്കുഴി, കൂത്താട്ടുകുളം ഇടവകകളിൽ വികാർ - അഡ്മിനിസ്ട്രേറ്ററായും രൂപതയുടെ PRO ആയും അമല കമ്മ്യൂണിക്കേഷൻ, പ്രസ്സ് എന്നിവയുടെ ഡയറക്ടറായും ചെന്നാക്കുന്ന്, മേലോരം, കൊച്ചുതോവാള, പുള്ളിക്കാനം ഇടവകകളുടെ വികാരിയായും സേവനമേകിയ അച്ചനിപ്പോൾ വലിയതോവാള ഇടവകയിൽ സേവനമേകുന്നു. കലാ - സാഹിത്യമേഖലകളിലെ നിപുണത അച്ചന്റെ സവിശേഷതയാണ്. അമല കമ്മ്യൂണിക്കേഷൻ ഡയറക്ടറായി അച്ചൻ തന്റെ സിദ്ധികൾ വിനിയോഗിച്ചത് ശ്രദ്ധേയമാണ്. കൊച്ചുതോവാളയിലെ പള്ളിമുറി നിർമ്മാണം, പുള്ളിക്കാനം ഇടവകയിലെ പുതിയ പള്ളി-പള്ളിമുറികളുടെ നിർമ്മാണം, ഇപ്പോൾ വലിയതോവാളയിലെ വിവിധ നിർമ്മാണപ്രവർത്തനങ്ങൾ ഇവയെല്ലാം ശ്രദ്ധേയമാണ്.

പൗരോഹിത്യ രജതജൂബിലി ആചരിക്കുന്ന ബഹു. സെബാസ്റ്റ്യൻ കിടങ്ങത്താഴെ അച്ചന് രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ.



## റവ. ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ

കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ കൈപ്പൻപ്ലാക്കൽ ചാക്കോ-അന്നമ്മ ദമ്പതികളുടെ മകനായി 1974 ഒക്ടോബർ 3 ന് സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ ജനിച്ചു. കാഞ്ഞിരപ്പള്ളിയിലെ

സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനമാരംഭിച്ചു. വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിപ്പിതാവിന്റെ കൈവയ്പ്പുവഴി 2000 ജനുവരി 5 ന് പൗരോഹിത്യം സ്വീകരിച്ചു.

അണക്കര, ആനിക്കാട്, കപ്പാട് ഇടവകകളിൽ അസി. വികാരിയായും പ്ലാച്ചേരി, ഇടമൺ ഇടവകകളുടെ വികാർ അഡ്മിനിസ്ട്രേറ്ററായും യുവദീപ്തിയുടെ രൂപതാ ഡയറക്ടർ ആയും ദർശകൻ മാസികയുടെ മാനേജിംഗ് എഡിറ്ററായും സേവനമേകിയ അച്ചനിപ്പോൾ സ്പെയിനിൽ ഉപരിപഠനം നടത്തുന്നു.

പുഞ്ചിരിയോടെയും നർമ്മരസം നിറഞ്ഞ സംസാരശൈലി യോടെയും അജപാലക ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന സെബാസ്റ്റ്യനച്ചൻ നല്ലൊരു കലാകാരനും മികച്ച ഗായകനുമാണ്. സംഘാടക പാടവത്തോടെ രൂപതാ യുവദീപ്തിയെ നയിച്ചതും, സീറോമലബാർ സഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായി എസ്.എം.വൈ.എം. ന്റെ ആദ്യഗ്ലോബൽ ഡയറക്ടറായി സേവനമേകി യതും പരാമർശിക്കപ്പെടേണ്ടതാണ്. ഇടവകക്കാരുടെ പങ്കാളിത്ത ത്തോടെ പ്ലാച്ചേരി, ഇടമൺ, ഇടവകകളിൽ പള്ളിയും പള്ളിമുറിയും അച്ചൻ പണിതീർത്തത് പ്രശംസനീയമാണ്.

കാഞ്ഞിരപ്പള്ളി രൂപതാകുടുംബം ഒന്നുചേർന്ന് ബഹു. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കലച്ചന് പൗരോഹിത്യരജത ജൂബിലിയുടെ പ്രാർത്ഥനാമംഗളങ്ങൾ അറിയിക്കുന്നു.



# റവ. ഫാ. സഖറിയാസ് ഇല്ലിക്കമുറിയിൽ

കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ ഇല്ലിക്കമുറിയിൽ തോമസ് - അന്നക്കുട്ടി ദമ്പതികളുടെ മകനായി 1972 ജനുവരി 24-ന് സഖറിയാസ് ജനിച്ചു. കാഞ്ഞിരപ്പള്ളിയിൽ സ്കൂൾ വിദ്യാഭ്യാസം നേടിയശേഷം പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനമാരംഭിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ച് 2000 ജനുവരി 5 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിപിതാവിന്റെ കൈവയ്പുവഴിയായി പൗരോഹിത്യം സ്വീകരിച്ചു.

എരുമേലി, ചെങ്ങളം ഇടവകകളിൽ വികാരിയായും ഇൻഫാം ഡയറക്ടറായും മൈലപ്ര ഇടവകയിൽ വികാരി അഡ്മിനിസ്ട്രേറ്ററായും കുടുംബക്കൂട്ടായ്മ Low Range Region Cordinator, Catechism Department ലും, MDS Joint Director ആയും കാളകെട്ടി Shrine Rector ആയും Asst. Corporate Manager ആയും Corporate Manager ആയും മണിപ്പുഴ, പാലപ്ര എന്നിവിടങ്ങളിൽ വികാരിയായും സേവനമേകിയ ബഹു. സഖറിയാസ് അച്ചനിപ്പോൾ കോരുത്തോട് പള്ളിയുടെ വികാരിയായി സേവനമേകുന്നു.

സാഹിത്യമേഖലകളിലെ സിദ്ധികളും വിദ്യാഭ്യാസ മേഖലകളിലെ അനുഭവങ്ങളും കോർത്തിണക്കിയ ഒരു അജപാലനശൈലി അച്ചനിൽ പ്രകടമാണ്. നല്ലൊരു പ്രാസംഗികനും സംഘാടകനുമായ ബഹു. സക്കറിയാസ് ഇല്ലിക്കമുറിയച്ചന് രൂപതാകുടുംബത്തിന്റെ പൗരോഹിത്യ രജതജൂബിലി മംഗളങ്ങൾ.



## റവ. ഫാ. ആന്റണി വാതല്ലൂക്കുന്നേൽ

പുഞ്ചവയൽ ഇടവകയിൽ വാതല്ലൂക്കുന്നേൽ വർഗീസ്-ഏലിയാമ്മ ദമ്പതികളുടെ മകനായി 1973 നവംബർ 12 ന് ആന്റണി വാതല്ലൂക്കുന്നേൽ ജനിച്ചു. പുഞ്ചവയൽ, മുരിക്കുംവയൽ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനമാരംഭിച്ചു. വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 2000 ജനുവരി 5 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

കൽത്തൊട്ടി, കാഞ്ഞിരപ്പള്ളി കത്തീഡ്രൽ, താമരക്കുന്ന് എന്നിവിടങ്ങളിൽ അസി. വികാരിയായും മുക്കൂട്ടുതറയിൽ വികാർ അഡ്മിനിസ്ട്രേറ്ററായും തച്ചപ്പുഴയിൽ വികാർ ഇൻ ചാർജായും

വികാരിയായും വെച്ചൂച്ചിറ, പൂമറ്റം ഇടവകകളിൽ വികാരിയായും പെനുവേൽ ആശ്രമ ഡയറക്ടറായും സേവനമേകിയ അച്ചൻ 2006 മുതൽ ബേത്‌ലഹേം ഭവൻ ഡയറക്ടറായി ശുശ്രൂഷ ചെയ്യുന്നു.

ശാന്തതയോടെ ഏവരോടും ഇടപെടുന്ന ആന്റണി അച്ചന്റെ ജീവിതശൈലി ഏറെ അനുകരണീയമാണ്. ആരോരും ആശ്രയമില്ലാത്ത വ്യക്തികൾക്ക്, ആശ്വാസമായിത്തീരുന്ന ബേത്‌ലഹേം ഭവനത്തിലൂടെ സാന്ത്വനശുശ്രൂഷയേകുന്ന ഇടയജീവിതം സാക്ഷാത്കരിക്കുന്ന ബഹു. ആന്റണി വാതല്ലൂകുന്നേലച്ചന് കാഞ്ഞിരപ്പള്ളി രൂപതാ കുടുംബത്തിന്റെ പൗരോഹിത്യ രജതജൂബിലിയാശംസകൾ.



## റവ. ഫാ. തോമസ് തെക്കേമുറി

മേരികുളം ഇടവകയിൽ തെക്കേമുറി ഡോമിനിക് - കത്രീന ദമ്പതികളുടെ മകനായി 1974 ജൂൺ 9 ന് തോമസ് ജനിച്ചു. മേരികുളം സ്കൂളിൽ വിദ്യാഭ്യാസകാലഘട്ടം പൂർത്തിയാക്കി പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനമാരംഭിച്ചു. തിരുവനന്തപുരം മലങ്കര സെമിനാരിയിൽനിന്നും തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തീകരിച്ച് 2000 ജനുവരി 6 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

വെള്ളാരംകുന്ന് പള്ളിയിൽ അസി. വികാരി ആയും തുടർന്ന് രൂപത മൈനർ സെമിനാരിയിൽ പ്രൊക്കുറേറ്റർ ആയും ചെറുവള്ളിക്കുളം, പുറക്കയം ഇടവകകളിൽ വികാർ അഡ്മിനിസ്ട്രേറ്ററായും ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടറായും വഞ്ചിമല, വലിയതോവാള, വെള്ളാരംകുന്ന് ഇടവകകളിൽ വികാരിയായും ശുശ്രൂഷയേകി. അച്ചൻ ഇപ്പോൾ എയ്ഞ്ചൽവാലി ഇടവകയുടെ വികാരിയായി സേവനമേകുന്നു.

ദൈവജനപങ്കാളിത്വത്തോടെയുള്ള അച്ചന്റെ പ്രവർത്തനങ്ങൾ വഴി അജഗണങ്ങളെ ചേർത്തുപിടിക്കുന്ന വ്യക്തിത്വം. നല്ല ഒരു സംഘാടകനായ അച്ചൻ പുറക്കയം, വഞ്ചിമല എന്നീ ദൈവാലയങ്ങളും വഞ്ചിമല പള്ളിമുറിയും വലിയതോവാള സ്കൂൾ കെട്ടിടവും നിർമ്മിക്കുന്നതിന് നേതൃത്വമേകി. ബഹു. തോമസ് തെക്കേമുറിയച്ചന് രൂപതാകുടുംബത്തിന്റെ പൗരോഹിത്യരജത ജൂബിലിയുടെ പ്രാർത്ഥനാശംസകൾ അറിയിക്കുന്നു.



## റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ

കാരികുളം ഇടവകയിലെ കൊല്ലംപറമ്പിൽ മാത്യു - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1974 ജനുവരി 12 ന് ജോസഫ് കൊല്ലംപറമ്പിൽ ജനിച്ചു. കാരികുളം, കൂവപ്പള്ളി, എന്നിവിടങ്ങളി

ലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പൊടിമറ്റം മേരിമാതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. ആലുവ സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിച്ച് 2000 ഫെബ്രുവരി 12 ന് അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

കപ്പാട്, കാഞ്ചിയാർ, അണക്കര ഇടവകകളിൽ അസി. വികാരിയായും വടക്കേമല, മുക്കുളം, പീരുമേട്, മുറിഞ്ഞപുഴ എന്നിവിടങ്ങളിൽ വികാർ-അഡ്മിനിസ്ട്രേറ്ററായും പി.ഡി.എസ്. ജോയിന്റ് ഡയറക്ടറായും ഇൻഫാം ഡയറക്ടറായും പാലൂർക്കാവ്, ഉമ്മിക്കുപ്പ, എന്നീ ഇടവകകളുടെ വികാരിയായും മാന്തറ റിട്രീറ്റ് സെന്റർ അസി. ഡയറക്ടറായും, സേവനമേകിയ അച്ചൻ ഇപ്പോൾ പെനുവേൽ ആശ്രമത്തിലെ അസി. ഡയറക്ടറായും അമലാ പ്രസ് ജോയിന്റ് ഡയറക്ടറായും ശുശ്രൂഷ ചെയ്യുന്നു.

മുറിഞ്ഞപുഴ, പാലൂർക്കാവ്, ഉമിക്കുപ്പ ഇടവകകളിലായിരുന്നപ്പോൾ അച്ചന്റെ നേതൃത്വശൈലിവഴി എല്ലാ സംഘടനകളും മികച്ച പ്രവർത്തനം കാഴ്ചവച്ചത് പരാമർശിക്കപ്പെടേണ്ടതാണ്. നല്ലൊരു സംഘാടകനാണ് അച്ചൻ. ഒപ്പം മികച്ച പ്രാസംഗികനും കലാകാരനുമാണ്.

രൂപതാകുടുംബം ഒന്നുചേർന്ന് ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചന് പൗരോഹിത്യ രജതജൂബിലി ആശംസകൾ അറിയിക്കുന്നു.



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | | |
|---|---|---|
| റവ. ഫാ. ജയിംസ് ഇലഞ്ഞിപ്പുറം | - | 10000/- |
| റവ. ഫാ. ജോസ് ചിറ്റടിയിൽ | - | 40,000/- |
| റവ. ഫാ. അഖിൽ പൈക്കര | - | 31,223/- |
| റവ. ഫാ. മാത്യു കയ്യാണിയിൽ | - | 32,000/- |
| റവ. ഫാ. ജോസഫ് പൊങ്ങന്താനം | - | 30,000/- |
| റവ. ഫാ. സോബി കന്നാലിൽ | - | 40,000/- |
| റവ. ഫാ. സിബി കുരിശുംമൂട്ടിൽ | - | 10,000/- |
| റവ. ഫാ. എബ്രഹാം തൊമ്മിക്കാട്ടിൽ | - | 12,000/- |
| റവ. ഫാ. അജോ പേഴുംകാട്ടിൽ | - | 30,000/- |
| റവ. ഫാ. ബിജു മങ്കന്താനം | - | 16,000/- |

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**

**(പ്രസിഡന്റ്)**

PWA അംഗങ്ങൾ ബഹുമാനപ്പെട്ട വാഴപ്പനാടി പോൾ അച്ചന്റെ ആത്മശാന്തിക്കായി ഒരു പരിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

# അജപാലനോത്തേജന വിഭാഗം

**ആരാധനാവത്സര കലണ്ടർ**

സീറോ മലബാർ സഭയുടെ ആരാധനക്രമ ചൈതന്യത്തിൽ സഭാത്മക ജീവിതത്തിന് സഹായിക്കുന്ന ആരാധനവത്സര കലണ്ടർ ഇടവകകളിലെ ഭവനങ്ങളിലെത്തിക്കുന്നതിന് താത്പര്യപൂർവം സഹകരിച്ച എല്ലാ വൈദികരെയും കുടുംബക്കൂട്ടായ്മ ലീഡേഴ്സിനെയും ഇടവകയിലെ വിവിധ ശുശ്രൂഷകരെയും സ്നേഹപൂർവം സ്മരിക്കുന്നു. കലണ്ടറിന് കോപ്പിയൊന്നിന് 60/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രസ്തുത തുക ജനുവരി 25 ന് മുമ്പായി താഴെ നല്കിയിരിക്കുന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ (Message/Call - 9645674443, 9496033110) അറിയിക്കുമല്ലോ.

Diocese of Kanjirapally, Department of Pastoral Animation

A/c No.: 10310100264341

IFSC : FDRL0001031

Federal Bank, Kanjirapally

10000/- രൂപയും അതിൽ കൂടുതലും അക്കൗണ്ട് ട്രാൻസ്ഫറിലൂടെ മാത്രമാണ് സ്വീകരിക്കാനാവുന്നത്.

**ദശാംശശേഖരണം**

മുൻപ് അറിയിച്ചിരുന്നതനുസരിച്ച് ഉയിർപ്പ് തിരുനാളിനോടനുബന്ധിച്ചായിരിക്കും ദശാംശശേഖരണം നടത്തുന്നതെന്ന വിവരം ഓർമിപ്പിക്കുന്നു.

**കുടുംബക്കൂട്ടായ്മ പ്രാർത്ഥന സഹായി**

കുടുംബക്കൂട്ടായ്മ പ്രാർത്ഥന സഹായിയുടെ ഏതാനും കോപ്പികൾ പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ ലഭ്യമാണ്. കോപ്പിയൊന്നിന് 40 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്.

കുടുംബക്കൂട്ടായ്മ പ്രാർത്ഥന സഹായിയുടെ തുക ഇനിയും നല്കുവാനുള്ള ഇടവകകൾ കഴിയുന്നതും വേഗം താഴെ നല്കിയിരിക്കുന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ (Message/ Call - 9645674443, 9496033110)) അറിയിക്കുകയും ചെയ്യുമല്ലോ.

Department of Liturgy
A/c No.: 10310100294439
IFSC : FDRL0001031
Federal Bank, Kanjirapally

**ശുശ്രൂഷാ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ-രജത ജൂബിലി**

ശുശ്രൂഷാ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ-രജത ജൂബിലി വർഷത്തിലായിരിക്കുന്ന ബഹുമാനപ്പെട്ട വൈദികരുടെ സംഗമം ഒക്ടോബർ 30, ബുധനാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. വൈകുന്നേരം 6.00 മണിക്ക് കൊച്ചുപറമ്പിൽ ബഹുമാനപ്പെട്ട സേവ്യറച്ചന്റെ കാർമികത്വത്തിൽ റംശ നമസ്കാരം നടത്തപ്പെട്ടു. അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ട അനുമോദന യോഗത്തിൽ പാസ്റ്ററൽ സെന്ററിൽ ശുശ്രൂഷ നിർവഹിക്കുന്ന ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും വൈദികവിദ്യാർത്ഥികളും ഒത്തുചേർന്നു.

**നമുക്ക് പ്രാർത്ഥിക്കാം - സമാധാനം നമ്മോടുകൂടെ - ഉപ്പുതറ, കുമളി ഫൊറോനകൾ**

രൂപത സുവർണ്ണജൂബിലിയോടനുബന്ധിച്ചുള്ള പരിശീലന പരിപാടികളുടെ ഭാഗമായി സഭാത്മക ദർശനം നല്കുന്നതിന് സഹായിക്കുന്ന 'നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ' എന്ന പരിശീലന പരിപാടി കുമളി, ഉപ്പുതറ ഫൊറോനകളിലെ വിശ്വാസജീവിതപരിശീലകർക്കായി നടത്തപ്പെട്ടു.

നവംബർ 10, ഞായറാഴ്ച രാവിലെ 10.30 മുതൽ ചിന്നാർ സെന്റ് ജോർജ് പാരീഷ് ഹാളിൽ നടത്തപ്പെട്ട പരിശീലനത്തിൽ ചിന്നാർ, ചെമ്മണ്ണ്, ആലംപള്ളി, പുള്ളിക്കാനം ഇടവകകളിലെ വിശ്വാസജീവിതപരിശീലകർ പങ്കെടുത്തു. താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചൻ ക്ലാസ് നയിച്ചു.

നവംബർ 10, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ കുമളി സെന്റ് തോമസ് ഫൊറോനപള്ളി ഹാളിൽ നടത്തപ്പെട്ട പരിശീലന പരിപാടിയിൽ കുമളി ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള വിശ്വാസജീവിത പരിശീലകർ, പങ്കെടുത്തു. രാവിലെ 11 മണി മുതൽ പുളിങ്കട്ട സെന്റ് ജോർജ് പള്ളി ഹാളിൽ നടത്തപ്പെട്ട പരിശീലന പരിപാടിയിൽ പുളിങ്കട്ട, രാജഗിരി ഇടവകകളിലെ വിശ്വാസജീവിത പരിശീലകരും ഉച്ചയ്ക്കുശേഷം 2.30 മുതൽ ഉപ്പുതറ സ്കൂൾ ഹാളിൽ നടത്തപ്പെട്ട പരിശീലന പരിപാടിയിൽ ഉപ്പുതറ, മരിയഗിരി ഇടവകകളിലെ വിശ്വാസജീവിത പരിശീലകരും പങ്കെടുത്തു. കുമളിയിൽ താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചനും പുളിങ്കട്ടയിലും ഉപ്പുതറയിലും ബഹുമാനപ്പെട്ട പുള്ളോലിക്കൽ സ്റ്റാൻലി അച്ചനും ക്ലാസുകൾക്ക് നേതൃത്വം നൽകി.

ഉപ്പുതറ, കുമളി ഫൊറോനകളിൽ പരിശീലനപരിപാടി ക്രമീകരിച്ച പൂവത്താനിക്കുന്നേൽ ഏറ്റവും ബഹുമാനപ്പെട്ട തോമസച്ചൻ, കാഞ്ഞിരത്തിനാൽ ഏറ്റവും ബഹുമാനപ്പെട്ട

ഡൊമിനിക്കച്ചൻ, ചേരോലിൽ ബഹുമാനപ്പെട്ട മാത്യു അച്ചൻ അറയ്ക്കപ്പറമ്പിൽ ബഹുമാനപ്പെട്ട മാത്യു അച്ചൻ, ബഹുമാനപ്പെട്ട സന്യാസിനികൾ എന്നിവരെ സ്നേഹപൂർവം സ്മരിക്കുന്നു.

**നമുക്ക് പ്രാർത്ഥിക്കാം - സമാധാനം നമ്മോടുകൂടെ - വെളിച്ചിയാനി ഇടവകയിൽ**

വെളിച്ചിയാനി ഇടവകയിലെ കുടുംബക്കൂട്ടായ്മകളിൽ 'നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ' എന്ന പരിശീലന പരിപാടി നവംബർ 17, 24 തീയതികളിൽ നടത്തപ്പെട്ടു. വെളിച്ചിയാനി ഫൊറോന റിസോഴ്സ് ടീമംഗങ്ങളുടെ നേതൃത്വത്തിൽ 16 കേന്ദ്രങ്ങളിലായി പരിശീലന പരിപാടി നടത്തപ്പെട്ടു.

വെളിച്ചിയാനി ഫൊറോനയിലെ കുടുംബക്കൂട്ടായ്മകളിൽ ചിട്ടയായി പരിശീലനപരിപാടി ക്രമീകരിച്ച മടുക്കക്കുഴി ഏറ്റവും ബഹുമാനപ്പെട്ട ഇമ്മനുവേൽ അച്ചൻ, ഇരുപ്പക്കാട്ട് ബഹുമാനപ്പെട്ട ജോസഫച്ചൻ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, വെളിച്ചിയാനി ഫൊറോന റിസോഴ്സ് ടീമംഗങ്ങൾ എന്നിവരെ സ്നേഹപൂർവം സ്മരിക്കുന്നു.

**ഓൺലൈൻ പരിശീലനം**

കുമളി, ഉപ്പുതറ ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള വിശ്വാസജീവിത പരിശീലകരുടെ സഹകരണത്തോടെ അതാത് ഇടവകകളിലെ കുടുംബക്കൂട്ടായ്മകളിൽ 'നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ' എന്ന പരിശീലന പരിപാടി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി നവംബർ 30, ശനിയാഴ്ച വൈകുന്നേരം 8.30 മുതൽ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിശ്വാസജീവിതപരിശീലകർക്കായി ഓൺലൈൻ സെമിനാർ നടത്തപ്പെട്ടു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# റെയിൻബോ 2021

റെയിൻബോ പദ്ധതിയിലെ ഭവനനിർമ്മാണം പൂർത്തിയായി. കണക്കുൾപ്പെടെയുള്ള വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**

**ജനറൽ കോർഡിനേറ്റർ**

---

## സ്നേഹസ്മരണയ്ക്ക്



**ഫാ.തോമസ് ഏർത്തയിൽ**
(07-12-1992)



**ഫാ.ജേക്കബ് ഏർത്തയിൽ**
(12-12-1986)



**ഫാ.തോമസ് മണ്ണംപ്ലാക്കൽ**
(18-12-1981)

# വിശ്വാസജീവിത പരിശീലനം

**ഡിസംബർ മാസത്തെ കർമ്മപരിപാടികൾ**

| | |
|---|---|
| 1 ഞായർ | 25 നോമ്പ് ആരംഭം |
| 7 ശനി | പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോൽഭവ തിരുനാൾ (ഡിസംബർ 8) |
| | : ലൈഫ് ലൈൻ(8-ാം ക്ലാസിലെ കുട്ടികൾക്ക്) കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി ഫൊറോനകൾ 7-ാം തീയതി 9.30 a.m മുതൽ 3.30 pm വരെയും 8-ാം തീയതി 9.30 a.m മുതൽ 3.30 pm വരെയും സ്ഥലം : പൊടിമറ്റം സെന്റ് ഡൊമിനിക്സ് കോളേജ് |
| 14 ശനി | CTC, HDC ക്ലാസ് പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി |
| 18 ബുധൻ | മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ |
| 21 ശനി | വിശ്വാസജീവിത പരിശീലക ക്വിസ് പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി സമയം : 9.30 a.m മുതൽ |
| 25 ബുധൻ | ക്രിസ്മസ്. |
| 27 വെള്ളി | വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ |
| 28 ശനി | കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ |
| 29 ഞായർ | തിരുക്കുടുംബത്തിന്റെ തിരുനാൾ |

31 ചൊവ്വ കൈയ്യെഴുത്ത് മാസിക രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി

**2025 ജനുവരി**

2 വ്യാഴം H.D.C ക്ലാസ്

3 വെള്ളി വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ

: ദൈവമാതൃത്വത്തിരുനാൾ

4 ശനി, 5 ഞായർ : ലൈഫ് ലൈൻ(8-ാം ക്ലാസിലെ കുട്ടികൾക്ക്)
കുമളി ഫൊറോനാ
4-ാം തീയതി 9.30 a.m മുതൽ 3.30 pm വരെയും
5-ാം തീയതി 9.30 a.m മുതൽ 3.30 pm വരെയും

6 തിങ്കൾ ദനഹാത്തിരുനാൾ

**വിശ്വാസജീവിത പരിശീലക ക്വിസ്**

ഓരോ ഇടവകയിൽ നിന്നും രണ്ട് അധ്യാപകരടങ്ങുന്ന ഒരു ടീമിന് രൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 3000, 2500, 2000 രൂപാ ക്യാഷ് അവാർഡും ട്രോഫിയും, നാലും അഞ്ചും സ്ഥാനക്കാർക്ക് 1500, 1000 രൂപാ ക്യാഷ് അവാർഡും ഉണ്ടായിരിക്കും.

വിശ്വാസജീവിതപരിശീലക ക്വിസ് ഈ വർഷം ഡിസംബർ 21-ാം തീയതി ശനിയാഴ്ച രാവിലെ 9.30-ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ രജിസ്ട്രേഷനോടു കൂടി ആരംഭിക്കും. രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 300 രൂപ. പങ്കെടുക്കുന്നവരുടെ പേരും ഫീസും കേന്ദ്ര ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 2 തിങ്കൾ. പഠനഭാഗത്തിൽ സുവാറ ബുള്ളറ്റിൻ ഉണ്ടായിരിക്കില്ല. വിശദവിവരങ്ങൾക്ക് Catechetical Directory 2024 - 2025 പേജ് 16 കാണുക.

## നവംബർ ഡയറി

### C.T.C ക്ലാസ്

C.T.C 39-ാം ബാച്ചിന്റെ നാലാമത്തെ ക്ലാസ് നവംബർ 19-ാം തീയതി ഓൺലൈനായി നടന്നു. ശാസ്ത്രീയ രചനാരീതി എന്ന വിഷയത്തിൽ ശ്രീ. ബിനോ പി. ജോസ് പെരുന്തോട്ടം ക്ലാസ് നയിച്ചു.

### SMCC അവാർഡ് പ്രതിഭാസംഗമങ്ങൾ

SMCC അവാർഡ് പ്രതിഭാ സംഗമം മേഖലാതല ശില്പശാലകൾ നവംബർ 2-ാം തീയതി ശനിയാഴ്ച ഹൈറേഞ്ച് മേഖലയിൽ അണക്കര പി.എ.സി.യിൽ വച്ചും ലോറേഞ്ച് മേഖലയിൽ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചും നടന്നു. മേഖലാതല ശില്പശാലകളിൽ നിന്നും രൂപതാതല ശില്പശാലയിലേക്ക് 45 കുട്ടികളെ തെരഞ്ഞെടുത്തു.

SMCC അവാർഡ് രൂപതാതല ശില്പശാല 2024 നവംബർ 16, 17 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടന്നു. 35 കുട്ടികളാണ് പങ്കെടുത്തത്. ഇവരിൽ നിന്നും 4 പേർ രൂപതാതല പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടു.

- അഡോൺ തോമസ്, വടക്കേപറമ്പിൽ, വലിയതോവാള
- ഇമ്മാനുവേൽ ജോർജ്, ഇരട്ടുപറമ്പിൽ, കപ്പാട്
- മരിയ മോനിക്ക ഫിലിപ്പ്, ഇരുപ്പക്കാട്ട്, ഇളങ്ങുളം
- സുകൃത ബിനോ, പെരുന്തോട്ടം, മുണ്ടക്കയം

ഡിസംബർ 29 മുതൽ 31 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന സഭാതല ശില്പശാലയിൽ ഇവർ പങ്കെടുക്കും.

### 8-ാമത് മാർ മാത്യു വട്ടക്കുഴി മെമ്മോറിയൽ കാറ്റക്കെറ്റിക്കൽ സിമ്പോസിയം

മാർ മാത്യു വട്ടക്കുഴി പിതാവിന്റെ 8-ാം ചരമവാർഷികത്തോടനുബന്ധിച്ച് നവംബർ 23-ാം തീയതി വിശ്വാസജീവിതപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സിമ്പോസിയം നടത്തപ്പെട്ടു. വിശ്വാ

സപരിശീലന കേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പരിപാടി ഉദ്ഘാടനം ചെയ്തു.

രൂപതാ വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വെള്ള മറ്റം അച്ചൻ ആശംസകളർപ്പിച്ച് സംസാരിച്ചു. ജീവകാരുണ്യ മേഖലയിൽ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ സംഭാവനകൾ (ഫാ. റോയി മാത്യു വടക്കേൽ), കാലികമാറ്റങ്ങൾ ഉൾക്കൊള്ളേണ്ട വിശ്വാസജീവിത പരിശീലനം (ഫാ. ബിന്നി കയ്യാണിയിൽ), വിശ്വാസജീവിത പരിശീലനത്തിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പ്രസക്തി (ഡോ. ജുബി മാത്യു പള്ളിവാതുക്കൽ) എന്നീ പേപ്പറുകൾ അവതരിപ്പിക്കപ്പെട്ടു. തുടർന്ന് ചർച്ചകൾ നടന്നു. സദസ്യരുടെ ചോദ്യങ്ങൾക്ക് പ്രബന്ധാവതാരകർ മറുപടി നൽകി.

രൂപതാ വൈസ് ചാൻസലർ പെരിയ ബഹു. മാത്യു ശൗര്യാംകുഴി അച്ചൻ മോഡറേറ്ററായിരുന്നു. ശ്രീ. ജോൺസൺ വട്ട ക്കുഴി ഏവർക്കും കൃതജ്ഞതയർപ്പിച്ചു. രൂപതയിലെ സൺഡേസ്കൂളുകളിൽ നിന്നും സിമ്പോസിയത്തിൽ പങ്കെടുത്ത എല്ലാ സ്റ്റാഫ് സെക്രട്ടറിമാർക്കും രൂപതാ ആനിമേറ്റർമാർക്കും മിഷൻലീഗ് രൂപതാഭാരവാഹികൾക്കും സിമ്പോസിയം നടത്തുന്നതിന് ആവശ്യകമായ എല്ലാ ക്രമീകരണങ്ങൾക്കും സഹകരിച്ച എല്ലാ വർക്കും അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ കുടുംബാംഗങ്ങൾക്കും സുവാറ കുടുംബത്തിന്റെ നന്ദി.

### സ്റ്റാഫ് സെക്രട്ടറിമാരുടെ സംഗമം

നവംബർ 25-ാം തീയതി ഉച്ചകഴിഞ്ഞ് 12.00 മണി മുതൽ സ്റ്റാഫ് സെക്രട്ടറിമാരുടെ സമ്മേളനം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു.

### രൂപതാ കലോത്സവം - ഏകദിനപരിശീലനവും മത്സരവും

നവംബർ 10-ാം തീയതി കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് സെന്റ് അൽഫോൻസാ വിഭാഗത്തിന്റെ സമൂഹഗാനത്തിന്റെയും സെന്റ് തോമസ് വിഭാഗത്തിന്റെ ഉപന്യാസത്തിന്റെയും പരിശീലനവും മത്സരവും നടന്നു. പ്രഗത്ഭരായ അധ്യാപകർ കുട്ടികൾക്ക് പരിശീലനം

നൽകി. പങ്കെടുത്തവർക്കും വിജയികളായവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**രൂപതാ സാഹിത്യോത്സവം**

2024 നവംബർ 24–ാം തീയതി കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് സെന്റ് ഡൊമിനിക് സാവിയോ വിഭാഗത്തിന്റെ പെയിന്റിംഗ്, സെന്റ് അൽഫോൻസാ വിഭാഗത്തിന്റെ പെയിന്റിംഗ്, കഥാരചന, കവിതാ രചന, ഉപന്യാസം, സെന്റ് തോമസ് വിഭാഗത്തിന്റെ കഥാരചന, കവിതാ രചന, പെയിന്റിംഗ് എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു. മത്സരത്തിന് പങ്കെടുത്ത എല്ലാ കുട്ടികൾക്കും സഹായിച്ച എല്ലാ അധ്യാപകർക്കും നന്ദി. രൂപതാ സാഹിത്യോത്സവത്തിൽ വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ. A, B, C ഗ്രേഡ് നേടിയ കുട്ടികളുടെ സർട്ടിഫിക്കറ്റ് പിന്നീട് നൽകുന്നതാണ്.

**രൂപതാ കലോത്സവം 2024 – സമ്മാനാർഹരായവർ**

## ST. DOMINIC SAVIO SECTION

### Elocution Boys

- I st - Jegan Joe Narithookkil,St.Mary's, Podimattam
- II nd - Joseph Thomas Mannarathu, Christu Raj, Rajagiri
- III rd - Joseph Kizhakkayil, Fathima Matha, Chamampathal

### Elocution Girls

- I st - Brijeeth Kaippanplackal, St.Mary's,Vellaramkunnu
- II nd - Anna Alanickal, St.George, Marykulam
- III rd - Mariam Joseph Pulluvelil, Christu Raj, Rajagiri

### Light Music Boys

- I st - Emmanuel Ponnamkuzhiyil, Mar Thomasleeha, Thulappally
- II nd - Alphy Jayan Thullathara, St.George,Pampadumpara
- III rd - Mathew Chethiyil, St.Joseph's,Kochuthovala

**Light Music Girls**

- I st - Alphonsa Panackal, Holy Family, Ponkunnam
- II nd - Anna Rose Mannarathu, Christu Raj, Rajagiri
- III rd - Mary Charles Tharayil , Sacred Heart, Ramakalmettu

**Recitation**

- I st - Aan Kuriakose Vattakunnel, St.Joseph,Vechoochira
- II nd - Mariyona Arackaparambil, St.Thomas, Kumily
- III rd - George Kombikkara, St.George, Marykulam

**Group Song**

- I st - Mareena Jose Puthupally& Team, St.Mary's,Elamgulam
- II nd - Anna Rose Mannarathu& Team , Christu Raj, Rajagiri
- III rd - Ann Mary Kannamangalam &Team , St.Mary's, Kannampally

**Drushyavatharanam**

- I st - Carolin Thuruthikizhakkel & Team, St.George, Kattappana
- II nd - Johns Koottiyanickal& Team , St.Rita's,Pullanithakidy
- III rd - Anna Joseph Madukkakuzhy & Team , St.Dominic's Cathedral, Kanjirapally

- Best Actor: - Mathew Manthadathil, Kattappana
- Best Actress: Carolin Thuruthikizhakkel, Kattappana

**Painting**

- I st - Alphonsa Baby, Cheeramchirakunnel St.Dominic's Cathedral, Kanjirapally
- II nd - Elizabeth Thomas, Perumattathil, St. Mary's, Kanayankavayal
- III rd - Mathew Antony, Villangukallumkal, St. Mary's, Anickadu

## ST. ALPHONSA SECTION

### Elocution Boys

- Ist - Nicholas Vazhayil- St. Joseph's, Kunnumbhgam
- IInd - Thomas Valummel- St. Thomas, Anakkara
- IIIrd - Mathew Scaria Kunnackattu- St. Antony's, Azhangadu

### Elocution Girls

- Ist - Alphonsa Pallivathukkal, St. Maria Goretti's, Kollamula
- IInd - Anna Joseph Madukkakuzhy, St. Dominic's, Kanjirappally
- IIIrd - Hanna Mariam Roby Puthuparambil, St. Thomas, Aniyartholu

### Light Music Boys

- Ist - George Joseph Vattothu, Carmala Matha, Chakupallam
- IInd - Joseph Kurian Puthenpurackal, St.George, Koruthodu
- IIIrd - Joseph Kollamparambil, Infant Jesus, Elikulam

### Light Music Girls

- Ist - Little Treesa Keekirikkattu, St. Joseph's, Cheenkalthadam
- IInd - Ann Maria Thundathil, O L D, Mundakayam
- IIIrd - Mary Varghese Maliackel, St.Thomas, Kannimala

### Recitation

- Ist - Mariam Padiyara, Holy Family, Ponkunnam
- IInd - Eliswa Srampickal, St.George, Marykulam
- IIIrd - Elizabeth Edamannel, Fathima Matha, Mlamala

### Group Song

- Ist - Andriya Job Cheruvathoor & Team, St.Antony's Anakkallu
- IInd - Gianna Kallumackal& Team, St. Thomas Church, Kumily
- IIIrd - Theresa Kunnel &Team, St. George Church, Marykulam

### Story Writing

- I<sup>st</sup> - Amala Maria James, Nalpathamkalam, Sacred Heart, Chenkal
- II<sup>nd</sup> - Anna Ottukalathil, St. Maria Goretti's, Kollamula
- III<sup>rd</sup> - Joan Maria Vadakkel, St. Joseph's, Peruvanthanam

### Painting

- I<sup>st</sup> - Emmy Elsa Dijo, Neelathumukkil, Holy Family, Kozhencherry
- II<sup>nd</sup> - Cicily Kurian, Vallompurayidom, St. Isidore, Nettithozhu
- III<sup>rd</sup> - Job Thomas, Chembakathumkal, Assumption, Erumely

### Poetry Writing

- I<sup>st</sup> - Alphonsa Devasia, Kizhakkenathu, St. Isidore, Nettithozhu
- II<sup>nd</sup> - Nessa Rose Ottaplackal, St. Antony's Keerikkara
- III<sup>rd</sup> - Mathew Paramthodu, St. Mathew's, Madukka

### Essay Writing

- I<sup>st</sup> - Mariamma George, Ayila, Mar Sleeva, Chellarcovil
- II<sup>nd</sup> - Anna Alphonsa Mathew, Chempakathumkal, St. Antony's, Anakkallu
- III<sup>rd</sup> - Annie Thomas, Maliyeckal, Assumption, Mundieruma

## ST. THOMAS SECTION

### Elocution Boys

- I<sup>st</sup> - Aprem Varickattu, St.Maria Goretti's, Kollamula
- II<sup>nd</sup> - Joseph Thomas Thekevayalil, St.Antony's Azhangadu
- III<sup>rd</sup> - Emmanuel P Boban Parackattu, Sacred Heart, Chenkal

### Elocution Girls

- I<sup>st</sup> - Annakutty Inchamala, Christu Raj ,Valiyathovala
- II<sup>nd</sup> - Lidiya Pious Pullattu, St.George, Pampadumpara
- III<sup>rd</sup> - Ann Maria Joseph, Vettukallumpurathu, St.Antony's, Vandanmedu

**Light Music Boys**

- Ist - Joseph Vettickal, Infant Jesus, Mulamkunnu
- IInd - Thomas Thomas Kadamthodu, Carmala Matha, Chakkupallam
- IIIrd - Mathew Pottamkulam, Fathima Matha ,Mlamala

**Light Music Girls**

- Ist - Alphonsa Antony, Kongamala, St.Antony's,Pulianmala
- IInd - Theres Devasia Viruthiyil, St.Antony's,Anakkallu
- IIIrd - Merin Roy Thykkoottathil, Assumption, Koothattukulam

**Group Song**

- Ist - Sebastian Romano, Vengaloor & Team , St.Antony's, Anakkal
- IInd - Alphonsa Panthalanickal & Team , Mary Matha Pathanamthitta
- IIIrd - Aprem Varickattu & Team, St. Maria Goretti's , Kollamula

**Recitation**

- Ist - Merin Roy Thaikkoottathil, Assumption, Koothattukulam
- IInd - Raichal Vettorthottam, St.Maria Goretti's, Kollamula
- IIIrd - Alphonsa K Antony Kongamala, St.Antony's,Pulianmala

**Bible Reading**

പി.ഡി. കുര്യൻ പുതിയാപറമ്പിൽ മെമ്മോറിയൽ ക്യാഷ് അവാർഡിന് അർഹരായവർ

- Ist - Shone Ummikuzhiyil, St.Joseph's, Koovappally Rs. 5000/-
- IInd - Maria Monica Eruppakkattu, St. Mary's, Elamgulam Rs. 3000/-
- IIIrd - Treesa Arackal, St.Maria Goretti's, Kollamula Rs. 2000/-

**Essay Writing**

- Ist - Celin Emmanuel Eruppakattu , St,Mary's,Elamgulam
- IInd - Aleyamma Keecheril,St. Thomas Church ,Anakkara
- IIIrd - Elsa John Koovakunnel,OLD, Mundakkayam

**Story Writing**

- Ist - Thresiamma Puthettu, St. Joseph's, Kochuthovala
- IInd - Anabel Thakidipurath, St. Mary's, Chembalam
- IIIrd - Elize Tholanickal, St. Maria Goretti's, Kollamula

**Painting**

- Ist - Sebastian Thomas Ezhuvanthanam, Carmalamatha, Chakkupallam
- IInd - Maria Ramanattu, St. Mary's, Podimattam
- IIIrd - Maria Anathil, St. George, Kattappana

**Poetry Writing**

- Ist - Treesa Kuzhipeedikayil, Christ Raj, Valiyathovala
- IInd - Catherine Sony, Palackattukunnel, St. Thomas Poomattam
- IIIrd - Maria Puthuparambil, St. Maria Goretti's, Kollamula

**ലൈഫ് ലൈൻ**

നവംബർ 30, ഡിസംബർ 1 തീയതികളിൽ മുണ്ടക്കയം, പെരുവന്താനം ഫൊറോനാകളിലെ 8-ാം ക്ലാസിലെ കുട്ടികൾക്കായി മുണ്ടക്കയം ഫൊറോനാകേന്ദ്രത്തിൽ വച്ച് ലൈഫ് ലൈൻ ക്ലാസ് നടത്തപ്പെട്ടു.

## Diploma Academic Certificate

പത്താം ക്ലാസ് വരെയുള്ള വിശ്വാസജീവിത പരിശീലനത്തിനു ശേഷം ഇടവകയിൽ എത്തി വിശ്വാസജീവിത പരിശീലനം തുടരാൻ കഴിയാത്ത കുട്ടികൾക്ക്, അവരുടെ ബൗദ്ധികതലം മാത്രം പരിഗണിച്ച് നടത്തുന്ന പരീക്ഷയ്ക്ക് ശേഷം അക്കാഡമിക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. 2023 – 2024 അധ്യയന വർഷം മുതൽ പതിനൊന്നാം

ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഈ സർട്ടിഫിക്കറ്റ് ലഭിക്കാൻ സാധ്യതയുള്ളത്.

സത്യസന്ധമായ കാരണങ്ങളാൽ ഞായറാഴ്ചകളിൽ സ്ഥിരമായി വിശ്വാസ ജീവിത പരിശീലന ക്ലാസിൽ എത്താൻ സാധിക്കാത്തവർ എന്ന് (ഉദാ: പഠനാവശ്യത്തിനായി പുറത്തു പോകുന്നവർ) ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തുന്ന 11-ാം ക്ലാസിലെ കുട്ടികൾക്കാണ് ഈ സൗകര്യം ഉള്ളത്. രൂപത വിശ്വാസജീവിത പരിശീലനകേന്ദ്രം രണ്ടുവർഷങ്ങളിലും (11, 12 ക്ലാസുകളിൽ) ഇവർക്കായി നടത്തുന്ന പ്രത്യേക പരീക്ഷയിൽ ഇവർ പങ്കെടുക്കേണ്ടതാണ്. വൈജ്ഞാനിക തലം (പാഠപുസ്തകം, ഉപപാഠപുസ്തകം, വിശുദ്ധരെ പരിചയപ്പെടൽ, നമസ്കാരങ്ങൾ etc.) മാത്രമായിരിക്കും പരീക്ഷയിൽ ഉൾപ്പെടുത്തുക. ഈ വിവരം രേഖപ്പെടുത്തിയിരിക്കുന്ന പ്രത്യേക സർട്ടിഫിക്കറ്റ് ആയിരിക്കും കുട്ടികൾക്ക് നൽകുന്നത്.

പതിനൊന്നാം ക്ലാസിലെ കുട്ടികളുടെ ഓൺലൈൻ രജിസ്ട്രേഷൻ സമയത്തുതന്നെ ഡിപ്ലോമ അക്കാഡമിക് സർട്ടിഫിക്കറ്റ് വിഭാഗത്തിലേക്ക് മാറുന്നവരുടെ പ്രത്യേക രജിസ്ട്രേഷനും, രൂപതാ കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന നിശ്ചിത രജിസ്ട്രേഷൻ ഫോമിൽ നൽകേണ്ടതാണ്.

സ്ഥിരമായി ക്ലാസിൽ സംബന്ധിക്കാതെ പരീക്ഷ മാത്രം എഴുതി സർട്ടിഫിക്കറ്റ് ലഭിക്കുന്ന രീതി ഇനിമേൽ ഉണ്ടായിരിക്കുന്നതല്ല.

## Special Category Certificate

സാധാരണ പരീക്ഷകൾ എഴുതി വിജയിക്കുന്നതിന് ആവശ്യമായ ബൗദ്ധിക കഴിവുകൾ ഇല്ലാത്ത കുട്ടികൾക്ക് 2023 - 2024 അധ്യയന വർഷം മുതൽ, വിശ്വാസ ജീവിത പരിശീലനം പൂർത്തിയാക്കി കഴിയുമ്പോൾ Special Category Certificate നൽകുന്നു. ഇപ്രകാരമുള്ള കുട്ടികൾ പരീക്ഷകൾ ഒഴികെയുള്ള വിശ്വാസ ജീവിത പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നു.

പത്താം ക്ലാസിലെ വാർഷിക പരീക്ഷയുടെ രജിസ്ട്രേഷൻ

സമയത്ത് (ഈ വർഷം 11, 12 ക്ലാസ്സിലെ കുട്ടികൾക്കും) ഈ കുട്ടികളുടെ മാതാപിതാക്കൾ Special Category Certificate ലഭിക്കുന്നതിനുള്ള നിർദ്ദേശം നിശ്ചിത ഫോമിൽ, ബഹു. വികാരിയച്ചന്റെ ശിപാർശയോടെ രൂപത വിശ്വാസജീവിത പരിശീലന കേന്ദ്രത്തിൽ നൽകേണ്ടതാണ്. ഇതിനായുള്ള പ്രത്യേക ഫോം രൂപത വിശ്വാസ ജീവിത പരിശീലന കേന്ദ്രത്തിൽ ലഭ്യമാണ്.

പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കി കഴിയുമ്പോൾ അവർക്ക് Special Category Certificate നൽകുന്നതാണ്. Special Category കുട്ടികൾക്കുവേണ്ടി നടത്തിയിരുന്ന പ്രത്യേക പരീക്ഷ ഇനി ഉണ്ടായിരിക്കില്ല.

**ഉത്ഥാനോത്സവം ദിവസങ്ങളിലെ മാറ്റം**

2025 മാർച്ച് 29 ശനിയാഴ്ച സ്കൂളുകൾ മധ്യവേനൽ അവധിക്ക് അടയ്ക്കുന്ന സാഹചര്യത്തിൽ ഈ അധ്യയന വർഷത്തിലെ ഉത്ഥാനോത്സവം 2025 മാർച്ച് 31 തിങ്കൾ മുതൽ ഏപ്രിൽ 4-ാം തീയതി വെള്ളിയാഴ്ച വരെയും 1 മുതൽ 9 വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷ 5-ാം തീയതി ശനിയാഴ്ചയും ആയി പുന:ക്രമീകരിക്കുന്നു. ഇതനുസരിച്ച് ഉത്ഥാനോത്സവ അധ്യാപക പരിശീലനങ്ങളും നേരത്തെ നടത്തുന്നതാണ്. തീയതികളിലെ വ്യത്യാസം പ്രത്യേകമായി ശ്രദ്ധിച്ച് വേണ്ട ക്രമീകരണങ്ങൾ ഉത്തരവാദിത്വപ്പെട്ടവർ നടത്തുമല്ലോ.

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ഡിസംബർ മാസത്തെ കർമ്മപരിപാടികൾ**

1 ഞായർ — മിഷൻ എയ്ഞ്ചൽസിനുവേണ്ടിയുള്ള പ്രാർത്ഥന ആരംഭിക്കുന്നു.

3 ചൊവ്വ — മിഷൻലീഗിന്റെ ഉപമദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ

14 ശനി — മിഷൻ ക്വസ്റ്റ് (Online quiz) - 6.00 pm to 6.40 pm

**മിഷൻ ക്വിസ് 2024**

നവംബർ 9-ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട മിഷൻ ക്വിസ് 2024 ൽ 56 ടീമുകൾ പങ്കെടുത്തു. രൂപതാ പ്രൊക്കുറേറ്റർ വെരി റവ. ഫാ. ഫിലിപ്പ് തടത്തിൽ വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു.

മിഷൻ ക്വിസിൽ യഥാക്രമം 4 സ്ഥാനങ്ങൾ കരസ്ഥമാക്കിയ ടീമുകൾ.

1-ാം സ്ഥാനം : സെന്റ് ജോസഫ് സൺഡേസ്കൂൾ, പെരുവന്താനം
2-ാം സ്ഥാനം : സെന്റ് മേരീസ് സൺഡേസ്കൂൾ, ചേമ്പളം
3-ാം സ്ഥാനം : സെന്റ് ഇസിദോർ സൺഡേസ്കൂൾ, നെറ്റിത്തൊഴു
4-ാം സ്ഥാനം : സെന്റ് മേരീസ് സൺഡേസ്കൂൾ, ഇളങ്ങുളം

വിജയികളായവർക്ക് രൂപതാകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങളും, പ്രാർത്ഥനകളും നേരുന്നു.

പുതുമ നിറഞ്ഞതും ലളിതവുമായ ശൈലിയിൽ ക്വിസ് പ്രോഗ്രാം അവതരിപ്പിച്ച ബഹുമാനപ്പെട്ട മനു രാജ് ജൂഡ് പുത്തൻവീട്ടിൽ അച്ചനും കുട്ടികളെ ഒരുക്കി അയച്ച എല്ലാ വിശ്വാ

സജീവിതപരിശീലകർക്കും മാതാപിതാക്കൾക്കും പങ്കെടുത്ത കുട്ടികൾക്കും മിഷൻക്വിസിൽ സജീവസാന്നിധ്യമായിരുന്ന രൂപതാ സി.എം.എൽ. എക്സിക്യൂട്ടീവ് അംഗങ്ങൾക്കും രൂപതാ മിഷൻലീഗ് കുടുംബത്തിന്റെ പ്രത്യേകമായ അനുമോദനങ്ങളും കൃതജ്ഞതയും.

**മിഷൻക്വസ്റ്റ് 2024**

സീറോമലബാർ സഭയുടെ വിശ്വാസജീവിതപരിശീലന കമ്മീഷന്റെയും മിഷൻ ഓഫീസിന്റെയും നേതൃത്വത്തിൽ നടത്തുന്ന മിഷൻ ക്വിസ്റ്റ് ഈ വർഷം ഡിസംബർ 14 ശനിയാഴ്ച വൈകുന്നേരം 6 മണി മുതൽ 6.40 വരെ ഗൂഗിൾഫോമിൽ നടക്കുന്നതാണ്. മുൻകൂർ രജിസ്ട്രേഷനോ രജിസ്ട്രേഷൻ ഫീസോ ഇല്ല.

**പഠനഭാഗങ്ങൾ**

| | | |
|---|---|---|
| 1. | ബൈബിൾ | ലൂക്കായുടെ സുവിശേഷം (ഈശോയുടെ മിഷൻ പ്രവർത്തനങ്ങൾ) |
| 2. | മിഷൻ | സുവിശേഷ പ്രഘോഷണം (Evangeli Nuntiandi: Apostolic Exhortation) |
| 3. | മതബോധനം | സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (അധ്യായം 1& 2, പേജ് 1-37) |

| അനുപാതം | സഹായ ഉറവിടങ്ങൾ |
|---|---|
| 30% | POC Bible/NRSV |
| 40% | പഠനസഹായിയും മാതൃകാചോദ്യങ്ങളും www.syromalabarmission.com |
| 30% | മാതൃകാചോദ്യങ്ങൾക്ക് www.syromalabarmission.com |

**സമ്മാനങ്ങൾ**

| | | | |
|---|---|---|---|
| ആഗോളതലത്തിൽ | 1st : 20,000/- | 2nd : 15,000/- | 3rd : 10,000/- |
| രൂപതാതലത്തിൽ | 1st : 2,000/- | 2nd : 1,500/- | 3rd : 1,000/- |

## നിർദ്ദേശങ്ങൾ

1. പഠനഭാഗങ്ങളുടെ ലഭ്യതയും ഭാഷയും : മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക് എന്നീ അഞ്ചുഭാഷകളിലാണ് ഈ ക്വിസ് പ്രോഗ്രാം നടത്തപ്പെടുന്നത്. പഠനഭാഗസംബന്ധമായ ചോദ്യങ്ങളും ഉത്തരങ്ങളും ഈ അഞ്ചുഭാഷകളിൽ വെബ്സൈറ്റിൽ ലഭ്യമാണ്. https://www.syromalabarmission.com കൂടാതെ YouTube: SyroMalabar Mission, Face book and Instagram: SyroMalabar Mission എന്നിവയിലും ലഭ്യമാക്കുന്നതാണ്.

2. ആശയവിനിമയത്തിന് : Email ID: missionquestsym@gmail.com Whatsapp:94960388700

3. വിഭാഗങ്ങൾ: പങ്കെടുക്കുന്നവരെ രണ്ടു വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. 1 ജൂനിയേഴ്സ് (12 ക്ലാസ് വരെ വിശ്വാസജീവിതപരിശീലനം നടത്തുന്നവർ). 2. സീനിയേഴ്സ് (മറ്റു പ്രായപരിധിയിലുള്ള എല്ലാവരും). രണ്ടു വിഭാഗത്തിനു വെവ്വേറെ ചോദ്യപേപ്പറുകൾ ആണ്.

4. സമയം: ഗൂഗിൾ ഫോം വഴി നടത്തപ്പെടുന്ന ക്വിസ് ഡിസംബർ 14 ന് വൈകുന്നേരം 6 മണി മുതൽ 40 മിനിറ്റ് നേരത്തേക്ക് സജീവമായിരിക്കും.

5. രജിസ്ട്രേഷൻ: മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ ഇല്ല. എന്നാൽ ഗൂഗിൾ ഫോം തുറക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, രൂപത, മൊബൈൽ നമ്പർ, ഇമെയിൽ ഐ.ഡി. എന്നിവ ചേർക്കണം. നിങ്ങളുടെ രൂപത അല്ലെങ്കിൽ അപ്പോസ്റ്റോലിക് വിസിറ്റേഷൻ, മിഷൻ റീജൻ, ഗൾഫ്, സിങ്കപ്പൂർ, സൗത്ത് ആഫ്രിക്കൻ മിഷൻ, മറ്റുള്ളവ എന്നിവ കൃത്യമായി എഴുതണം.

6. പങ്കാളിത്ത ലക്ഷ്യം : ഓരോ രൂപതയിൽനിന്നും അവിടെയുള്ള വിശ്വാസി സമൂഹത്തിന്റെ 1% എങ്കിലും ആളുകളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. 2%ത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന രൂപതകൾക്ക് പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതായിരിക്കും.

7. വിജയികൾ : ശരിയായ ഉത്തരങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ എഴുതുന്നവരെയാണ് വിജയികളായി പ്രഖ്യാപിക്കുന്നത്.

8. സമ്മാനവിതരണം ; വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനത്തുകയും 2025 ജനുവരിയിൽ നടക്കുന്ന സിനഡിൽ പങ്കെടുക്കാനെത്തുന്ന പിതാക്കന്മാരുടെ കൈവശം കൊടുത്തു വിടുന്നതാണ്.

**ലോഗോസ് ഫൈനൽ മത്സരങ്ങൾ**

2024 ലോഗോസ് ക്വിസ് സംസ്ഥാനതല പരീക്ഷയിൽ നമ്മുടെ രൂപതയിൽ നിന്നും D വിഭാഗത്തിൽ മത്സരിച്ച് 4-ാം സ്ഥാനം കരസ്ഥമാക്കിയ ചാമംപതാൽ ഫാത്തിമമാതാ ഇടവകാംഗമായ ശ്രീ. ജോസഫ് ചാക്കോ പയറ്റ്നാക്കുഴിയ്ക്ക് രൂപതാകുടുംബത്തിന്റെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**മിഷൻ സന്ദേശ് 2024 നവംബർ 25 വരെ തുക നൽകിയ ഇടവകകൾ**

| | | | |
|---|---|---|---|
| ഗ്രീൻവാലി | 19150 | നരിയമ്പാറ | 5000 |
| പുറ്റടി | 44200 | പുളിങ്കട്ട | 7000 |
| നെയ്യാട്ടുശ്ശേരി | 31000 | എരുത്വാപ്പുഴ | 16310 |
| ഗ്രേയ്സ്വാലി | 10000 | രാമക്കൽമേട് | 10000 |
| സ്വരാജ് | 5000 | ചെങ്കൽ | 50000 |
| മീൻകുഴി | 5000 | കുന്നുംഭാഗം | 72890 |
| ചെറുവള്ളി | 10000 | വണ്ടൻപതാൽ | 30000 |
| ഏയ്ഞ്ചൽവാലി | 10000 | കോരുത്തോട് | 32000 |
| അഴങ്ങാട് | 6020 | പുറക്കയം | 8200 |
| തമ്പലയ്ക്കാട് | 26735 | തുലാപ്പള്ളി | 10000 |
| വഞ്ചിമല | 20270 | കോന്നി | 1630 |
| എരുമേലി | 40000 | വകയാർ | 1000 |
| വെള്ളാരംകുന്ന് | 51000 | പാണപിലാവ് | 8000 |
| നിരവ് | 2500 | പാലപ്ര | 7200 |

| | |
|---|---|
| ഉമിക്കുപ്പ | 20000 |
| പുളിയന്മല | 30600 |
| കണയങ്കവയൽ | 20000 |
| ഇടമൺ | 12000 |
| ഇഞ്ചിയാനി | 12200 |
| മുറിഞ്ഞപുഴ | 8600 |
| ജോൺപോൾ IInd | 35170 |
| പാലൂർക്കാവ് | 25000 |
| ഇടക്കുന്നം | 10000 |
| സന്യാസിയോട | 5000 |
| ഇളംങ്ങുളം | 50000 |
| ചോറ്റുപാറ | 5100 |
| കുമളി | 55000 |
| ഇളങ്ങോയി | 25000 |
| കപ്പാട് | 100000 |
| തെക്കേമല | 5000 |
| കരിക്കാട്ടൂർ | 10000 |
| കമ്പംമെട്ട് | 48020 |
| കണ്ണമ്പള്ളി | 15000 |
| പഴയിടം | 25000 |
| പടനിലം | 6000 |
| പൂമറ്റം | 7250 |
| കൽത്തൊട്ടി | 30000 |
| ആനിക്കാട് | 65000 |
| നസ്രാണിപുരം | 28664 |
| അഞ്ചിലിപ്പ | 53630 |
| പുത്തൻകൊരട്ടി | 37000 |
| പാലമ്പ്ര | 10000 |
| പെരുവന്താനം | 7000 |
| കുഴിത്തൊളു | 15000 |
| പുഞ്ചവയൽ | 17520 |
| മടുക്ക | 7000 |
| പീരുമേട് | 7500 |
| മേലോരം | 5000 |
| ആലംപള്ളി | 5250 |
| വെച്ചൂച്ചിറ | 35000 |
| കൊച്ചുതോവാള | 22860 |
| മുണ്ടിയെരുമ | 15000 |
| പാമ്പാടുംപാറ | 20550 |
| അണക്കര | 50000 |
| ചെല്ലാർകോവിൽ | 39900 |
| ഉപ്പുതറ | 50500 |
| റാന്നി | 16000 |

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

## ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സ്

ബൈബിളിലെ പുസ്തകങ്ങൾ കേന്ദ്രീകരിച്ച് 24 വിഷയങ്ങളടങ്ങിയ (2025-2026 വർഷത്തെ) ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു. വടവാതൂർ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരമുള്ള കോഴ്സാണിത്. എല്ലാ വിഷയങ്ങൾക്കും പൊതുഅവധി ദിവസങ്ങളിൽ ഏകദിനക്ലാസ്സുകൾ ഉണ്ടായിരിക്കും. തുടർന്ന്, നോട്ടുകൾ, വീഡിയോ ഓഡിയോ സഹായസാമഗ്രികൾ ഉപയോഗപ്പെടുത്തിയുള്ള വ്യക്തിഗത പഠനവുമാണ് ഉദ്ദേശിക്കുന്നത്. ഈ കോഴ്സിൽ ചേർന്നു പഠിക്കാനാഗ്രഹിക്കുന്നവർ ബൈബിൾ അപ്പസ്തോലേറ്റിന്റെ ഔദ്യോഗിക നമ്പറിലേക്കു വാട്ട്സ്ആപ്പ് മെസേജ് അയയ്ക്കുകയോ തന്നിരിക്കുന്ന മെയിൽ അഡ്രസ്സിലേക്കു മെയിൽ അയ്ക്കുകയോ ചെയ്താൽ വിശദവിവരങ്ങളും അപേക്ഷാ ഫോമുകളും നല്കുന്നതാണ്.

മൊബൈൽ : 8589985736, kplybibleapostolate@gmail.com

## ദൈവവചനപാരായണമാസം

ഈശോയുടെ തിരുപ്പിറവിക്കൊരുങ്ങുന്ന മംഗളവാർത്താക്കാലത്തിൽ വചനവായനയിലൂടെയും പ്രാർത്ഥനയിലൂടെയും ഒരുങ്ങാം.

## ഡിപ്ലോമ ക്ലാസ്സ്

ഈ മാസം രണ്ടാം ശനിയാഴ്ച 14-ാം തീയതി വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ - രണ്ടാം ഭാഗം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. മനു പുത്തൻവീട്ടിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**നവംബർ**

30 – നൈറ്റ് വിജിൽ, പുത്തൻകൊരട്ടി

**ഡിസംബർ**

01 – യൂണിറ്റ് വിസിറ്റ് – എമ്മാവൂസ്

08 – വോളണ്ടിയേഴ്സ് മീറ്റിംഗ്
നസ്രാണി യുവശക്തി

14, 15 – മീറ്റിംഗ്, നസ്രാണി യുവശക്തി, യൂണിറ്റ് വിസിറ്റ്, ന്യൂനപക്ഷകമ്മീഷൻ തൊഴിൽമേള – പൊടിമറ്റം

21, 22 – ടീൻ ഫെസ്റ്റ്

26 – നസ്രാണി യുവശക്തി
മരിയൻ കോളേജ്, കുട്ടിക്കാനം

28 – ക്രിക്കറ്റ് ടൂർണമെന്റ്

29 – യൂണിറ്റ് വിസിറ്റ്, ഫൊറോന ഇലക്ഷൻ

**മുനമ്പം – ഐക്യദാർഢ്യം**

സ്വന്തം ഭൂമിയുടെ ഉടമസ്ഥാവകാശം നിലനിർത്തുന്നതിനു വേണ്ടി പോരാടുന്ന മുനമ്പം നിവാസികൾക്ക് കാഞ്ഞിരപ്പള്ളി രൂപതയിലെ കത്തോലിക്ക കോൺഗ്രസ്, എസ്.എം.വൈ.എം. സംഘടനകളുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ച് നവംബർ 1–ാം തീയതി വെള്ളിയാഴ്ച എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചനും സമിതിയംഗങ്ങളും സമരത്തിൽ പങ്കെടുത്ത് സംസാരിച്ചു.

**എസ്.എം.വൈ.എം. സംസ്ഥാനതല പ്രവർത്തനവർഷ ഉദ്ഘാടനവും യുവനസ്രാണി സംഗമവും**

ഇടുക്കിരൂപതയുടെ ആതിഥേയത്വത്തിൽ ഇടുക്കി, കാൽവരി മൗണ്ട് സെന്റ് തോമസ് ദൈവാലയത്തിൽ നവംബർ 3 ന് സംഘടിപ്പിക്കപ്പെട്ട എസ്.എം.വൈ.എം. സംസ്ഥാനതല പ്രവർത്തനവർഷ ഉദ്ഘാടനത്തിലും യുവനസ്രാണി സംഗമത്തിലും കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചനും സമിതിയംഗങ്ങളും വിവിധ ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. വിവിധ രൂപതകൾ തമ്മിലുള്ള സാഹോദര്യം വളർത്തുന്നതിന്റെ ഭാഗമായി കോട്ടയം രൂപത, യുവജനപ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ജോൺ പോൾ പാപ്പായുടെ ഛായാചിത്രവും കോതമംഗലം രൂപത കെ.സി.വൈ.എം. ദ്വിവർണ്ണപതാകയും കാഞ്ഞിരപ്പള്ളി രൂപത കൊടിമരവും വഹിച്ചുകൊണ്ട് സമ്മേളനവേദിയിലെത്തി. ആഘോഷമായ വി. കുർബാനയെത്തുടർന്ന് സമ്മേളനവും കലാസന്ധ്യയും നടത്തപ്പെട്ടു.

**ടീൻഫെസ്റ്റ് - കുമളി, പെരുവന്താനം**

കുമളി ഫൊറോനയുടെ ടീൻഫെസ്റ്റ് നവംബർ 9, 10 തീയതികളിൽ അട്ടപ്പള്ളം സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. 108 കുട്ടികളുടെ പങ്കാളിത്തമുണ്ടായിരുന്ന ഈ ക്യാമ്പിന് എസ്.എം.വൈ.എം. രൂപത ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചൻ നേതൃത്വം നൽകി. വി. കുമ്പസാരം, ആരാധന, വി. കുർബാന, ദിവ്യകാരുണ്യപ്രദക്ഷിണം, ക്ലാസുകൾ, കൂട്ടായ്മ സന്ദർശനം ഇവയിലൂടെ പൂർത്തീകരിക്കപ്പെട്ട ടീൻഫെസ്റ്റിന് പരിപൂർണ്ണ പിന്തുണ നൽകി സഹായിച്ച അട്ടപ്പള്ളം വികാരി ബഹു. തോമസ് പൂവത്താനിക്കുന്നേലച്ചനും കുമളി ഫൊറോന എസ്.എം.വൈ.എം. ഡയറക്ടർ ബഹു. ആന്റോ പേഴുംകാട്ടിലച്ചനും ആനിമേറ്റർ സി. ആൻസ് മരിയ വളയത്തിൽ എസ്.എ.ബി.എസ്. നും ഇടവക ആനിമേറ്റർ സി. സ്റ്റെല്ല തുണ്ടിയിൽ എസ്.എ.ബി.എസ്. നും കുമളി ഫൊറോന സമിതിയംഗങ്ങൾക്കും രൂപതാ സമിതിയംഗങ്ങൾക്കും പ്രത്യേകം നന്ദി.

പെരുവന്താനം ഫൊറോനയുടെ ടീൻഫെസ്റ്റ് നവംബർ 23-24 തീയതികളിൽ പെരുവന്താനം സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ചു നടത്തപ്പെട്ടു. 45 കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പിന് ആവശ്യമായ പിന്തുണകൾ നൽകി കൂടെ നിന്ന ബഹു. വികാരിയച്ചൻ

ബഹു. സോബിൻ താഴത്തുവീട്ടിലച്ചനും പെരുവന്താനം ഫൊറോന SMYM ഡയറക്ടർ ബഹു. എബി വാണിയപ്പുരയ്ക്കലച്ചനും ഇടവക ആനിമേറ്റർ സി. വിമൽ റോസ് എഫ്.സി.സി.യ്ക്കും സമിതിയംഗ ങ്ങൾക്കും രൂപതാ സമിതിയംഗങ്ങൾക്കും പ്രത്യേകം നന്ദി.

**കെ.സി.വൈ.എം. കലോത്സവം**

നവംബർ 10-ാം തീയതി തിരുവനന്തപുരത്തുവച്ചു നടന്ന കെ.സി.വൈ.എം. സംസ്ഥാനതല കലോത്സവത്തിൽ തെരുവുനാടക ത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കട്ടപ്പന ഫൊറോനാംഗ ങ്ങൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ. കഥാരചന മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ആഷ്ന വരിക്കയിൽ (എയ്ഞ്ചൽവാലി) അഭിനന്ദ നങ്ങൾ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസംബർ 26-ാം തീയതി നടത്തപ്പെടുന്ന 'നസ്രാണി യുവശക്തി'ക്കൊരുക്കമായുള്ള പ്രാരംഭസമ്മേളനം നവംബർ 17-ാം തീയതി ഞായറാഴ്ച കാഞ്ഞിരപ്പള്ളി എസ്.എം.വൈ.എം. രൂപതാ ഓഫീസിൽ വച്ച് നടത്തപ്പെട്ടു.

**ഉത്സവ് 2024**

യുവജനങ്ങളുടെ കലാസാഹിത്യവാസനകളെ വളർത്തുക എന്ന ലക്ഷ്യത്തോടെ 'ഉത്സവ് 2024' നടത്തപ്പെട്ടു. ഒക്ടോബർ 20 ന് രൂപതാതല രചനാമത്സരങ്ങളും, ഒക്ടോബർ 31 വ്യാഴാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 8 മണിവരെ കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് കലാമത്സരങ്ങളും നടത്തപ്പെട്ടു. സമാപന സമ്മേളനത്തിൽ രൂപതാ വികാരി ജനറാൾ റവ. ഫാ. ജോസഫ് വെള്ളമറ്റം വിജയികൾക്കുള്ള സമ്മാനദാനം നിർവഹിക്കുകയും ആശംസകൾ നേരുകയും ചെയ്തു. മത്സരഫലങ്ങൾ ചുവടെ ചേർക്കുന്നു.

**1. രചനാമത്സരങ്ങൾ**

I. കഥാരചന

1. ആഷ്ന വരിക്കയിൽ, എയ്ഞ്ചൽവാലി, A Grade
2. അന്ന മരിയ പാറയ്ക്കൽ, പെരുവന്താനം, A Grade
3. സാന്ദ്ര വിൽസൺ, വലിയതോവാള, B Grade

II. കവിതാ രചന

1. ജിൻസി കെ. ഇലവൂർകോണം, സീതത്തോട്, A Grade
2. ജിയ, വലിയതോവാള, B Grade
3. റ്റാനിയ മാത്യു, വടക്കേൽ, C Grade

III. ഉപന്യാസം

1. മേബിൾ, കുളത്തുംകുഴിയിൽ, തേർഡ്ക്യാമ്പ്, B Grade
2. നോയൽ ഷിജി, കൊല്ലംപറമ്പിൽ, കോരുത്തോട്, B Grade
3. ജോമിയ ജോസഫ്, വെള്ളാരംകുന്ന്, B Grade

IV. ചിത്രരചന

1. നിജിൻമോൻ റെജി, വെള്ളാരംകുന്ന്, A Grade
2. എലിസബത്ത് തകിടിപുറം, കുറുമ്പൻമൂഴി, B Grade
3. സെലിൻ പുലിക്കുന്നേൽ, പൊടിമറ്റം, C Grade

V. ബൈബിൾ വാക്യരചന

1. അനിത സിബി, ഇളങ്ങോയി, A Grade
2. മരിയ മോനിക്ക ഫിലിപ്പ്, ഇളംങ്ങുളം, C Grade
3. ക്രിസ്റ്റീന കീരംചിറയിൽ, അമലഗിരി, C Grade

VI. കാർട്ടൂൺ രചന

1. എലിസബത്ത് പയസ്, കുമളി, B Grade
2. ജിന്റു ജിൽസൺ, ചെങ്ങളം, B Grade
3. ഐറിൻ രാമനാട്ട്, C Grade

VII. ഡിജിറ്റൽ പോസ്റ്റർ മേക്കിംഗ്

1. അലൻ ഷിൻസ്, ചെല്ലാർകോവിൽ, A Grade
2. ആൽഫിൻ കളരിക്കൽ, കാഞ്ഞിരപ്പള്ളി, B Grade
3. സിജോ തോമസ്, മരിയഗിരി, C Grade

**2. കലാ മത്സരങ്ങൾ**

**ഉത്സവ് മത്സരവിജയികൾ**

**1. പ്രസംഗം – English - Boys**

I. കിരൺ വാതല്ലൂർ പാണപിലാവ്, എരുമേലി, A Grade
II. എബിൻ വലിയകുളത്തിൽ, പേഴുംപാറ, റാന്നി, പത്തനംതിട്ട,

B Grade

III. മാത്യു ആന്റണി വണ്ടൻമേട്, അണക്കര, B Grade

**2. പ്രസംഗം – English - Girls**

I. റോസ് മരിയ, കുമളി, കുമളി, A Grade

II. ആൻ റോസ് ആനക്കല്ല്, കാഞ്ഞിരപ്പള്ളി, A Grade

III. സെന്നാ സിബി, കോഴിമല, മുണ്ടക്കയം, മുണ്ടക്കയം, A Grade

**3. പ്രസംഗം – മലയാളം - Boys**

I. എബിൻ വലിയകുളത്തിൽ, പേഴുംപാറ, റാന്നി, A Grade

II. അലൻ ജോയ്സ്, മേരികുളം, കട്ടപ്പന, B Grade

III. അലൻ വാരിക്കാട്ട്, കൊല്ലമുള, എരുമേലി, B Grade

**4. പ്രസംഗം – മലയാളം - Girls**

I. റോണ പുതുപ്പറമ്പിൽ, കൊല്ലമുള, എരുമേലി, A Grade

II. ക്രിസ്റ്റി സെബാസ്റ്റ്യൻ, ചെങ്ങളം, പൊൻകുന്നം, B Grade

III. ഒലിവിയ കാഞ്ഞിരപ്പള്ളി, കാഞ്ഞിരപ്പള്ളി, B Grade

**5. ലളിതഗാനം - Boys**

I. പ്രിൻസ് കുമളി – കുമളി, A Grade

II. ലിനോ ലാലിച്ചൻ, മ്ലാമല, കുമളി, A Grade

III. റ്റിനോ ജോജി, ഇളങ്ങോയി, പൊൻകുന്നം, A Grade

**6. ലളിതഗാനം - Girls**

I. അൽഫോൻസ പുളിയന്മല, മുണ്ടിയെരുമ, A Grade

II. ഡയോണ, നസ്രാണിപുരം, കുമളി, A Grade

III. അഞ്ചിത ദേവ്, ആനക്കല്ല്, കാഞ്ഞിരപ്പള്ളി, A Grade

IV. അന്ന കാതറീൻ, പൊൻകുന്നം, പൊൻകുന്നം, A Grade

**7. Spot Choreography**

I. റോസ്ന ആന്റണി, കുമളി, A Grade

II. മാനുല ഗ്രെയ്സ്, കട്ടപ്പന, A Grade

III. അബിജ ജോജൻ, പെരുവന്താനം, A Grade

**8. ഫോട്ടോഗ്രഫി**

I. ഡേവിസ് മാർട്ടിൻ, കട്ടപ്പന, A Grade

II. ഡാനി കൈപ്പൻപ്ലാക്കൽ, പുറ്റടി, അണക്കര, A Grade

III. റിജോ കേളിയംപറമ്പിൽ, കാഞ്ഞിരപ്പള്ളി, A Grade

**9. മാർഗ്ഗംകളി**

I. അക്സ മരിയ ആന്റണി & ടീം, കാഞ്ഞിരപ്പള്ളി, A Grade

II. റോസ്ന & ടീം, കുമളി, A Grade

III. അലോണ രാജ് & ടീം, പൊൻകുന്നം, A Grade

**10. ബൈബിൾ അവതരണം**

I. അജു ജോർജ് & ടീം, കട്ടപ്പന, A Grade

II. എൽനാ റ്റി. ജോബി & ടീം, ചെങ്ങളം, പൊൻകുന്നം A Grade

III. നോബിൾ & ടീം, കാഞ്ഞിരപ്പള്ളി, A Grade

III. നിജിൻ മൈലമൂട്ടിൽ & ടീം, വെള്ളാരംകുന്ന്, കുമളി, A Grade

**11. മൈം**

I. ആൽവിൻ സജി & ടീം, കട്ടപ്പന, A Grade

II. സച്ചിൻ & ടീം, ചേനപ്പാടി, കാഞ്ഞിരപ്പള്ളി, A Grade

III. ബെൻവിൻ & ടീം, വെള്ളാരംകുന്ന്, കുമളി, A Grade

**12. പരിചമുട്ടുകളി**

I. ഷിന്റോ & ടീം, കൊല്ലമുള, എരുമേലി, A Grade

II. ജോജി ജോസ് & ടീം, കാഞ്ഞിരപ്പള്ളി, A Grade

III. അഡ്രിയാൻ & ടീം, കാഞ്ചിയാർ, കട്ടപ്പന, A Grade

**13. ഷോർട്ട് ഫിലിം**

I. ജസ്വിൻ ജോർജ്, കോരുത്തോട്, മുണ്ടക്കയം, B Grade

II. ആൽവിൻ & ടീം, പാണപിലാവ്, എരുമേലി, B Grade

III. അലക്സ് & ടീം, മേരികുളം, കട്ടപ്പന, C Grade

III. ആൽബിൻ & ടീം, ആനവിലാസം, കുമളി, C Grade

**14. ഡിബേറ്റ്**

I. തോമസ് അലക്സ് പൗവത്ത്, അഖില, പെരുവന്താനം, A Grade

II. ജിയോ പാലത്തിനാൽ, ഡിനിറ്റ് കൊച്ചുവീട്ടിൽ, വെളിച്ചിയാനി, B Grade

III. ആൽഫ്രഡ് റ്റോം, റയാൻ എലിസൺ, മുണ്ടക്കയം, B Grade

**15. SMYM ആന്തം**

I. ലിയാന ജെയിംസ് & ടീം, കട്ടപ്പന A Grade

II. പ്രിൻസ് & ടീം, കുമളി, A Grade

III. ബിറ്റോ കൊച്ചുപറമ്പിൽ & ടീം, വെളിച്ചിയാനി, A Grade

**16. തെരുവ് നാടകം**

I. സുബിൻ & ടീം, കട്ടപ്പന A Grade

II. ജോയൽ & ടീം, ചാമംപതാൽ, പൊൻകുന്നം, A Grade

III. ജോയൽ & ടീം, കുമിളി, A Grade

III. ഒലീവിയ & ടീം, കാഞ്ഞിരപ്പള്ളി, A Grade

**രചന Overall**

Ist. - കുമളി (22)

IInd. - പൊൻകുന്നം (20)

IIIrd. - എരുമേലി (16)

**ഉത്സവ് Overall**

Champions - കുമളി (128)

Ist Runners up - കട്ടപ്പന (110)

IInd Runners up - കാഞ്ഞിരപ്പള്ളി (91)

പൊൻകുന്നം (74)

എരുമേലി (65)

മുണ്ടക്കയം (35)

പെരുവന്താനം (31)

റാന്നി - പത്തനംതിട്ട (26)

വെളിച്ചിയാനി (24)

അണക്കര (22)

മുണ്ടിയെരുമ (18)

ഉപ്പുതറ (2)

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**2024 ഡിസംബർ മാസത്തെ കർമ്മപരിപാടികൾ**

3 ചൊവ്വ - മാതൃവേദി രൂപതാ വാർഷികം. പൊടിമറ്റം, സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

4 ബുധൻ - പ്രചോദിനി (ലോറേഞ്ച് മേഖല) പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

5 വ്യാഴം - വിവാഹഒരുക്കധ്യാനം 5, 6, 7 തീയതികളിലായി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

11 ബുധൻ - പ്രചോദിനി (ഹൈറേഞ്ച് മേഖല) കട്ടപ്പന സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു.

12 വ്യാഴം - വിവാഹഒരുക്കധ്യാനം 12, 13, 14 തീയതികളിലായി അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

19 വ്യാഴം - വിവാഹഒരുക്കധ്യാനം 19, 20, 21 തീയതികളിലായി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**വിവാഹ ഒരുക്ക ധ്യാനം**

നവംബർ 7, 8, 9 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ

സെന്റർ (NRC) യിലും നവംബർ 21, 22, 23 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC) യിലും വച്ച് വിവാഹ ഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8.30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണി വരെയാണ്.

**വരുന്ന ധ്യാന തീയതികൾ**

| | |
|---|---|
| ഡിസംബർ 5, 6, 7 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ഡിസംബർ 12, 13, 14 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |
| ഡിസംബർ 19, 20, 21 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ജനുവരി 3, 4, 5 (വെള്ളി - ഞായർ) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ജനുവരി 24, 25, 26 (വെള്ളി - ഞായർ) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര |

രജിസ്ട്രേഷൻ ഫീസ്: 2000/-(രണ്ടായിരം രൂപ). രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസ് ആയി 1000/-രൂപ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ 9497096431, 04828- 205628, 201100.

**പുതിയ വെബ്സൈറ്റ്**

familyapostolatekply.com ഫാമിലി അപ്പസ്റ്റോലേറ്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും, അതോടൊപ്പം വിവാഹഒരുക്കധ്യാനം pre book ചെയ്യാനും ഈ വെബ്സൈറ്റുമായി ബന്ധപ്പെടുക.

**കുടുംബവിശുദ്ധീകരണ ധ്യാനം**

നവംബർ 6 ന് ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടറച്ചൻ →

# പിതൃവേദി

**യൂണിറ്റ് ഉദ്ഘാടനം**

ഫാമിലി അപ്പസ്റ്റോലേറ്റ് ഡയറക്ടറച്ചൻ നവംബർ 17 ന് പടനിലം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. സിബി കുരിശുംമൂട്ടിൽ, കൈക്കാരന്മാർ എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

---

## കുടുംബപ്രേഷിതത്വം

പാലാ താബോർ ധ്യാനകേന്ദ്രത്തിൽ കുടുംബവിശുദ്ധീകരണം എന്ന വിഷയത്തെ ആസ്പദമാക്കി ധ്യാനം നടത്തി.

**ആവേ മരിയ സിഗിംൾസ് മീറ്റ്**

നവംബർ 15 വെള്ളിയാഴ്ച 9.30 ന് മീറ്റിംഗ് ആരംഭിച്ചു. റീജന്റ് ബ്രദർ ടോംസ് ജെയിംസ് ക്ലാസ് എടുത്തു. ഡയറക്ടറച്ചൻ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് എല്ലാവരും ജീവിതാനുഭവങ്ങൾ പങ്കുവച്ചു. സ്നേഹവിരുന്നോടുകൂടി യോഗം അവസാനിച്ചു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

### പ്രചോദിനി

അമ്മമാരിൽ മറഞ്ഞിരിക്കുന്ന കഴിവുകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനുമായി നവംബർ 11 ന് പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് ലോറേഞ്ച് മേഖലയിലെ പ്രചോദിനിയും നവംബർ 20 ന് കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ച് ഹൈറേഞ്ച് മേഖലയിലെ പ്രചോദിനിയും നടത്തപ്പെട്ടു. മാധ്യമങ്ങളുടെ സ്വാധീനം എന്ന വിഷയത്തെക്കുറിച്ച് ഫാ. തോമസ് കണ്ടപ്ലാക്കൽ ക്ലാസുകൾ നയിച്ചു.

### മാതൃവേദി ക്വിസ്

ഈ വർഷത്തെ മാതൃവേദി രൂപതാതല ക്വിസ് ഒക്ടോബർ 2 ന് പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 10 മണി മുതൽ 3 മണിവരെ ആയിരുന്നു ക്വിസ്. ബഹു. ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്തു. ബഹു. ഫാ. വർഗീസ് കാക്കല്ലിലും ടീം അംഗങ്ങളും ക്വിസ് നടത്തി.

### മാതൃവേദി ക്വിസ് മത്സരത്തിൽ വിജയികളായവർ

1st : ബോബിന മണ്ണാറാത്ത്, രാജഗിരി
സജി മണ്ണാറാത്ത്, രാജഗിരി
റെനി വാഴയ്ക്കാട്ട്, രാജഗിരി

2nd : ജെസി പുതുച്ചിറ, ചെറുവള്ളിക്കുളം
ആൻസി പുളിക്കൽ, ചെറുവള്ളിക്കുളം
റാണി വേഴമ്പശ്ശേരിൽ, ചെറുവള്ളിക്കുളം

3rd : ബിന്ദു ഓലിക്കൽ, ആനിക്കാട്
റോസമ്മ ഏനാമറ്റത്തിൽ, ആനിക്കാട്
രശ്മി മാടശ്ശേരി, ആനിക്കാട്

**പ്രബന്ധമത്സര വിജയികൾ**

1st : മേരിക്കുട്ടി ജോർജ് വടക്കേക്കുഴിക്കാട്ടിൽ, കുമളി

2nd : ജോസ്‌ലിൻ റോജൻ തച്ചേടത്ത്, വണ്ടൻമേട്

3rd : ലീന വർഗീസ് കാണ്ടാശ്ശേരിൽ, കുഴിത്തൊളു

**രൂപത ഇലക്ഷൻ**

കാഞ്ഞിരപ്പള്ളി രൂപതാ മാതൃവേദിയുടെ രൂപതാതല ഇലക്ഷൻ നവംബർ 12, 13 തീയതികളിൽ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ ഇലക്ഷന് നേതൃത്വം നൽകി. സെബാസ്റ്റ്യൻ താന്നിക്കൽ, സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ, സി. ജ്യോതി മരിയ CSN എന്നിവർ ഭാരവാഹികൾക്ക് ക്ലാസുകൾ നൽകി. രൂപതയുടെ പ്രോട്ടോസിഞ്ചെലൂസ് പെരിയ ബഹുമാനപ്പെട്ട ഫാ. ജോസഫ് വെള്ളമറ്റത്തിൽ വി. കുർബാന അർപ്പിക്കുകയും ഭാരവാഹികൾക്ക് മാതൃവേദി സംഘടനയുടെ ഇന്നിന്റെ പ്രസക്തിയെക്കുറിച്ച് അവരെ ബോധവതികളാക്കുകയും ചെയ്തു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട രൂപതാ മാതൃവേദി ഭരണസമിതി അംഗങ്ങൾക്ക് ആശംസകൾ.

| | | |
|---|---|---|
| പ്രസിഡന്റ് | - | ജിജി ജേക്കബ് പുളിയംകുന്നേൽ, എരുമേലി ഫൊറോന |
| വൈസ് പ്രസിഡന്റ് | - | ലിസി തോമസ് ആലുങ്കൽകരോട്ട്, കുമളി ഫൊറോന |
| സെക്രട്ടറി | - | സ്വപ്ന റോയി കടന്തോട്, അണക്കര ഫൊറോന |
| ജോയിന്റ് സെക്രട്ടറി | - | ടെസ്സി സജീവ് മുട്ടത്ത്, കാഞ്ഞിരപ്പള്ളി ഫൊറോന |
| ഖജാൻജി | - | ആലീസ് ബേബി പാഴുകുന്നേൽ, ഉപ്പുതറ ഫൊറോന |

**രൂപതാ ഭരണസമിതി അംഗങ്ങൾ**

ലിസി മാത്യു പാലപ്പള്ളിൽ, മുണ്ടക്കയം ഫൊറോന

മോളിക്കുട്ടി തോമസ് ഒരപ്പാഞ്ചിറ, പൊൻകുന്നം ഫൊറോന

സോജി ജോസഫ് കല്ലുകുന്നേൽ, പെരുവന്താനം ഫൊറോന

ബിൻസി മറിയം ജോസി തെക്കുംപുറത്ത്, പത്തനംതിട്ട ഫൊറോന
ആനി കുരിശുമൂട്ടിൽ, കുമളി ഫൊറോന
ജൂബി ആന്റണി വേഴമ്പശ്ശേരിയിൽ, വെളിച്ചിയാനി ഫൊറോന
മിനി സിബി വേങ്ങത്താനത്ത്, മുണ്ടിയെരുമ ഫൊറോന
ലൗലി ജോസ് കളപ്പുരയ്ക്കൽ, റാന്നി ഫൊറോന

**സെനറ്റ് മെമ്പേഴ്സ്**

സലോമി ആന്റണി മറ്റപ്പള്ളിൽ, കട്ടപ്പന ഫൊറോന
ബെൻസി ജോഷി വള്ളിയാംതടത്തിൽ, എരുമേലി ഫൊറോന

**മാതൃവേദി ഫൊറോന സംഗമങ്ങൾ**

2024 നവംബർ 25 ന് കാഞ്ഞിരപ്പള്ളി മാതൃവേദി ഫൊറോന സംഗമം നടത്തി. രൂപതാ ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

2024 നവംബർ 27 ന് പൊൻകുന്നം മാതൃവേദി ഫൊറോന സംഗമം നടത്തി. രൂപതാ ആനിമേറ്റർ സിസ്റ്റർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**പ്രചോദിനി വരുന്ന മാസത്തെ തീയതികൾ**

ലോറേഞ്ച് മേഖലയിലെ പ്രചോദിനി ഡിസംബർ 4 ബുധനാഴ്ച പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ചും ഹൈറേഞ്ച് മേഖലയിലെ പ്രചോദിനി ഡിസംബർ 11 ബുധനാഴ്ച കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ചും നടത്തപ്പെടുന്നു.

**രൂപതാ മാതൃവേദി വാർഷികം**

2024 ഡിസംബർ 3 ചൊവ്വാഴ്ച പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ 1 മണി വരെയാണ് പ്രോഗ്രാം. ഇടവകകളിൽ നിന്നുള്ള 5 എക്സിക്യൂട്ടീവ്സും ആനിമേറ്റർ സിസ്റ്ററും വാർഷികത്തിന് എത്തണമെന്ന കാര്യവും ഓർമ്മിപ്പിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**നവംബർ 2024**

4 വൈദികവിദ്യാർത്ഥികൾ 'സ്വർഗ്ഗം' എന്ന സിനിമ തിയറ്ററിൽ കണ്ട് ആസ്വദിച്ചു.

15-16 വൈദികവിദ്യാർത്ഥികളുടെ നവംബർ മാസത്തെ മാസധ്യാനം റവ. ഡോ. തോമസ് വാളന്മനാൽ അച്ചൻ ധ്യാനം നയിച്ചു.

17-30 2024 വർഷത്തെ കലാകായിക മത്സരങ്ങൾ 'കലിക 2K24'

22 അഭിവന്ദ്യ മാത്യു വട്ടക്കുഴി പിതാവിന്റെ 8-ാം ചരമ വാർഷികദിനത്തിൽ സെമിനാരി കുടുംബം ആഘോഷമായ പരിശുദ്ധ കുർബാനയും ഒപ്പീസും അർപ്പിച്ചു. റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

26-27 കൊടേയ്ക്കനാലിലേയ്ക്ക് സെമിനാരി കുടുംബം വിനോദയാത്ര നടത്തി.

---

## താബോർ 2K24 (ദൈവവിളി ക്യാമ്പ്)

8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക്

സ്ഥലം: മേരി മാതാ മൈനർ സെമിനാരി, പൊടിമറ്റം

തീയതി : 2024 ഡിസംബർ 26 വ്യാഴാഴ്ച വൈകുന്നേരം 4 മണി മുതൽ 28-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി വരെ.

രജിസ്ട്രേഷൻ ഫീസില്ല. Contact Numbers : -

ഫാ. കൊല്ലംകുന്നേൽ സെബാസ്റ്റ്യൻ (Jr.) : 8547666219

ഫാ. കുഴിപ്പിൽ ആന്റണി : 9567642876

യോഗ്യതയും താല്പര്യവുമുള്ള കുട്ടികളെ ക്യാമ്പിന് പറഞ്ഞു വിടാൻ ബഹു. വൈദികർ ശ്രദ്ധിക്കുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**

**റെക്ടർ**



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- മാസം തോറും രണ്ടാം ശനിയാഴ്ചകളിൽ ദയറായിൽ വച്ച് അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഏകദിന ധ്യാനത്തിൽ 20 പേർ സംബന്ധിച്ചു.
- Society of Catholic Apostolate (Pallottines) സന്യാസ സമൂഹത്തിലെ നോവിസസ് നവംബർ 2 മുതൽ 16 വരെ തീയതികളിൽ ധ്യാനിച്ചു.
- Sisters of the Destitute സന്യാസിനി സമൂഹത്തിലെ ചങ്ങനാശ്ശേരി കോതമംഗലം പ്രൊവിൻസുകളിലെ 9 നോവിസസ് 8 മുതൽ 16 വരെയുള്ള തീയതികളിൽ ധ്യാനിച്ചു.
- പാലാ രൂപതാംഗമായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ അടപ്പാശ്ശേരിയച്ചൻ ഒക്ടോബർ 26-ാം തീയതി റംശാ ശുശ്രൂഷയോടുകൂടി ദയ്റായുടെ സ്ഥാപക ആചാര്യ ബഹുമാനപ്പെട്ട സേവ്യർ കൂടപ്പുഴയച്ചന്റെ ആത്മീയ പരിശീലനത്തിൻ കീഴിൽ നോവിഷ്യേറ്റ് ആരംഭിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് സാന്നിദ്ധ്യം കൊണ്ടനുഗ്രഹിക്കുകയും ആദ്ധ്യാത്മിക ഗുരുവായ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് അനുഗ്രഹ പ്രഭാഷണം നല്കുകയും ചെയ്തു.
- കാഞ്ഞിരപ്പള്ളി രൂപതയിലെ ഒരു വൈദികൻ ദയ്റായിൽ ഒരാഴ്ചത്തെ ഏകാന്തധ്യാനം നടത്തി.
- ഒരു ഹൈന്ദവകുടുംബം രണ്ടാഴ്ച ദയ്റായിൽ വന്ന് ധ്യാനം നടത്തി.
- 1997 ബാച്ച് (വടവാതൂർ സെമിനാരി) വൈദികർ ആശ്രമ സന്ദർശനം നടത്തി.

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**മാർഗം ത്രൈമാസിക**

നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ നിന്നും 'മാർഗം' എന്ന പേരിൽ ഒരു ത്രൈമാസിക പ്രസിദ്ധീകരണമാരംഭിക്കുകയാണ്. വിവിധ ആരാധനക്രമ, ദൈവശാസ്ത്ര വിഷയങ്ങൾ, നസ്രാണി പൈതൃകങ്ങൾ, മാർത്തോമ്മാ നസ്രാണിസഭയിലെ പുണ്യപിതാക്കന്മാർ തുടങ്ങി സഭാസംബന്ധമായ വിവിധ മേഖലകൾ പഠനവിധേയമാക്കുന്ന 'മാർഗം' മലയാളഭാഷയിലാണ് പ്രസിദ്ധീകരിക്കുന്നത്.

വൈദികർ, സന്ന്യസ്തർ, വിശ്വാസജീവിത പരിശീലകർ തുടങ്ങി മാർത്തോമ്മാനസ്രാണി പൈതൃകത്തെ അടുത്തറിയാൻ ആഗ്രഹിക്കുന്ന ഏവർക്കും മുതൽക്കൂട്ടാകുന്ന കൈപ്പുസ്തകമായിരിക്കും 'മാർഗം'.

'ആധുനിക സഭാപിതാവ്' എന്നറിയപ്പെടുന്ന പ്ലാസിഡച്ചനെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചുമുള്ള സമഗ്ര പഠനമാണ് ആദ്യലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

---

## മാർത്തോമാശ്ലീഹാ ദയാറ , നല്ലതണ്ണി

- ശ്രീ. തട്ടുങ്കൽ സഖറിയാ മാണി സാർ (Former Chief Commissioner of Income Tax) രണ്ടുദിവസം ആശ്രമത്തിൽ ധ്യാനിച്ചു.

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-299207

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

നവംബർ 7-ാം തീയതി കരിസ്മാറ്റിക് സെൻട്രൽ ഓഫീസായ കളമശ്ശേരി എമ്മാവൂസിൽ വച്ച് നടന്ന കേരള അഡ്വൈസറി കൗൺസിലിൽ (KAC) സോണൽ സേവനസമിതി അംഗങ്ങൾ ഉൾപ്പെടെ ഏഴ് പേർ പങ്കെടുത്തു.

**ജൂബിലേവൂസ് - 2026 സഹസ്രദിന ചെയിൻ പ്രാർത്ഥന**

നവംബർ എട്ടാം തീയതി 1000 ദിന ഒരുക്കപ്രാർത്ഥനയുടെ ഭാഗമായ തിരുസന്നിധെ ശുശ്രൂഷകൾ ആവേ മരിയ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടത്ത് ജൂബിലി തിരി തെളിച്ചു. പൊൻകുന്നം സബ്സോൺ മുൻ സെക്രട്ടറി ബാബു കട്ടക്കയം വചനസന്ദേശം നൽകി. ശുശ്രൂഷകൾക്ക് കോർഡിനേറ്റർ എബ്രഹാം കുമ്പുക്കൽ നേതൃത്വം നൽകി.

**മിനിസ്ട്രികൾ**

സോണൽ സംവിധാനങ്ങളായ വിവിധ മിനിസ്ട്രികളുടെ രൂപീകരണത്തെ തുടർന്ന് മിനിസ്ട്രി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മീറ്റിംഗുകളും നടക്കുകയുണ്ടായി. വിവിധ മിനിസ്ട്രികളായ മധ്യസ്ഥപ്രാർത്ഥന, പാരീഷ് മിനിസ്ട്രി, തൂവാനിസ, കെരിഗ്മ, ക്രിസ്റ്റീൻ, YU4C, സിംഗിൾസ് എന്നിവയുടെ ആദ്യ മീറ്റിംഗുകൾ നടന്നു.

**അഖണ്ഡ ജപമാല**

ഒക്ടോബർ മാസം ആരംഭിച്ച അഖണ്ഡ ജപമാല സോണിലെ

വിവിധ ദൈവാലയങ്ങളിലായി ആഴ്ചയിൽ ഒരുദിവസം എന്ന രീതിയിൽ 253 മണി ജപമാല പ്രാർത്ഥന നടന്നുവരുന്നു.

**LSS (Life in the Spirit Seminar)**

നവംബർ 11, 25 തീയതികളിൽ ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ ഓൺലൈനിൽ നടത്തപ്പെട്ടു. LSS കോർഡിനേറ്റർ സാജു എബ്രഹാം, മുൻ കോർഡിനേറ്റർ ടോണി മടുക്കക്കുഴി എന്നിവർ നേതൃത്വം നൽകി.

**ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സ്**

നവംബർ 16 ന് കാഞ്ഞിരപ്പള്ളി കരിസ്മാറ്റിക് സോൺ നേതൃത്വം നൽകുന്ന ബൈബിൾ ഡിപ്ലോമ കോഴ്സ് പാസ്റ്ററൽ സെന്ററിൽ നടന്നു. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളെ സംബന്ധിച്ച് ബൈബിൾ അപ്പോസ്തോലറ്റ് ഡയറക്ടർ മനുരാജ് പുത്തൻവീട്ടിൽ അച്ചൻ ക്ലാസ് നയിച്ചു.

**നൈറ്റ് വിജിൽ**

നവംബർ 20 ന് ആവേ മരിയ ചാപ്പലിൽ നൈറ്റ് വിജിൽ നടന്നു. ജപമാല, നന്ദി, സ്തുതി, ആരാധന, വചനസന്ദേശം എന്നിവ വിവിധ സബ്സോണുകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. വിശുദ്ധ കുർബാനയോട് കൂടി നൈറ്റ് വിജിൽ സമാപിച്ചു.

**മധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി**

മാസത്തിലെ എല്ലാ ചൊവ്വാഴ്ചകളിലും കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സെന്റ് ജോസഫ് ദേവാലയത്തിൽ രാവിലെ 10 മണി മുതൽ ഒരു മണി വരെയുള്ള സമയത്ത് സോണൽതല മധ്യസ്ഥ പ്രാർത്ഥന നടന്നുവരുന്നു. കൂടാതെ എല്ലാദിവസവും വാട്സ് ആപ്പ് ഗ്രൂപ്പ് വഴി KCSC നൽകുന്ന പ്രത്യേക നിയോഗ പ്രാർത്ഥനകൾ പങ്കുവയ്ക്കപ്പെടുന്നു.

**ആവേ മരിയ ശുശ്രൂഷ**

കാഞ്ഞിരപ്പള്ളി രൂപതയുടെ പഴയ കൊരട്ടി ആവേ മരിയ പ്രാർത്ഥനാലയത്തിൽ നടന്നുവരുന്ന വെള്ളിയാഴ്ച ശുശ്രൂഷകൾക്ക് പൊൻകുന്നം സബ്സോൺ നേതൃത്വം നൽകി. ഫാദർ കുര്യാക്കോസ് വടക്കേടത്ത്, ഫാ. റോബർട്ട് ചവറനാനിക്കൽ വി.സി., ബാബു കട്ടക്കയം, സാജു ഇല്ലിക്കൽ എന്നിവർ ഓരോ വെള്ളിയാഴ്ചകളിലും വചനസന്ദേശം നൽകി.

**കുടുംബസംഗമം**

KCSC മാർഗ്ഗനിർദ്ദേശപ്രകാരമുള്ള കരിസ്മാറ്റിക് കുടുംബ സംഗമങ്ങളിൽ കാഞ്ഞിരപ്പള്ളി സോണിലെ ആദ്യത്തെ കുടുംബസംഗമം എരുമേലി സബ്സോണിൽ നവംബർ 23 ന് നടന്നു. ആവേ മരിയ പ്രാർത്ഥനാലയത്തിൽ നടന്ന സംഗമം അഭിവന്ദ്യ പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. KCSC മുൻ കോഡിനേറ്ററും നാഷണൽ സേവനസമിതി അംഗവുമായ ശ്രീ. ഷാജി വൈക്കത്ത്പറമ്പിൽ ആമുഖ പ്രഭാഷണം നടത്തി. സബ്സോണിലെ വിവിധ ഇടവകകളിൽ നിന്നായി 250 ഓളം പേർ പങ്കെടുത്തു. ആദ്യകാല നേതൃത്വത്തിൽ ഉണ്ടായിരുന്നവർ, ബൈബിൾ പകർത്തിയെഴുതിയ ഫിലോമിന എം.സി. (ജോളി ടീച്ചർ) എന്നിവർക്ക് ആദരം നൽകി. ഗാനശുശ്രൂഷ, നന്ദി, സ്തുതി ആരാധന, വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന എന്നിവയ്ക്ക് ഫാ. കുര്യാക്കോസ് വടക്കേടത്ത്, സബ്സോൺ സേവനസമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. രാവിലെ 9.30 ന് ആരംഭിച്ച സംഗമം 4 മണിയോടെ സമാപിച്ചു.

സോണിലെ രണ്ടാമത്തെ കുടുംബസംഗമം മുണ്ടക്കയം സബ്സോണിൽ നവംബർ 30 ന് മുണ്ടക്കയം സെന്റ് മേരീസ് ലത്തീൻ ദൈവാലയത്തിൽ നടന്നു. അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. KCSC മുൻ ജോയിന്റ്

കോർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ മുഖ്യപ്രഭാഷണം നടത്തി. നന്ദി, സ്തുതി, ആരാധന, വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന എന്നിവയ്ക്ക് മുണ്ടക്കയം സബ്സോൺ ആനിമേറ്റർ ടോം അച്ചൻ, സബ്സോൺ സേവനസമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

കാഞ്ഞിരപ്പള്ളി, പൊൻകുന്നം സബ്സോണുകളിലെ കുടുംബസംഗമം ഡിസംബർ 14, 21 തീയതികളിൽ കുന്നുംഭാഗം, ആനിക്കാട് ദൈവാലയങ്ങളിൽ യഥാക്രമം നടക്കും.

**YU4C ഗ്രാന്റ് കോൺഫറൻസ്**

കേരളത്തിലെ 24 കരിസ്മാറ്റിക് സോണുകളിലെ 18 നും 35 വയസിനും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് YU4C ഗ്രാന്റ് കോൺഫറൻസ് ഡിസംബർ 27, 28, 29 തീയതികളിൽ മുരിങ്ങൂർ ഡിവൈനിൽ വച്ച് നടക്കുന്നതാണ്.

**ഹൈറേഞ്ച് വാർത്തകൾ**

**സോൺ ഉപദേശക സമിതി**

നവംബർ 12ന് ചേർന്ന സോൺ ഉപദേശക സമിതി (ZAC) യോഗത്തിൽ സോണിന്റെ ഭാവിക്കുള്ള ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്തു

1. 2024 ഡിസംബർ 24 ന് മുമ്പ് ഭവന സന്ദർശനം പൂർത്തിയാക്കണം.
2. 2025 ഏപ്രിൽ 15 ന് മുമ്പ് മുഴവൻ ഇടവകയിലും പ്രാർത്ഥനാഗ്രൂപ്പ് സ്ഥാപിക്കണം.
3. സബ് സോൺ തല കുടുംബ സംഗമങ്ങൾ നടത്തണം.
4. 2025 മേയ് - ൽ സബ് സോൺ ഗ്രാന്റ് കോൺഫ്രൻസ് നടത്തണം.
5. എല്ലാ ഇടവകകളിലും LSS നടത്തണം.

6. ജീവജ്വാല, സേവിംഗ് ബോക്സ് ഇവ കൂടുതൽ കുടുംബങ്ങളിൽ എത്തണം.

7. യുവജന പ്രേഷിതത്വം ശക്തിപ്പെടുത്തണം.

8. പുതിയ കരിസ്മാറ്റിക് ഷെയറിംഗ് സെല്ലുകൾ രൂപപ്പെടണം.

**നേതൃത്വ - സൗഖ്യ ധ്യാനം**

ഡിസംബർ 8 ഞായർ 5 pm മുതൽ 11 ബുധൻ 9:00 pm വരെ നെടുങ്കണ്ടം കരുണാ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന ധ്യാനം ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ നയിക്കും. എല്ലാ സോൺ, സബ് സോൺ, സേവന സമിതി അംഗങ്ങളും, ZAC അംഗങ്ങളും പങ്കെടുക്കും.

**YU4C ക്ക് പുതിയ കോഡിനേറ്റർ**

നവംബർ 9 ന് ചേർന്ന മീറ്റിംഗിൽ സോണിലെ യുവജന ശുശ്രൂഷകൾക്ക് പുതിയ നേതൃത്വം രൂപം കൊണ്ടു പുതിയ കോഡിനേറ്ററായി അണക്കര ഇടവകയിലെ അഞ്ജലി കിഴക്കേനാത്ത് തിരഞ്ഞെടുക്കപ്പെട്ടു.

**SHINE OUT**

കേരളത്തിലെ കരിസ്മാറ്റിക് പശ്ചാത്തലമുള്ള യുവജനങ്ങളുടെയും യുവജന പ്രേഷിതരുടേയും ഗ്രാന്റ് കോൺഫ്രറൻസ് 'Shine Out' 2024 ഡിസംബർ 27 വെള്ളി 2 pm മുതൽ 29 ഞായർ 2 pm വരെ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടക്കും. കട്ടപ്പന സോണിൽ നിന്ന് നൂറു യുവജനങ്ങളും അവരുടെ എൽഡേഴ്സും പങ്കെടുക്കും.

**അണക്കര സബ് സോൺ കുടുംബ സംഗമം**

അണക്കര സബ്സോൺ കുടുംബ സംഗമം നവംബർ 30 ന് രാവിലെ 9 മുതൽ 3.30 വരെ ചക്കുപള്ളം മേനോൻമേട് ക്നാനായ കത്തോലിക്കപ്പള്ളിയിൽ വച്ച് നടന്നു. ദേശീയ സേവന സമിതി അംഗം ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ ക്ലാസു നയിച്ചു. തിരുവല്ല

അതിരൂപതാ വികാരി ജനറാൾ മോൺ. സാബു മരുതൂർ മുഖ്യ സന്ദേശം നൽകി. സബ്സോൺ ആനിമേറ്റർ ഫാ. ജോർജ് തെരുവൻകുന്നേൽ, വികാരി ഫാ. സ്റ്റിജോ തേക്കുംകാട്ടിൽ തുടങ്ങിയവർ നേതൃത്വം നൽകി

**കോർടീം മീറ്റിംഗ്**

നവംബർ 20 ന് നടന്ന ഏഴു സബ്സോണുകളുടേയും കോർടീം കൂട്ടായ്മയിൽ ZAC നിർദ്ദേശിച്ച ലക്ഷ്യങ്ങൾക്കുള്ള പ്രവർത്തന പദ്ധതികൾ തയ്യാറാക്കി.

**ദിവ്യകാരുണ്യ ആരാധന**

അണക്കര സബ്സോണിന്റെ ആദിമുഖ്യത്തിൽ നവംബർ 24 ന് കമ്പംമെട്ട് സെന്റ് ജോസഫ് പള്ളിയിൽ ദിവ്യകാരുണ്യ ആരാധന നടന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

സോൺ മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ എല്ലാ ആദ്യ ചൊവ്വാഴ്ചയും രാവിലെ 10 മുതൽ 1 വരെ തുവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടക്കും.

അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴ്ച 4 മുതൽ 6:30 വരെ ആമയാർ OCD ആശ്രമത്തിലും ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും പരപ്പ് ധ്യാന കേന്ദ്രത്തിലും കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും ഇരട്ടയാർ സബ്സോണിൽ എല്ലാ നാലാം ചൊവ്വാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

**ശിഷ്യത്വ പരിശീലനം**

സോണൽ നേതൃത്വത്തിൽ ഉള്ളവർക്കായുള്ള ശിഷ്യത്വ

പരിശീലനത്തിന്റെ പതിനെട്ടാമത്തെ ക്ലാസ് നവംബർ 23 വെള്ളിയാഴ്ച വൈകിട്ട് 5:30– മുതൽ 9.00 വരെ കട്ടപ്പന സെന്റ് സ്റ്റീഫൻസ് പള്ളിയിൽ നടന്നു. ശ്രീ. വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചായൻ) ക്ലാസ് നയിച്ചു.

അണക്കര സബ് സോണിൽ എല്ലാ രണ്ടാം ബുധനാഴ്ചയും നടക്കുന്ന ശിഷ്യത്വ പരിശീലനത്തിൽ ശ്രീ ജോർജ് കുമ്പിളുംമൂട്ടിൽ ക്ലാസെടുക്കും.

**സബ് സോൺ സെമിനാറുകൾ**

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ചയും 10 മുതൽ ഒരു മണി വരെ പുറ്റടിപ്പള്ളിയിൽ നടന്നു വരുന്നു

കുമളി സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽവാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയിലും കല്ലാർ മേരിഗിരിപ്പള്ളിയിൽ വൈകിട്ട് 4 മണി മുതലും കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും ഇരട്ടയാർ സബ് സോൺ സെമിനാർ എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 മുതൽ 2 വരെ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിലും നെടുങ്കണ്ടം സബ്സോൺ സെമിനാർ എല്ലാ നാലാം വെള്ളിയാഴ്ചയും രാവിലെ 9:30 മുതൽ 2 വരെ ആകാശപ്പറവകളുടെ സ്നേഹാശ്രമത്തിലും നടക്കുന്നു.

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

നവംബർ മാസം 2-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാദർ അനൂപ് പൊയ്യാനിയിൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**വൈദികർക്കായുള്ള കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

നവംബർ മാസം 4-ാം തീയതി തിങ്കളാഴ്ച മുതൽ 9-ാം തീയതി ശനിയാഴ്ച വരെ ബഹുമാനപ്പെട്ട വൈദികർക്കും ഡീക്കന്മാർക്കും മാത്രമായി താമസിച്ചുള്ള ധ്യാനം നടത്തി.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

നവംബർ മാസം 9-ാം തീയതി ശനിയാഴ്ച മുതൽ 14-ാം തീയതി വ്യാഴാഴ്ച വരെയും 30-ാം തീയതി ശനിയാഴ്ച മുതൽ ഡിസംബർ മാസം 5-ാം തീയതി വ്യാഴാഴ്ച വരെയും മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനങ്ങൾ നടത്തി.

**നാഷണൽ & ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

നവംബർ 15-ാം തീയതി വെള്ളിയാഴ്ച മുതൽ 28-ാം തീയതി വ്യാഴാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേകം ധ്യാനങ്ങളും കൺവെൻഷനുകളും നടത്തി.

**കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ**

നവംബർ മാസം 9, 16, 23, 30 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ

ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിനു സൗകര്യം ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868-253300, 9656141917

**Grace Anointing in Shalom World TV**

Shalom World International TV യുടെ ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.30 ന് (ET/AEDT/ GMT, ശനിയാഴ്ച രാവിലെ 2 am IST) നടത്തുന്നു.

**Resurrection**

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ, FrDominic Valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവെക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30 നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രൂഷകൾ**

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

ഡിസംബർ 7-ാം തീയതി രാവിലെ 9 മണി മുതൽ കൃപാഭിഷേക ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നു.

### SHEKINAH TV - കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ

ഡിസംബർ 13 വെള്ളിയാഴ്ച മുതൽ 16 തിങ്കളാഴ്ച വരെ SHEKINAH TV - യിൽ ലൈവായി കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ, രാത്രി 7.30 മുതൽ 10.30 വരെ നടത്തപ്പെടുന്നു.

### യുവജന റെസിഡൻഷ്യൽ റിട്രീറ്റ്

ഡിസംബർ 25 ബുധനാഴ്ച മുതൽ 28 ശനിയാഴ്ച വരെ അവിവാഹിതരായ യുവതീയുവാക്കൾക്ക് (പ്രായം 15 നും 35 നും ഇടയിലുള്ളവർക്കായി) താമസിച്ചുള്ള ധ്യാനം നടത്തപ്പെടുന്നു.

### രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

ഡിസംബർ 26 വ്യാഴാഴ്ച രാവിലെ 9 മണി മുതൽ 4 മണിവരെ കിടപ്പുരോഗികൾക്കായി ബഹു. ഡോമിനിക്കച്ചൻ അണക്കര മരിയനിൽ വച്ച് പ്രത്യേകമായി പ്രാർത്ഥിക്കുന്നതായിരിക്കും.

### കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്

ഡിസംബർ 8-ാം തീയതി ഞായറാഴ്ച മുതൽ 13-ാം തീയതി വെള്ളിയാഴ്ച വരെ.

ഡിസംബർ 28-ാം തീയതി ശനിയാഴ്ച മുതൽ ജനുവരി 2-ാം തീയതി വ്യാഴാഴ്ച വരെ ( Booking Date: ഡിസംബർ 4).

ജനുവരി 4-ാം തീയതി ശനിയാഴ്ച മുതൽ 9-ാം തീയതി വ്യാഴാഴ്ച വരെ ( Booking Date: ഡിസംബർ 11).

ജനുവരി 19-ാം തീയതി ഞായറാഴ്ച മുതൽ 24-ാം തീയതി വെള്ളിയാഴ്ച വരെ ( Booking Date: ഡിസംബർ 23).

അഞ്ചു ദിവസം താമസിച്ചുള്ള ധ്യാനങ്ങൾ നടത്തപ്പെടുന്നു.

ധ്യാനത്തിന്റെ ബുക്കിങ്ങുകൾക്കു 04868-253300 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

### നാഷണൽ ആൻഡ് ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്

ഡിസംബർ മാസം 19-ാം തീയതി വ്യാഴാഴ്ച മുതൽ 23-ാം തീയതി തിങ്കളാഴ്ച വരെ പാലാ രൂപതാ ബൈബിൾ കൺവെൻഷൻ, പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ച് വൈകുന്നേരം 3.30 മുതൽ രാത്രി 9.30 വരെ നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- 10/11/ 2024 ഞായറാഴ്ച വിശുദ്ധ ചാവറ പിതാവിന്റെയും വിശുദ്ധ എവുപ്രാസ്യാമ്മയുടെയും വിശുദ്ധ പദ പ്രഖ്യാപനത്തിന്റെ പത്താം വാർഷികം പ്രമാണിച്ച് സിസ്റ്റേഴ്സ് ഒല്ലൂർക്ക് തീർത്ഥാടനം നടത്തി.
- പതിനാറാം തീയതി പ്രോവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ എലിസബത്ത് സാലിയുടെ നാമഹേതുകത്തിരുനാൾ സമുചിതമായി ആഘോഷിച്ചു
- രാജഗിരി ഇടവക 50 മാതാക്കളെയും കൊണ്ട് ഒല്ലൂർക്ക് തീർത്ഥാടനം നടത്തി. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അർപ്പിച്ച പൊന്തിഫിക്കൽ കുർബാനയിലും സംബന്ധിച്ചു.
- എഫ്സിസി കാഞ്ഞിരപ്പള്ളി പ്രോവിൻസിന്റെ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ ടീമിന് CMC പ്രൊവിൻ ഷ്യൽ ടീം അവിടെയെത്തി അനുമോദനങ്ങളും ആശംസകളും അറിയിച്ചു.
- ഇരുപത്തിരണ്ടാം തീയതി സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ സംഗമവും, ഈ മേഖലയിൽ 25 വർഷം പൂർത്തിയാക്കിയ അധ്യാപകരെ ആദരിക്കലും മാന്നാനത്ത് സംഘടിപ്പിച്ചപ്പോൾ വള്ളക്കടവ് സ്നേഹസദൻ സ്പെഷ്യൽ സ്കൂൾ കുട്ടികളും അധ്യാപകരും അതിൽ പങ്കെടുത്തു. സിസ്റ്റർ മാഗി, സിസ്റ്റർ റ്റെസ്ലിൻ മൈക്കിൾ, സി.മേഴ്സി ജോസ് എന്നിവരെ പ്രത്യേക മായിട്ട് ആദരിച്ചു. വികർ പ്രൊവിൻഷ്യൽ സിസ്റ്റർ വിനയാ

ഗ്രേയ്സ് സംബന്ധിച്ചു . ഇരുപത്തിമൂന്നാം തീയതി വിശുദ്ധപദ പ്രഖ്യാപനത്തിന്റെ പത്താം വാർഷികം പ്രമാണിച്ച് മാന്നാനത്ത് നടന്ന ആഘോഷത്തിലും ദിവ്യബലിയിലും വിവിധ മഠങ്ങളിൽ നിന്നായി സിസ്റ്റേഴ്സ് പങ്കെടുത്തു.

- CMI, CMC സംഘടിപ്പിച്ച ഓൾ കേരള ചാവറ പ്രസംഗ മത്സരത്തിൽ പ്രോവിൻസ് തലത്തിൽ സമ്മാനർഹരായ 1 ഉം 2 ഉം 3 ഉം സ്ഥാനങ്ങൾ കരസ്ഥമാക്കിയ LP, UP, HS, HSS, അധ്യാപകർ ഇവർക്കുള്ള ക്യാഷ് അവാർഡ് പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി വിതരണം ചെയ്തു.
- മുപ്പതാം തീയതി പുതിയതായി നിർമ്മിച്ച ഉദയപ്പൂർ രൂപതയിലെ ജലാന സെന്റ് ജോസഫ് മഠത്തിന്റെ ആശിർവാദകർമത്തിൽ ബഹുമാനപ്പെട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ സി. എലിസബത്ത് സാലി പങ്കെടുത്തു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- ചങ്ങനാശ്ശേരി അതിരൂപതാ ആർച്ചു ബിഷപ്പ് മാർ തോമസ് തറയിൽ മെത്രാപ്പോലീത്തയുടെ മെത്രാഭിഷേക കർമ്മങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- പ്രൊവിൻഷ്യൽ സിനാക്സിസിന് ഒരുക്കമായ ധ്യാനത്തിന് റവ. ഫാ. തോമസ് കൊട്ടുപ്പള്ളിൽ MCBS നേതൃത്വം നൽകി.
- പ്രൊവിൻഷ്യൽ ഇലക്ഷൻ സിനാക്സിസിൽ രൂപതാ ചാൻസിലർ വെരി. റവ.ഫാ. കുര്യൻ താമരശ്ശേരി ക്ലാസെടുത്തു.
- 16-ാമത് പ്രൊവിൻഷ്യൽ ഇലക്ഷൻ സിനാക്സിസിൽ വച്ച് സി. റ്റെസ് മരിയ പ്രൊവിൻഷ്യൽ സുപ്പീരിയറായും, സി. ജോസി ട്രീസ അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സുപ്പീരിയറായും , സി. റ്റോംസി മരിയ, സി. മരിയ റ്റോം,സി.ആനി മരിയ എന്നിവർ കൗൺസിലേഴ്സായും, ഫിനാൻസ് ഓഫീസറായി സി. ബെറ്റ്സി മരിയായും, പ്രൊവിൻഷ്യൽ സെക്രട്ടറിയായി സി.റാണി ജോസും തിരഞ്ഞെടുക്കപ്പെട്ടു.

- പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ.ഫാ. ജോസഫ് വെള്ളമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ കൃതജ്ഞതാബലി അർപ്പിക്കുകയും പുതിയ പ്രൊവിൻഷ്യൽ റ്റീമിന് ആശംസകൾ നേരുകയും ചെയ്തു
- സോണൽ തലത്തിലുള്ള വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ചു.
- കേന്ദ്ര ഗവൺമെന്റിന്റെ Ministry of Skill Development and Entrepreneurship ന്റെ കീഴിലുള്ള DDU - GKY ( Deen Dayal Upadhyaya Grameena Kaushalya Yojan)യുടെ നേതൃത്വത്തിൽ നടത്തിയ തയ്യൽ എംബ്രോയിഡറി സൗജന്യ പരിശീലനം പൂർത്തിയാക്കി 20 പേർ സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി.
- സി.റ്റെസി മരിയ മ്ലാമല വിമൽ ജ്യോതി പബ്ലിക് സ്കൂളിൽ കുട്ടികൾക്ക് ഒരു ദിവസത്തെ ബോധവൽക്കരണ ക്ലാസ് നടത്തി
- പ്രൊവിൻഷ്യൽ റ്റീം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ്, അഭിവന്ദ്യ മാർ അറയ്ക്കൽ പിതാവ് എന്നിവരെ സന്ദർശിച്ചു.
- പാലപ്ര ഇടവകയിൽ മാതൃദിപ്തി അംഗങ്ങൾക്ക് സി.അന്ന മരിയ ക്ലാസെടുത്തു.
- മോൺ. ജോർജ് ജേക്കബ് കൂവക്കാട്ടിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രൊവിൻഷ്യൽഹൗസിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ഭരണഘടന സാക്ഷരതായജ്ഞം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉത്ഘാടനം ചെയ്തു.
- കർദ്ദിനാൾ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട മോൺ.ജോർജ് കൂവക്കാട്ടിന് പ്രൊവിൻഷ്യൽ ടീം ആശംസകൾ നേർന്നു.

- ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ സ്ഥാനാരോഹണകർമ്മത്തിൽ ബഹു.പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും സംബന്ധിച്ചു.
- നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു.പോൾ വാഴപ്പനാടി അച്ചന് ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുകയും മൃത സംസ്ക്കാരശുശ്രൂഷയിൽ ധാരാളം സിസ്റ്റേഴ്സ് സംബ ന്ധിക്കുകയും ചെയ്തു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ഒക്ടോബർ 28 29 30 തീയതികളിൽ ഇടുക്കി രൂപതയിൽ നടത്തിയ ഹോം മിഷന്റെ ക്ലാസിൽ സി. ലീമ സെബാസ്റ്റ്യൻ സി. ജാനറ്റ് ലൂസി, സി. ഡെലീഷ്യ തെരസ് എന്നിവർ പങ്കെടുത്തു.
- കട്ടപ്പന ജനറലേറ്റ് ഭവനത്തിലും ആൽപ്പാറ ഭവനത്തിലും റവ. സി. നിർമ്മല കുര്യാക്കോസ് കാനോനിക സന്ദർശനം നടത്തി.
- നവംബർ 13 മുതൽ 21 വരെ ദൈവദാസൻ ബ്ര.ഫോർത്തുനാത്തുസിന്റെ ശ്രാദ്ധത്തോട് അനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയും ഒപ്പീസും സെന്റ് ജോൺസ് ഹോസ്പിറ്റലിൽ ചാപ്പലിൽ സ്ഥിതി ചെയ്യുന്ന അദ്ദേഹത്തിന്റെ കബറിടത്തിൽ നടത്തി
- ദൈവദാസൻ ബ്ര.ഫോർത്തുനാത്തൂസിന്റെ ശ്രാദ്ധദിനമായ നവംബർ 21-ാം തീയതി അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ കട്ടപ്പന സെന്റ് ജോർജ് ഫൊറോന ദേവാലയത്തിൽ ആഘോഷമായ വി.കുർബാനയും തുടർന്ന് ജപമാല ചൊല്ലി പ്രദക്ഷിണമായി കബറിടത്തിൽ വന്ന് ഒപ്പീസും അനുസ്മരണ പ്രാർത്ഥനയും നടത്തി 19-ാമത് ശ്രാദ്ധം സമുചിതമായി ആഘോഷിച്ചു.
- നവംബർ 26, 27, 28 തീയതികളിലായി കട്ടപ്പന ജനറലേറ്റ് ഭവനത്തിൽ വച്ച് സിസ്റ്റേഴ്സിന്റെ fraternity gathering ഉം അതേ തുടർന്ന് വേളാങ്കണ്ണിക്ക് തീർത്ഥാടനവും നടത്തി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- ജനറൽ സിനാക്സിസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേരി ഫിലിപ്പും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും പങ്കെടുത്തു.
- ആനക്കല്ല് ഹോസ്റ്റൽ ഡേയിൽ പ്രൊവിൻഷ്യൽ ടീമും മറ്റു സഹോദരിമാരും പങ്കെടുത്തു.
- ബ. മാർട്ടിൻ വെള്ളിയാംകുളം അച്ചന്റെ നാമഹേതുകതിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു.
- ഹോം മിഷനിൽ പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനെയും ഉൾപ്പെടുത്തി വേളാങ്കണ്ണി തീർത്ഥാടനം നടത്തി.
- സി. ജൂലിയ, സി. ബ്ലസി, സി. സേറ, സി. എവ്‌ലിൻ എന്നിവർ കൂവപ്പള്ളി, മേലോരം, എന്നീ ബാലികാഭവനിലെ കുട്ടികൾക്കായി ഏകദിനസെമിനാറും കൗൺസിലിംഗും നടത്തി.
- വിവിധ സോണുകളിൽ സോണൽ മീറ്റുകൾ നടത്തി.
- മേലോരം ബാലഭവനിലെ കുട്ടികൾക്കായി ഏകദിന വ്യക്തിത്വ വികസനപ്രോഗ്രാമും കൗൺസിലിംഗും സി. ലിസ്ബത്ത്, രഞ്ചിത് എന്നിവരുടെ നേതൃത്വത്തിൽ നടത്തി.
- മോചനകൂട്ടായ്മ എല്ലാ ഞായറാഴ്ചയും പൊടിമറ്റത്ത് നടത്തുന്നു.
- വി. എലിസബത്തിന്റെ നാമധാരിയായ സി.എം.സി. പ്രൊവിൻഷ്യൽ സി. എലിസബത്ത് സാലിയുടെ നാമഹേതുകതിരുനാൾ ആഘോഷത്തിൽ സി. മേഴ്സി, സി. വിമൽ എന്നിവർ സംബന്ധിച്ചു.
- സി. മേരിലിറ്റ് മറ്റമുണ്ടയിൽ എസ്.എച്ച്. രൂപതയിലെ വിവാഹകോടതിയിൽ ജഡ്ജ് ആയി ശുശ്രൂഷ ആരംഭിച്ചു.
- പ്രൊക്കുറേറ്റർമാരുടെ മീറ്റിംഗ് പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.
- റ്റീനേജ് കുട്ടികൾക്കായി സ്പാർക്ക് 2024 എന്ന പ്രോഗ്രാം Lev Shema കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ ആനിക്കാട്, ഏറ്റുമാനൂർ അമ്മ വീട് എന്നിവിടങ്ങളിലെ കുട്ടികൾക്കായി സി. അന്നാ മരിയ, സി. ആഗ്നൽ, സി. നിത, സി. റിയ എന്നിവർ നടത്തി.

# കെ.സി.എസ്.എൽ.

**ഏകദിന ധ്യാനം**

കാഞ്ഞിരപ്പള്ളി രൂപത കെ.സി.എസ്.എൽ. ന്റെ ആഭിമുഖ്യത്തിൽ പെരുവന്താനം സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നവംബർ എട്ടാം തീയതി ഏകദിന ധ്യാനം നടത്തപ്പെട്ടു.

**കെ.സി.എസ്.എൽ. കലോത്സവം 2024**

2024–2025 വർഷത്തെ കെ.സി.എസ്.എൽ. രൂപത കലോത്സവം നവംബർ 30–ാം തീയതി ശനിയാഴ്ച കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെട്ടു. 900 ൽ പരം കുട്ടികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.

**ഫാ. ജോർജ് അനന്തക്കാട്ട്**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ്

**രൂപത സമിതിയോഗം**

കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത സമിതിയോഗം 27-10-2024 ൽ പ്രസിഡന്റ് ബേബി കണ്ടത്തിലിന്റെ അധ്യക്ഷതയിൽ രൂപത ഓഫീസിൽ ചേർന്നു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ റബ്ബർ വിലയിടിവിനെതിരെ കേരളപ്പിറവി ദിനമായ നവംബർ 1 ന് എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് റബർ ബോർഡ് ഓഫീസ് പടിക്കൽ നടത്തുന്ന സമരത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചു. റബർ കർഷക അവഗണയ്ക്കെതിരെ കർഷകഫോറം രൂപതാ കോ-ഓർഡിനേറ്റർ സണ്ണിക്കുട്ടി അഴകമ്പ്രായിൽ പ്രമേയം അവതരിപ്പിച്ചു. വഖഫ് നിയമത്തിന്റെ പേരിൽ നീതി നിഷേധിക്കപ്പെടുന്ന മുനമ്പം ജനതയോടു ഐക്യദാർഢ്യം പ്രഖ്യാപിച്ച് കത്തോലിക്ക കോൺഗ്രസ് രൂപതസമിതിയുടെ നേതൃത്വത്തിൽ മുനമ്പം സമരപ്പന്തൽ സന്ദർശിക്കുന്നതിന് തീരുമാനിച്ചു.

ഗ്ലോബൽ സമിതിഅംഗം ടെസി ബിജു പാഴിയാങ്കൽ, ഭാരവാഹികളായ ജോസഫ് പണ്ടാരക്കളം, ജോജോ തെക്കുംചേരിക്കുന്നേൽ, സിനി ജിബു നീറനാക്കുന്നേൽ, ജാൻസി മാത്യു തുണ്ടത്തിൽ, ജോസ് കല്ലൂരാത്ത്, സച്ചിൻ വെട്ടിയാങ്കൽ, ജോസ് മടുക്കക്കുഴി, സെബാസ്റ്റ്യൻ വട്ടക്കുന്നേൽ, അനിത ജസ്റ്റിൻ,

ടോമിച്ചൻ പാലക്കുടി, ജോബി തെക്കുംചേരിക്കുന്നേൽ, സബിൻ ജോൺ, ടോമി നീറുവേലിൽ, ടോമിച്ചൻ പാലമുറി എന്നിവർ പ്രസംഗിച്ചു.

**റബർ കർഷക കണ്ണീർ ജ്വാല**

റബർ വിലയിടിവിൽ സർക്കാർ കോർപ്പറേറ്റ് - റബർ ബോർഡ് ഒത്തുകളിക്കെതിരെ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ കേരളപ്പിറവി ദിനത്തിൽ കോട്ടയത്ത് 'റബർ കർഷക കണ്ണീർജ്വാല' എന്ന പേരിൽ റബർ കർഷക പ്രതിഷേധസമരം സംഘടിപ്പിച്ചു. കോട്ടയം കളക്ടറേറ്റ് പടിക്കൽ നിന്നാരംഭിച്ച പ്രതിഷേധ റാലി ലൂർദ് പള്ളിവികാരി റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ഡോ. ജോസുകുട്ടി ഒഴുകയിൽ, ഡോ. കെ.എം. ഫ്രാൻസിസ്, രൂപത ഡയറക്ടർമാരായ റവ. ഡോ. മാത്യു പാലക്കുടി, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ പ്രതിഷേധ സമരത്തിൽ പങ്കെടുത്തു.

**മുനമ്പം സമരപ്പന്തൽ സന്ദർശിച്ചു**

റവന്യു ഭൂമിയുടെ അവകാശങ്ങൾ പുനഃസ്ഥാപിച്ചു കിട്ടുന്നതിന് മുനമ്പം നിവാസികൾ നടത്തുന്ന ഉപവാസ സമരത്തിന്റെ 20-ാം ദിവസമായ നവംബർ 1 ന് കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത സമിതി മുനമ്പം സമരപ്പന്തൽ സന്ദർശിച്ച് പിന്തുണ അറിയിച്ചു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി, പ്രസിഡന്റ് ബേബി കണ്ടത്തിൽ, ഭാരവാഹികളായ ജോജോ തെക്കുംചേരിക്കു

ന്നേൽ, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ജോസ് മാത്യു കല്ലൂരാത്ത്, ജാൻസി മാത്യു തുണ്ടത്തിൽ, ജോസ് മടുക്കക്കുഴി, സെബാസ്റ്റ്യൻ വട്ടക്കുന്നേൽ, സോണി കോഴിമല, ടോമിച്ചൻ പാലക്കുടി, ബിജു തേനംമാക്കൽ എന്നിവർ പ്രസംഗിച്ചു.

**മുനമ്പം ഐക്യദാർഢ്യ ദിനാചരണം നടത്തി**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഹ്വാനപ്രകാരം വഖഫ് അധിനിവേശത്താൽ കുടിയിറക്ക് ഭീഷണി നേരിടുന്ന മുനമ്പം ജനതയ്ക്ക് പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ചുകൊണ്ട് കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ ഇടവകകളിൽ ഐക്യദാർഢ്യ ദിനാചരണം നടത്തി.

മുനമ്പത്ത് വഖഫ് അധിനിവേശം അവസാനിപ്പിക്കുക, വഖഫ് നിയമഭേദഗതി മുൻകാലപ്രാബല്യത്തോടെ നടപ്പാക്കുക, ബില്ലിനെതിരെ കേരളനിയമസഭ പാസാക്കിയ പ്രമേയം പിൻവലിക്കുക, രാഷ്ട്രീയ പാർട്ടികളുടെ ഇരട്ടത്താപ്പുനയം അവസാനിപ്പിക്കുക, മുനമ്പത്തെ ജനതകളുടെ റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു നടത്തിയ ഐക്യദാർഢ്യദിനത്തിൽ ഇടവകകളിൽ പ്രതിഷേധ റാലികൾ, പൊതുയോഗങ്ങൾ എന്നിവ നടത്തി ഐക്യദാർഢ്യപ്രതിജ്ഞ എടുത്തു.

**നേത്രചികിത്സാ ക്യാമ്പ് നടത്തി**

കത്തോലിക്ക കോൺഗ്രസ് കുഴിത്തൊളു യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തേനി അരവിന്ദ് കണ്ണാശുപത്രിയുടെ സഹകരണത്തോടെ കുഴിത്തൊളു ദീപ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ 17-11-2024 ൽ സൗജന്യ നേത്രചികിത്സാക്യാമ്പ് നടത്തി. യൂണിറ്റ് പ്രസിഡന്റ് സണ്ണി പൊട്ടനാനിയുടെ അധ്യക്ഷതയിൽ വികാരി ഫാ. തോമസ് കപ്പിയാങ്കൽ ക്യാമ്പ്

ഉദ്ഘാടനം ചെയ്തു. മാത്യു തോട്ടുപുറം, ജോൺ കാരക്കുന്നേൽ, ജിൻസമ്മ കണ്ണംകുളത്ത്, മിനി ബാബു കൂടല്ലിൽ, മീഡിയ കോർഡിനേറ്റർ അഗസ്റ്റിൻ കുറുമണ്ണ് എന്നിവർ പ്രസംഗിച്ചു.

300 - ൽ പരം പേർ പങ്കെടുത്ത ക്യാമ്പിന് മനോജ് തൈപ്പറമ്പിൽ, സിബി പാറയ്ക്കനാൽ, ടിബിൻ വടക്കേനാത്ത്, റോബിൻ നെല്ലിയാനി, ജോബി കണ്ണംകുളം, മനോജ് ഈട്ടിക്കൽ എന്നിവർ നേതൃത്വം നല്കി.

**ബിസിനസ് ഫോറം**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ബിസിനസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ YMCA ഓഡിറ്റോറിയത്തിൽ 17-11-2024 ൽ നടന്ന ബിസിനസ് ഫോറം രൂപത കോ-ഓർഡിനേറ്റർമാരുടെ യോഗത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും ജിൻസ് പള്ളിക്കമ്യാലിൽ, സച്ചിൻ ജെ. വെട്ടിയാങ്കൽ എന്നിവർ പങ്കെടുത്തു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**



# തേനി മിഷൻ വാർത്തകൾ

**തേനി മിഷൻ - ജംഗാൽപട്ടി**

- അളകാപുരി ഊരിലുള്ള സെൽവി ദുർഗേഷ് വിധവയും രണ്ടുകുട്ടികളുടെ അമ്മയുമാണ്. ഇവരുടെ വാസയോഗ്യ മല്ലാതിരുന്ന വീട് 10,000 രൂപ മുടക്കി അറ്റകുറ്റ പണികൾ നടത്തി വാസയോഗ്യമാക്കി നൽകി.
- ജംഗാൽപട്ടി ഊരിലുള്ള അളകരാജ് എന്ന യുവാവ് വാഹന അപകടമുണ്ടായി ചികിത്സയിലാണ്. അവിടെ പതിവായി സന്ദർശിക്കുകയും ചികിത്സാസഹായം നൽകുകയും ചെയ്തു വരുന്നു.
- നിർമ്മല കോളനിയിലെ ഒരു സ്ത്രീക്ക് 6 മാസത്തേക്ക് തൈറോയിഡിനുള്ള മരുന്നു വാങ്ങി നൽകി.
- കൂടാതെ പതിവ് പോലെ ഗ്രാമങ്ങൾ സന്ദർശിക്കുകയും ട്യൂഷൻ സെന്ററുകൾ സന്ദർശിച്ച് സാഹചര്യങ്ങൾ വിലയിരുത്തി നിർദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.
- നവംബർ 9 ന് മരിയഗിരി ഇടവകയിൽ നിന്ന് ബഹുമാനപ്പെട്ട വികാരിയച്ചൻ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, മതാധ്യാപകർ എന്നിവർ തേനി മിഷൻ സന്ദർശിച്ചു.

**കമ്പം മിഷൻ**

- നവംബർ 8, പാളയൻകുടി ആദിവാസി കോളനിയിൽ സന്ദർശിച്ച് സേവനം ചെയ്യാൻ തേനി ജില്ലാ കളക്ടറിൽ നിന്നും അനുമതി ലഭിച്ചു.

- നവംബർ 8, കമ്പം മിഷനിൽ നടത്തുന്ന ധനശേഖരണാർത്ഥവും തൊഴിൽ പദ്ധതിയുടെ ഭാഗമായും നിർമിക്കുന്ന സാധനങ്ങൾ പൊടിമറ്റം ഇടവകയിൽ വികാരിയച്ചന്റെ നിർദ്ദേശാനുസരണം വിൽപ്പനയ്ക്കായി അമ്മമാരെ ഏല്പിച്ചു.
- നവംബർ 9, മുളംകുന്ന് ഇടവകയിൽ നിന്നും ബഹു. വികാരിയച്ചൻ, സൺഡേ സ്കൂൾ അധ്യാപകർ എന്നിവർ കമ്പം മിഷൻ സന്ദർശിക്കുകയും കമ്പം മിഷന്റെ തൊഴിൽദാന-ധനസമാഹരണ പദ്ധതിയുടെ ഭാഗമായി വിൽപനക്കുള്ള (hairband, scrunchies, hair clip etc.) സാധനങ്ങൾ കൊണ്ടുപോകുകയും ചെയ്തു
- നവംബർ 10, വിശ്വാസ പരിശീലനം നടത്തുന്ന 3 കുട്ടികൾക്ക് പരീക്ഷ നടത്തി.
- മദ്യപാനത്തിന് ഇരയായ 3 ആളുകൾക്ക് ചികിത്സ നൽകി.
- നവംബർ 21, 22 തീയതികളിൽ കട്ടപ്പന ഓസാനാം സ്കൂളിൽ നടന്ന പുസ്തകമേളയോട് അനുബന്ധിച്ച് കമ്പം മിഷനിൽ നിന്നുമുള്ള സാധനങ്ങളും വില്പന നടത്തി.
- കമ്പം മിഷൻ തൊഴിൽപദ്ധതി വഴി 6 സ്ത്രീകൾക്ക് ന്യായമായ നിരക്കിൽ ജോലി കൊടുക്കുന്നു.
- കമ്പം മിഷൻ ഏറ്റെടുത്തു നടത്തുന്ന മറ്റെല്ലാപ്രവർത്തനങ്ങളും സജീവമായി നടക്കുന്നു.

**ഫാ. തോമസ് കാഞ്ഞിരക്കാട്ട്**
**(ഡയറക്ടർ)**

**ഫാ. ഷാൻ ആയല്ലൂർ**
**(അസി. ഡയറക്ടർ)**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**നെയ്യാട്ടുശേരി-മെഡിക്കൽ ക്യാമ്പ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെയും, നസ്രത്ത് പബ്ലിക് സ്കൂൾ നെയ്യാട്ടുശ്ശേരിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നസ്രത്ത് പബ്ലിക് സ്കൂളിൽവച്ച് നവംബർ 17 ഞായറാഴ്ച രാവിലെ 9 മണി മുതൽ ഉച്ചക്ക് 12:30 വരെ സർജറി വിഭാഗത്തിന്റെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. സ്കൂൾ മാനേജർ സിസ്റ്റർ സുദീപ CSN ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ജനറൽ & ലാപ്രോസ്ക്കോപ്പിക്ക് സർജറി വിഭാഗം മേധാവി ഡോക്ടർ കിംഗ്സിലി അയ്യൻക്കുട്ടി ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ കൺസൾട്ടേഷനും മരുന്നുകളും സൗജന്യമായി നൽകി

**ശിശുദിനാഘോഷം നടത്തി**

2024 നവംബർ 14-ന് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ശിശുദിനം ആഘോഷിച്ചു. ചടങ്ങുകളുടെ ഉദ്ഘാടനം ഹോസ്പിറ്റൽ പീഡിയാട്രിക്ക് വിഭാഗം ഡോക്ടർ, ഡോ. ഡിറ്റിൻ ജോസഫ് നിർവഹിച്ചു.

കുട്ടികളും അവരുടെ മാതാപിതാക്കളും സജീവമായി പങ്കെടുത്ത പ്രോഗ്രാമിൽ കുട്ടികളുടെ കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കുകയും, വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

പീഡിയാട്രീക്ക് വിഭാഗം ഡോക്ടർ, ഡോ. സി. റ്റാനിയ CMC

കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം കാത്തുസൂക്ഷിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.

**പരിശീലന ക്ലാസ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ബയോമെഡിക്കൽ മാലിന്യസംസ്കരണ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. IMAGE (Indian Medical Association Goes Eco-friendly) ഇടുക്കി ജില്ലാ കോർഡിനേറ്റർ ശ്രീ. ജിനീഷ് R.-ന്റെ നേതൃത്വത്തിൽ നവംബർ 11, 13, 19 തീയതികളിലായി ക്ലാസ് നടത്തപ്പെട്ടു.

ആശുപത്രിയിലെ ജീവനക്കാർക്കായി സംഘടിപ്പിച്ച ഈ പരിപാടിയിൽ, ബയോമെഡിക്കൽ മാലിന്യസംസ്കരണ പ്രക്രിയയിൽ ശ്രദ്ധിക്കേണ്ട നിയമപരമായ മാനദണ്ഡങ്ങൾ, ശാസ്ത്രീയ സമീപനങ്ങൾ എന്നിവ വിശദമായി കൈകാര്യം ചെയ്തു.

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രി Housekeeping Department, Wellstar Facility Management - ന്റെ നേതൃത്വത്തിൽ നടന്ന ഈ പരിശീലനപരിപാടി മാലിന്യ സംസ്കരണത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തിൽ സംഭാവന നൽകാൻ സഹായകമാകും.

**മെഡിക്കൽ ക്യാമ്പ്- എരുമേലിയിൽ**

2024 ഡിസംബർ 01 ന് എരുമേലി അസംപ്ഷൻ ഫൊറോനാ പള്ളിയിൽ സ്ത്രീ രോഗനിർണയ ക്യാമ്പ് നടത്തപ്പെടും. ഗൈനക്കോളജി വിഭാഗം ഡോക്ടർ, ഡോ. റോണി മോൾ ക്യാമ്പുകൾക്ക് നേതൃത്വം നൽകും. രാവിലെ 8:30 മുതൽ ഉച്ചയ്ക്ക് 1:00 മണി വരെ എരുമേലി അസംപ്ഷൻ ഫൊറോന പള്ളിയുടെ പാരിഷ് ഹാളിലാണ് ക്യാമ്പ് നടത്തപ്പെടുന്നത്.

**മെഡിക്കൽ ക്യാമ്പ്- പുല്ലാനിത്തകിടിയിൽ**

സെന്റ് റീത്താസ് പള്ളി, പുല്ലാനിത്തകിടിയിൽ ഓർത്തോപീഡിക് മെഡിക്കൽ ക്യാമ്പ് ഡിസംബർ ഒന്നാം തീയതി രാവിലെ ഒൻപതു മണി മുതൽ ഉച്ചയ്ക്ക് ഒരുമണിവരെ സെന്റ് റീത്താസ് പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. മെഡിക്കൽ ക്യാമ്പിന് എം.എം.ടി ഹോസ്പിറ്റൽ ഓർത്തോപീഡിക് വിഭാഗം ഡോക്ടർ അരുൾ സേവ്യർ നേതൃത്വം നൽകും.

**മെഡിക്കൽ ക്യാമ്പ് ഈരാറ്റുപേട്ടയിൽ**

2024 ഡിസംബർ 08-ന് ഈരാറ്റുപേട്ട നൂർ കടുവാമുഴി മസ്ജിദിൽ വച്ച് സ്ത്രീരോഗനിർണയ ക്യാമ്പ് നടത്തപ്പെടുന്നു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 466-ാമതും കൂരിയായുടെ 923-ാമതും സമ്മേളനം 2024 നവംബർ 9-ാം തീയതി പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് പ്രസിഡന്റ് സി. ലൂസി ജോസഫ് തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമ ഗ്രന്ഥത്തിൽ നിന്നും അദ്ധ്യക്ഷ ജ്ഞാനവായന നടത്തി. മുൻസമ്മേളനത്തിന്റെ മിനിറ്റ്സ് സെക്രട്ടറി ബ്രം. ജേക്കബ് തോമസ് ചെറിയമുക്കട വായിച്ചു. സമ്മേളനത്തിൽ ഹാജരായ കമ്മീസിയം ഭാരവാഹികൾക്കും കൂരിയ, പ്രസീദിയം ഭാരവാഹികൾക്കും മറ്റ് സൈനികർക്കും അദ്ധ്യക്ഷ പരിശുദ്ധ അമ്മയുടെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

നവംബർ മാസത്തിൽ പ്രത്യേകമായി ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കണമെന്നും മരിച്ചുപോയ ലീജിയൻ അംഗങ്ങൾക്കുവേണ്ടി കുർബാന ചൊല്ലിക്കണമെന്നും സകല മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അദ്ധ്യക്ഷയുടെ പ്രഭാഷണത്തിൽ സൈനികരെ ഉദ്ബോധിപ്പിച്ചു.

ലീജിയൻ നിയമഗ്രന്ഥത്തിലെ അദ്ധ്യായം 40, പേജ് 437 "ഓരോ വ്യക്തിയുടെയും ആത്മാവിൽ ലീജിയൻ ശ്രദ്ധ പതിക്കണം" എന്ന ഭാഗത്തെ ആസ്പദമാക്കി പൊടിമറ്റം സ്വർഗ്ഗാരോപിതമാതാവ് പ്രസീദിയം പ്രസിഡന്റ് സി. എത്സമ്മ ജോസഫ് കിഴക്കേമുറി നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്ന് സംസാരിച്ചു.

കമ്മീസിയത്തിന്റെ അടുത്തസമ്മേളനം 2024 ഡിസംബർ 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് കൂടുന്നതാണ്. സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. കാഞ്ഞിരപ്പള്ളി രൂപത കമ്മറ്റി നവംബർ 3 ഞായറാഴ്ച പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ച് കൂടി.
- കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. സെക്രട്ടറി ഷാജി ചാഞ്ഞിക്കലിന്റെ മരണത്തിൽ ഡി.സി.എം.എസ്. രൂപതാകുടുംബം അനുശോചനം രേഖപ്പെടുത്തി. പുത്തൻകൊരട്ടി ദൈവാലയത്തിൽ നടന്ന മൃതസംസ്ക്കാരശുശ്രൂഷയിൽ രൂപത വികാരി ജനറാൾ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. രൂപതയിലെ വൈദികരും ഡി.സി.എം.എസ്. പ്രവർത്തകരും പങ്കെടുത്തു. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പള്ളിയിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവും വികാരിജനറാൾമാരും അനുശോചനം രേഖപ്പെടുത്തി.
- ഷാജിയുടെ 7-ാം ചരമദിനത്തിൽ രൂപതാകമ്മറ്റി അംഗങ്ങൾ പുത്തൻകൊരട്ടി സെമിത്തേരിയിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുടുംബാംഗങ്ങളെ ഭവനത്തിലെത്തി ആശ്വസിപ്പിച്ചു.
- KCBC, SC ST/BC സ്കോളർഷിപ്പ് അപേക്ഷകൾ രൂപതയിൽ നിന്നും KCBC യ്ക്ക് സമർപ്പിച്ചു.
- പാലായിൽ വച്ച് നടന്ന ഡി.സി.എം.എസ്. സപ്തതി വർഷ ദേശീയ സിമ്പോസിയത്തിലും മഹാസംഗമത്തിലും രൂപതയിൽ പ്രതിനിധികൾ പങ്കെടുത്തു. →



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ പ്രതിമാസ രൂപതാതലയോഗം 10-11-2024 രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്ററിലുള്ള രൂപതാ ഓഫീസിൽ കൂടി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു.

ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലക്കലിന്റെ നേതൃത്വത്തിൽ നടന്ന പ്രാരംഭപ്രാർത്ഥനകൾക്കുശേഷം രൂപതാ പ്രസിഡന്റ് ഏവർക്കും സ്വാഗതമരുളി. കഴിഞ്ഞ മാസം നടന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ഫ്രാൻസിസ്ക്കൻ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടുള്ള നമ്മുടെ പ്രവർത്തനങ്ങളും മാതൃകാ പരമായ ജീവിതശൈലിയും കൂടുതൽ ആളുകളെ ഫ്രാൻസിസ്ക്കൻ

---

## ഡി.സി.എം.എസ്.

- നവംബർ 20-ാം തീയതി പി.ഒ.സി.യിൽ വച്ച് നടന്ന രൂപത ഡയറക്ടേഴ്സ് മീറ്റിംഗിൽ രൂപതയിൽനിന്നും പങ്കെടുത്തു. തുടർന്ന് ഉച്ചകഴിഞ്ഞ് മുനമ്പം കുടിയിറക്കു ഭീഷണിയിൽ ആയിരിക്കുന്ന മുനമ്പം നിവാസികൾക്ക് മുനമ്പത്ത് എത്തി ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

NB : സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി വിവിധ professional course ന് പഠിക്കുന്ന ദളിത് കുട്ടികൾക്ക് പഠനസഹായം നല്കുന്നു. യോഗ്യരായ കുട്ടികൾക്ക് അപേക്ഷിക്കാം. Contact No. 9947552035, 9947076993, 9072713300

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

അൽമായ സഭയിലേയ്ക്ക് ആകർഷിക്കണമെന്നും ഉൽബോധിപ്പിച്ചു കൊണ്ട് പ്രസിഡന്റ് അദ്ധ്യക്ഷപ്രസംഗം നടത്തി.

രൂപതാ സെക്രട്ടറി ബ്രദർ തോമസ് ചാക്കോ മണിമലക്കരോട്ട് മുൻയോഗമിനിറ്റ്സ് അവതരിപ്പിച്ചു. ഭാതൃത്വ പ്രതിനിധികൾ ഓരോ ഭാതൃത്വങ്ങളുടെയും പ്രവർത്തനങ്ങൾ റിപ്പോർട്ടു ചെയ്തു.

തുടർന്നുനടന്ന ചർച്ചയിൽ താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. അർത്ഥിസ്വീകരണങ്ങൾ അതാതു ഭാതൃത്വങ്ങളിൽ വച്ചു തന്നെ നടത്തുകയും സഭാവസ്ത്രസ്വീകരണം രൂപതയിലെ ഏതെങ്കിലും ഒരു ഭാതൃത്വത്തിൽ വച്ചു നടത്തുകയും ചെയ്യുക.
2. ഭാതൃത്വങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ നല്ലനിലയിൽ ആക്കുവാൻ ഓരോ ഭാതൃത്വങ്ങളുടേയും ചുമതലകൾ ബ്രദർ ജോസ് തോമസ് ബ്രദർ ജോസ് ജോസ്, ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ എന്നിവരെ ചുമതലപ്പെടുത്തി.
3. രൂപതാതല വാർഷികം 2025 ഫെബ്രുവരി മാസത്തിൽ നടത്തുക.

സമാപന പ്രാർത്ഥനയോടുകൂടി യോഗം 4.30 ന് സമാപിച്ചു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

സെൻട്രൽ കൗൺസിലിന്റെ ഒരു യോഗം 27-10-2024 ഞായറാഴ്ച 10.30 ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സി.സി. ഓഫീസിൽ കൂടുകയുണ്ടായി. പ്രസിഡന്റ് സി.സി. അംഗങ്ങളെ സ്വാഗതം ചെയ്ത് സംസാരിച്ചു. ചർച്ചകളോടെ വിവിധ വിഷയങ്ങൾ ആലോചിച്ചു.

ഈ വർഷത്തെ ലോറേഞ്ചിലെ വാർഷികധ്യാനം ഡിസംബർ മാസം 14-ാം തീയതി പൊടിമറ്റം സെന്റ് മേരീസ് പള്ളിയിൽ വച്ചും ഹൈറേഞ്ചിലെ വാർഷികധ്യാനം പുളിയൻമല പള്ളി പാരീഷ് ഹാളിൽ ഡിസംബർ മാസം 15-ാം തീയതിയും നടത്തുന്നതിന് തീരുമാനിച്ചു.

ലോറേഞ്ചിലെ ധ്യാനം നയിക്കുന്നത് അഞ്ചിലിപ്പ വിൻസെൻഷ്യൻ ആശ്രമ ഡയറക്ടറും മഡോണ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പലും ധ്യാനഗുരുവുമായ റവ. ഫാ. ടോണി കുളമറ്റം വി.സി. ആണ്. ഹൈറേഞ്ചിലെ വാർഷികധ്യാനം നയിക്കുന്നത് നെടുങ്കണ്ടം ഡിവൈൻ റിട്രീറ്റ് സെന്റർ ഡയറക്ടറായ ഫാ. ജെയിംസ് മാക്കിൽ ആണ്.

ഓസ്സാനാം വിദ്യാഭവന് സ്ഥലം സംഭാവനയായി തന്ന ഏർത്തയിൽ എ.സി. ലൂക്കാ സാറിന്റെ 95-ാം ജന്മദിനം കുന്നുംഭാഗം പാരീഷ് ഹാളിൽ വച്ച് സമുചിതമായി ആഘോഷിച്ചു. കാഞ്ഞിരപ്പള്ളി ഏരിയാ കൗൺസിൽ പ്രസിഡന്റായി ബ്ര. തോമസ് ജസ്റ്റിൻ ഞള്ളത്തുവയലിൽ തിരഞ്ഞെടുക്കപ്പെട്ടു. Mob No. 9446123397. ബ്ര. തോമസ് ജസ്റ്റീന് പ്രാർത്ഥനാശംസകൾ.

റാന്നി ഇൻഫന്റ് ജീസസ്സ് ഫൊറോനാപള്ളി കോൺഫ്രൻസ് പ്രസിഡണ്ടായി ഇ.റ്റി. ജോസ് ഇടിമണ്ണിക്കൽ തെരഞ്ഞെടുക്കപ്പെട്ടു. Mob No. 9446817345. പുതിയ പ്രസിഡന്റിന് പ്രാർത്ഥനാശംസകൾ.

വെളിച്ചിയാനി സെന്റ് തോമസ് ലേഡീസ് കോൺഫ്രൻസ് പ്രസിഡണ്ടായി സി. ജാൻസി തോമസ് കാഞ്ഞൂപ്പറമ്പിൽ തിരഞ്ഞെടുക്കപ്പെട്ടു. Mob No. 9495444496. പുതിയ പ്രസിഡന്റിന് പ്രാർത്ഥനാശംസകൾ.

**ഓസ്സാനാം ഫെസ്റ്റ് 2024 - 25**

ജൂണിയർ കോൺഫ്രൻസ് അംഗങ്ങൾക്കായുള്ള ഈ വർഷത്തെ കലാ രചനാ മത്സരങ്ങൾ (ഓസ്സാനാം ഫെസ്റ്റ്) 09-11-2024 ശനിയാഴ്ച രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ഓസ്സാനാം വിദ്യാഭവനിൽ വച്ച് നടത്തി. പ്രാരംഭപ്രാർത്ഥനയ്ക്ക് ശേഷം മത്സരങ്ങൾ ആരംഭിച്ചു. ഉപന്യാസം, പ്രസംഗം, ഭക്തിഗാനം, ക്വിസ് എന്നീ ഇനങ്ങളിൽ കുട്ടികളുടെ മത്സരങ്ങൾ നടന്നു. ഉച്ചക്ക് 1.30 ന് മത്സരങ്ങൾ സമാപിച്ചു. വിജയികൾക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 500/-, 300/-, 200/- രൂപ വീതം ക്യാഷ് പ്രൈസ് നൽകുകയുണ്ടായി.

ഓസ്സാനാം വിദ്യാഭവനിൽ ക്രമീകരിച്ചിരുന്ന ഉച്ചഭക്ഷണത്തിന് ശേഷം സി.സി. പ്രസിഡന്റിന്റെ നന്ദി പ്രകാശനത്തോടെ സമ്മാനവിതരണം നടത്തി. പ്രസിഡന്റ് പങ്കെടുത്ത കുട്ടികളെയും ആനിമേറ്റർമാരേയും ക്വിസ് പ്രോഗ്രാം നടത്തിയ സി.സി. വൈസ് പ്രസിഡന്റും ചിറക്കടവ് എ.സി. പ്രസിഡന്റുമായ ബ്രദർ ഷാജി ജേക്കബ് മഞ്ഞാടിയിലിനെയും പ്രത്യേകം അഭിനന്ദിച്ചു. ഒന്നാം സമ്മാനം നേടിയ കുട്ടികൾക്ക് KRCC തല മത്സരങ്ങളിൽ പങ്കെടുക്കുന്നതി നായുള്ള രജിസ്ട്രേഷൻ സംബന്ധിച്ച അറിയിപ്പ് എ.സി. പ്രസിഡന്റുമാർ മുഖേന കുട്ടികളെ അറിയിക്കുന്നതാണ്.

കഴിഞ്ഞ വർഷത്തെ കെ.ആർ.സി.സി. തല മത്സരത്തിൽ പങ്കെടുത്ത് പ്രസംഗത്തിന് രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കട്ടപ്പന ഏരിയാ കൗൺസിലിലെ കട്ടപ്പന സെന്റ് ജോർജ് സ്കൂളിലെ ബിയാനാ ബെന്നിയെ പ്രത്യേകം അഭിനന്ദിച്ചു. പോയിന്റ്

അടിസ്ഥാനത്തിൽ ഹൈസ്കൂൾ വിഭാഗം ഓവർഓൾ ചാമ്പ്യന്മാരായി. ചിറക്കടവ് സെന്റ് ഇഫ്രേംസ് സ്കൂൾ ട്രോഫി കരസ്ഥമാക്കി. യു.പി. വിഭാഗത്തിൽ ഓവർഓൾ ചാമ്പ്യന്മാരായി എലിക്കുളം സെന്റ് മാത്യൂസ് സ്കൂളും ട്രോഫി കരസ്ഥമാക്കി. ഓസ്സാനാം ഫെസ്റ്റിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ സി.സി. അംഗങ്ങളേയും വിദ്യാഭവനിലെ സിസ്റ്ററിനേയും കുട്ടികളേയും മത്സരങ്ങൾ ജഡ്ജ് ചെയ്യുന്നതിനായി എത്തിയ ജഡ്ജസിനെയും പ്രസിഡന്റ് നന്ദി അറിയിച്ചു. 2.30 പി.എം. ന് 55-ഓളം കുട്ടികൾ പങ്കെടുത്ത മത്സരങ്ങൾ സമംഗളം പര്യവസാനിച്ചു.

**സംയുക്തസമ്മേളനം**

ഇളങ്ങുളം ഏരിയാ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനവും ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷവും ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ ആനിക്കാട് പള്ളി പാരീഷ് ഹാളിൽ വച്ച് നടത്തുകയുണ്ടായി. ബഹു. വികാരി റവ. ഫാ. ജോസ് മംഗലത്തിൽ യോഗം ഉൽഘാടനം ചെയ്ത് സംസാരിച്ചു. എ.സി. പ്രസിഡന്റ് ജോർജ് വി. എബ്രാഹം അദ്ധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡന്റ് ബ്ര. ജോൺ മാത്യു തൊമ്മിത്താഴെ മുഖ്യസന്ദേശം നൽകി. എ.സി. വൈസ് പ്രസിഡന്റ് ബ്ര. ജോസ് മാനുവൽ സ്വാഗതം ആശംസിച്ചു. ബ്ര.തോമസുകുട്ടി പേഴനാൽ കൃതജ്ഞത രേഖപ്പെടുത്തി. 108 അംഗങ്ങൾ പങ്കെടുത്ത യോഗം സ്നേഹവിരുന്നോടുകൂടി 5.30 പി.എം. ന് സമംഗളം പര്യവസാനിച്ചു.

മുണ്ടക്കയം ഏരിയാ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനം പാലൂർക്കാവ് സെന്റ് ജോർജ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ 17-11-2024 ഞായറാഴ്ച 2.30 പി.എം. ന് പാലൂർക്കാവ് പള്ളി പാരീഷ് ഹാളിൽ വച്ച് നടത്തി. പാലൂർക്കാവ് കോൺഫ്രൻസ് അംഗം ബ്ര. ദേവസ്യാ വാണിയപ്പുരയ്ക്കൽ പ്രാരംഭപ്രാർത്ഥനയും ജ്ഞാനവായനയും നടത്തി.

ഏരിയാ കൗൺസിൽ സെക്രട്ടറി ബ്ര. ബെന്നി വർഗീസ് വടക്കേത്ത് സ്വാഗതം ആശംസിച്ചു. ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്ര. റിനോഷ് ആന്റണി അദ്ധ്യക്ഷപ്രസംഗം നടത്തി. പാലൂർക്കാവ് പള്ളി വികാരി റവ. ഫാ. ചെറിയാൻ (ബിജു) ചുളയില്ലാപ്ലാക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. സി.സി. ട്രഷറർ ബ്ര. വർഗീസ് രണ്ടുപ്ലാക്കൽ മുഖ്യസന്ദേശം നൽകി. സി.സി. സെക്രട്ടറി ബ്ര. സിബി മാത്യു സി.സി.യുടെ അറിയിപ്പുകൾ യോഗത്തിൽ പങ്കുവച്ചു. തുടർന്ന് കോൺഫ്രൻസുകളുടെ റിപ്പോർട്ടിംഗ് നടത്തി. ചർച്ചകൾക്ക് ശേഷം ബ്ര. ദേവസ്യാ വാണിയപ്പുരയ്ക്കൽ സമാപന പ്രാർത്ഥനയും പാലൂർക്കാവ് കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. മാനുവൽ പി.എം. പന്തലാനിക്കൽ കൃതജ്ഞതയും രേഖപ്പെടുത്തി. 27 അംഗങ്ങൾ പങ്കെടുത്ത യോഗം സ്നേഹവിരുന്നോടെ സമാപിച്ചു.

റാന്നി ഏരിയാ കൗൺസിലിന്റെ ഒരു സംയുക്തസമ്മേളനം 20–10–2024 ഞായറാഴ്ച 2.30 പി.എം. ന് സീതത്തോട് കൂത്താട്ടുകുളം സെന്റ് മേരീസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ കൂത്താട്ടുകുളം അസംപ്ഷൻ പള്ളി പാരീഷ് ഹാളിൽ കൂടുകയുണ്ടായി. എ.സി. പ്രസിഡന്റ് ബ്ര. സുരേഷ് തോമസ് അദ്ധ്യക്ഷത വഹിച്ചു. പ്രാരംഭപ്രാർത്ഥന, ജ്ഞാനവായന ഇവയ്ക്കുശേഷം സെന്റ് മേരീസ് കോൺഫ്രൻസ് അംഗം ബ്ര. റോബിച്ചൻ തോട്ടുവളപ്പിൽ സ്വാഗതം ആശംസിച്ചു. സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. സെബിൻ ഉള്ളാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് കോൺഫ്രൻസുകളുടെ റിപ്പോർട്ടിംഗ് നടന്നു. ഏരിയാ കൗൺസിൽ റിപ്പോർട്ട് സെക്രട്ടറി ബ്ര. വർഗീസ് കൊച്ചുപൊട്ടംപ്ലാക്കിൽ അവതരിപ്പിച്ചു. സി.സി. അംഗവും മദ്ധ്യമേഖല കോഡിനേറ്ററുമായ ബ്ര. ടോമി മണിയമ്പ്രായിൽ ചർച്ചകൾ നയിക്കുകയും സി.സി.യുടെ അറിയിപ്പുകൾ പങ്കുവയ്ക്കുകയും ചെയ്തു. One Rupee challenge scheme -ന്റെ ഉൽഘാടനവും നടത്തി. സെന്റ് മേരീസ് കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. സജൻ മാമ്പള്ളിൽ ആശംസയും എ.സി. സെക്രട്ടറി ബ്ര. വർഗീസ് നന്ദിയും പറഞ്ഞു. സമാപന പ്രാർത്ഥനയോടെ 35 അംഗങ്ങൾ പങ്കെടുത്ത യോഗം സമംഗളം പര്യവസാനിച്ചു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചന ധ്യാനം**

നവംബർ 10 മുതൽ 17 വരെ തീയതികളിൽ തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ച് നടത്തിയ ധ്യാനത്തിൽ 64 പേർ സംബന്ധിച്ചു. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പെരുനിലം അച്ചൻ, ശ്രീ. ജോർജുകുട്ടി ആഗസ്തി, ശ്രീ. ജോർജുകുട്ടി പറത്താനം എന്നിവരുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിൽ ധ്യാനത്തോടനുബന്ധിച്ചുള്ള എല്ലാ പരിപാടികളും വളരെ വിജയകരമായി നടത്തി. കൂടാതെ എല്ലാ മാസവും ധ്യാനനടത്തിപ്പിന് വന്നുകൊണ്ടിരുന്ന എല്ലാവരും തന്നെ എത്തുകയും ധ്യാനവിജയത്തിന് സഹകരിക്കുകയും ചെയ്തു. റവ. ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ, റവ. ഫാ. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ട് എന്നിവർ വി. കുർബാന, ക്ലാസ്, ധ്യാനം, ആരാധന എന്നിവ നടത്തുകയും ലഹരിരഹിതജീവിതം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് പ്രതിജ്ഞാബദ്ധരാകുവാൻ ഏവരേയും ആഹ്വാനം ചെയ്യുകയും ചെയ്തു. 17-ാം തീയതി രാവിലെ വി. കുർബാനയും പ്രഭാതഭക്ഷണവും കഴിഞ്ഞ് എല്ലാവരും സന്തോഷത്തോടെ സ്വഭവനങ്ങളിലേക്ക് മടങ്ങി.

**ജീസസ് ഫ്രട്ടേണിറ്റി**

പീരുമേട് സബ്ജയിലിൽ ബഹുമാനപ്പെട്ട അജോ പേഴുംകാട്ടിൽ അച്ചന്റെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചകളിലും വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്യുന്നു. കൂടാതെ കുട്ടിക്കാനം മരിയൻ കോളേജിലെ അധ്യാപകരും കുട്ടികളും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ജയിൽ നിവാസികൾക്ക് മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

കോട്ടയം ജയിലിൽ വടവാതൂർ സെമിനാരിയിൽ നിന്ന്

## വിമല പബ്ലിക്കേഷൻസ്

**പുത്തൻപുസ്തകങ്ങൾ**

1. **St. Carlo Acutis** (English)

പേജ് : 60/ വില: 60/ എഡിഷൻ: 1

തന്റെ ബാല്യത്തിലേ ദിവ്യകാരുണ്യത്തെ ഹൃദയത്തോടു ചേർത്തുവച്ച്, കൗമാരപ്രായത്തിൽ ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ വെർച്ചൽ മ്യൂസിയം ലോകത്തിനു സമ്മാനിച്ച വെബ്മിഷണറി. 15-ാം വയസ്സിൽ കൂടെ കൂടിയ ലുക്കീമിയയുടെ വേദന സന്തോഷപൂർവ്വം സ്വീകരിച്ച് സ്വർഗം പൂകിയ വിശുദ്ധ കാർലോ അകിറ്റി സിന്റെ പ്രചോദനകരമായ ലഘുജീവചരിത്രം.

2. **Saint John Berchmans** (English)

പേജ് : 72/ വില: 60/ എഡിഷൻ:1

ലോകദൃഷ്ടിയിൽ സംഭവരഹിതവും പ്രയോജനശൂന്യവുമായ ജീവിതം നയിച്ച് ആശ്രമപരിധിക്കുള്ളിൽ ജീവിച്ച വിശുദ്ധൻ. സ്വയം

---

## ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

ബഹുമാനപ്പെട്ട റിജോ അച്ചന്റെ നേതൃത്വത്തിൽ സെമിനാരിക്കാർ എത്തുകയും വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയും മത്സരങ്ങൾ നടത്തുകയും ചെയ്തു. ജയിൽ നിവാസികൾ ഏറെ സന്തോഷത്തോടെ പരിപാടികളിൽ പങ്കെടുത്തു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പെരുനിലം അച്ചൻ ബോധവത്ക്കരണ ക്ലാസ് നടത്തി.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

ദാസനും വിലയില്ലാത്ത അടിമയുമായി കരുതിയ അനുസരണത്തിന്റെ സന്ന്യാസിവര്യൻ. വിനയത്തിന്റെ മുദ്രയായി ദാരിദ്ര്യത്തെ സ്വീകരിച്ച പുണ്യവാന്റെ ജീവചരിത്രം.

**3. സൈബർ സെയ്ന്റ്:** സി. ടെസി മരിയ എഫ്.സി.സി

പേജ് : 60/ വില: 50/ എഡിഷൻ: 2

നന്മയും തിന്മയും നിരന്തരം പോരടിക്കുന്ന സമകാലിക ലോകത്തിൽ നന്മയുടെ പക്ഷം ചേരാൻ നമ്മെ, പ്രത്യേകിച്ച് യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന വിശുദ്ധൻ. ഭൂമിയിൽ എത്രകാലം ജീവിച്ചു എന്നതല്ല, എങ്ങനെ ജീവിച്ചു എന്നതാണ് ദൈവസന്നിധിയിൽ മഹത്തരമെന്ന് നമ്മെ ഓർമ്മിപ്പിച്ച വിശുദ്ധന്റെ ജീവചരിത്രം.

## പുത്തൻ പതിപ്പുകൾ

1. ആവിലായിലെ വിശുദ്ധ ത്രേസ്യ: സി. ഫിലമിൻ സി.എം.സി
2. ഹായ് എന്റെ ഈശോ
3. Bible Colouring book : New Testament & Old Testament
4. The Journey to Bethlehem - Colouring book

## പണിപ്പുരയിൽ

1. നസ്രായൻ : ഫാ. ജോസഫ് കുമ്പുക്കൽ
2. വിൻസെൻഷ്യൻ വാടിയിലെ വിജയസുമങ്ങൾ
   : ഷാജൻ പി ജോസഫ് സി. എം.
3. Easter Stories ( ഇംഗ്ലീഷ് വിവർത്തനം) :മഞ്ജുഷ കുന്നത്ത്
4. സൺഡേസ്കൂൾ പ്രസംഗം- വാല്യം 7: സി. ഫിലമിൻ CMC
5. പടിയറ ഫലിതങ്ങൾ : ബോബൻ തെക്കേൽ
6. ഒലിവർ ട്വിസ്റ്റ് - ചാൾസ് ഡിക്കൻസ്
   : സംഗ്രഹീത പുനരാഖ്യാനം : എം.ജെ. ജിൻസ്

**ഫാ. ജസ്റ്റിൻ മതിയത്ത്**
**ഡയറക്ടർ**

# Special Care Homes & Charitable Institutions (SEARCH)

**എയ്ഞ്ചൽസ് വില്ലേജ് – ആശാ നിലയം**

**കേരളപ്പിറവി ആഘോഷം**

കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് 2024 നവംബർ 1-ാം തീയതി ആശാനിലയം സ്പെഷ്യൽ സ്കൂളിൽ വച്ച് ഫാൻസിഡ്രസ് മത്സരം നടത്തി. ആശാനിലയം സ്പെഷ്യൽ സ്കൂൾ, ആശ്വാസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, അഗ്രോ ഫാം സ്കൂൾ ഈ മൂന്നു വിഭാഗത്തിലെ കുട്ടികളും മത്സരത്തിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

**സദ്ഗമയ 25 ലോഗോപ്രകാശനം**

2025 ജനുവരി 23, 24, 25, 26 തീയതികളിൽ ഏയ്ഞ്ചൽ വില്ലേജിൽ വച്ച് നടക്കുന്ന ഭിന്നശേഷിക്കാരുടെ പ്രത്യേകിച്ച് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ സർഗാത്മകതയും ക്രിയാശേഷിയും പ്രദർശിപ്പിക്കുവാൻ അവസരമൊരുക്കുന്ന സംസ്ഥാനതല മെഗാ എബിലിറ്റി ഫെസ്റ്റിവൽ 'സദ്ഗമയ 25' ന്റെ ലോഗോ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു 2024 നവംബർ 6 ന് മന്ത്രിയുടെ ഓഫീസിൽ വച്ച് പ്രകാശനം ചെയ്തു.

സദ്ഗമയ ഫെസ്റ്റ് 2025 ന്റെ മുന്നോടിയായി 20-20 ഇവന്റ് 6 എണ്ണം ഇതിനോടകം നടന്നുകഴിഞ്ഞു.

1. Sadgamaya Plant a Tree day
2. Sadgamaya picture Drawing competition
3. Logo പ്രകാശനം
4. ലോക മാനസീകാരോഗ്യ ദിനാചരണവും, ഫ്രണ്ട്സ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ പ്രഖ്യാപനവും

5. We are Able - ലോഗോ നിർമ്മാണം
6. സംസ്ഥാനതല ലോഗോ പ്രകാശനം

**ശിശുദിനാഘോഷം**

ശിശുദിനത്തോടനുബന്ധിച്ച് 2024 നവംബർ 14-ാം തീയതി ആശാനിലയം സ്കൂളിൽ വച്ച് ശിശുദിന റാലിയും കുട്ടികളുടെ കലാപരിപാടികളും ഫാൻസിഡ്രസ് മത്സരവും നടന്നു. മുണ്ടക്കയം ശ്രീശബരീശ കോളേജിലെ MSW Department - ൽ നിന്നും HOD ശ്രീ. ഹരീഷ് സാറിന്റെ നേതൃത്വത്തിൽ 35 കുട്ടികളും, മുണ്ടക്കയം ബി.ബി.എം.ഐ.ടിയിൽ പഠിക്കുന്ന 80 ഓളം കുട്ടികളും റാലിയിലും കലാപരിപാടികളിലും പങ്കെടുക്കുകയും ചെയ്തു. സ്കൂൾ ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ, പ്രിൻസിപ്പൽ സി. ലിറ്റി സേവ്യർ, സുശീല ടീച്ചർ, ബ്രഹ്മനായകമഹാദേവൻ സാർ എന്നിവർ കുട്ടികൾക്ക് ശിശുദിന മെസ്സേജുകൾ നല്കി.

**സന്ദർശനങ്ങൾ**

Y's Men international club - സംഘടനയിൽ നിന്നും ഉള്ള പ്രതിനിധികൾ ഏയ്ഞ്ചൽ വില്ലേജിൽ എത്തുകയും കുട്ടികളെ സന്ദർശിക്കുകയും അവരോടൊപ്പം ചേർന്ന് കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

വണ്ടൻപതാൽ സെന്റ് പോൾ ഇടവകയിൽ നിന്നും മാതൃവേദി അംഗങ്ങൾ, ആനിമേറ്ററിനോടൊപ്പം സ്കൂളിൽ സന്ദർശനം നടത്തി.

BRC - യിൽ നിന്നും കങ്ങഴ യൂണിറ്റിന്റെ കോ-ഓർഡിനേറ്റർ സ്കൂളിൽ സന്ദർശനം നടത്തി.

പൊടിമറ്റം മൈനർ സെമിനാരിയിലെ 4-ാം വർഷ വൈദിക വിദ്യാർത്ഥികൾ സ്കൂളിൽ സന്ദർശനം നടത്തി.

**Birthday Celebration**

NIEPED - ൽ നിന്നും വിരമിതരായ ഡോ. എ.റ്റി. ത്രേസ്യാക്കുട്ടി, ഡോ. കെ.എം. മേനോൻ ഇവരുടെ ജന്മദിനം ഏയ്ഞ്ചൽ വില്ലേജിലെ മാലാഖമാർക്കൊപ്പം ആഘോഷിച്ചു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്മെന്റ് സൊസൈറ്റി

**ഭവനനിർമ്മാണ സഹായം**

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 2,85,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 2,31,791/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 4,84,550/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സീഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,25,916/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# ഇൻഫാം

- ഹലോ കിസാൻ വെളിച്ചിയാനി ഗ്രാമസമിതി കുടുംബസംഗമം 2024 നവംബർ 10 ഞായർ 5.30 പി.എം. ന് നടന്നു. ഇൻഫാം വെളിച്ചിയാനി ഗ്രാമസമിതി ഡയറക്ടർ ഫാ. ഇമ്മാനുവൽ മടുക്കക്കുഴി അദ്ധ്യക്ഷത വഹിച്ച യോഗം ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം അംഗങ്ങളുടെ വിവിധ കലാപരിപാടികളാൽ സംഗമം മനോഹരമായിരുന്നു.

- ഇൻഫാം മുണ്ടക്കയം താലൂക്ക് സമിതി 2024 നവംബർ 11-ാം തീയതി രാവിലെ 11 മണിക്ക് മുണ്ടക്കയം പാരീഷ് ഹാളിൽ വച്ച് നടന്നു. ഇൻഫാം മുണ്ടക്കയം താലൂക്ക് ഡയറക്ടർ ഫാ. മാത്യു പുത്തൻപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗം ഇൻഫാം മുണ്ടക്കയം താലൂക്ക് രക്ഷാധികാരി ഫാ. ജെയിംസ് മുത്തനാട്ട് ഉദ്ഘാടനം ചെയ്തു. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ മുഖ്യപ്രഭാഷണം നടത്തി.

- ഇൻഫാം മേരികുളം ഗ്രാമസമിതിയുടെ ആഭിമുഖ്യത്തിൽ 2024 നവംബർ മാസം 17-ാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ഏലം കാർഷിക സെമിനാർ നടത്തി.

- ഇൻഫാം പൊൻകുന്നം താലൂക്ക് സമിതി 2024 നവംബർ 20-ാം തീയതി പൊൻകുന്നം അൽഫോൻസ ഹാളിൽ വച്ച് നടന്നു. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ, ജോയിന്റ് ഡയറക്ടർ ഫാ. ആൽബിൻ

പുൽത്തകിടിയേൽ, പൊൻകുന്നം കാർഷിക താലൂക്ക് രക്ഷാധികാരി ഫാ. ജോണി ചെരിപുറം, ഡയറക്ടർ ഫാ. മാത്യു പനച്ചിക്കൽ തുടങ്ങിയവർ പങ്കെടുത്തു.

- ഇൻഫാം പെരുവന്താനം കാർഷികതാലൂക്ക് എക്സിക്യുട്ടീവ് 2024 നവംബർ 21-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് കണയങ്കവയലിൽ വച്ച് നടന്നു. ഇൻഫാം പെരുവന്താനം കാർഷിക താലൂക്ക് ഡയറക്ടർ ഫാ. മാത്യു വള്ളിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗം ഇൻഫാം പെരുവന്താനം താലൂക്ക് രക്ഷാധികാരി ഫാ. സെബാസ്റ്റ്യൻ താഴത്തുവീട്ടിൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ മുഖ്യപ്രഭാഷണം നടത്തി.

- ഹലോ കിസാൻ മാങ്ങാപ്പാറ ഗ്രാമസമിതി കുടുംബസംഗമം 2024 നവംബർ 24, 6.30 pm ന് മാങ്ങാപ്പാറയിൽ വച്ച് നടന്നു. ഇൻഫാം മാങ്ങാപ്പാറ ഗ്രാമസമിതി ഡയറക്ടർ ഫാ. ജോസഫ് കൊച്ചുവീട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗം ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

- കാർഷിക താലൂക്ക് ഡയറക്ടർമാരുടെ സമ്മേളനം 2024 നവംബർ 26 ചൊവ്വ 2.30 പി.എം. ന് പാറത്തോട് ഇൻഫാം കേന്ദ്ര ഓഫീസിൽ വച്ച് നടന്നു.

- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ നിർവാഹകസമിതി യോഗം 2024 നവംബർ 26 ചൊവ്വ രാവിലെ 10 മണിക്ക് പാറത്തോട് ഇൻഫാം കേന്ദ്ര ഓഫീസിൽ വച്ച് നടന്നു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**ഡയറക്ടർ**

# പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ, നവംബർ മാസങ്ങളിലായി ഗ്രാമ തലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ് ഓർഗാനിക് സ്പൈസസ്**

**ബോയിലർ ലൈസൻസ് റിന്യൂവൽ:**

2025 ലേക്കുള്ള ബോയിലർ ലൈസൻസ് റിന്യൂവൽ ഒക്ടോബർ മാസം കംപ്ലീറ്റ് ആയി.

**ഫാക്ടറി ലൈസൻസ് റിന്യൂവൽ:**

2025 ലേക്കുള്ള ഫാക്ടറി ലൈസൻസ് റിന്യൂവൽ ഒക്ടോബർ മാസം കംപ്ലീറ്റ് ആയി.

**പ്ലാവിൻ തൈകൾ വിതരണം ചെയ്തു:**

ഫെയർ ട്രേഡ് പ്രമോഷന്റെ ഭാഗമായി 1500 പ്ലാവിൻ തൈകൾ ഇടുക്കി, കോട്ടയം, പത്തനംതിട്ട ഇവിടങ്ങളിലെ കർഷകർക്കായി വിതരണം ചെയ്തു.

**ഫെയർ ട്രേഡ് കോഫി വർക്ക് ഷോപ്പ് :**

നവംബർ മാസം 5 മുതൽ 9 വരെ കൊറിയയിലെ സിയുളിൽ വച്ച് നടന്ന അന്താരാഷ്ട്ര കോഫി ഷോയിൽ പി ഡി എസിനെ പ്രതിനിധീകരിച്ച് ശ്രീ. ജേക്കബ് ജോസ് പങ്കെടുത്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള കോഫി ഉൽപ്പന്നങ്ങൾ, വിപണന കമ്പനികൾ,

സർട്ടിഫിക്കേഷൻ ഏജൻസികൾ, ഉൾപ്പെടെ 500ൽ പരം സ്റ്റാളുകൾ പ്രസ്തുത എക്സിബിഷനിൽ ഒരുക്കിയിരുന്നു.

**കയറ്റുമതി:**

പി.ഡി.എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞമാസം നടന്ന കയറ്റുമതികൾ:

യു.എസ്.എ : 1, ജർമ്മനി : 1, യു.കെ : 1

**പി.ഡി.എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ഐ.പി പേഷ്യന്റ്സിന്റെ ബുക്കിംഗ് എടുക്കുകയും ഒ.പി കൺസൾട്ടേഷൻ നടത്തുകയും ചെയ്തു.

ബെൽജിയത്തിൽ നിന്നും 20 പേർ അടങ്ങുന്ന ഗ്രൂപ്പ് സഹ്യാദ്രി ആയുർവേദ മ്യൂസിയവും ആയുർവേദ ഫാക്ടറിയും സന്ദർശിക്കുകയും ഡോ. സുദീപ് അഗസ്റ്റിൻ ആയുർവേദ ട്രീറ്റ്മെന്റ് സെക്ഷൻ നടത്തുകയും ചെയ്തു.

സഹ്യാദ്രി ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പാ തെറാപ്പി ട്രെയിനിങ്ങിനായി മിസ്റ്റർ ബിജു എത്തിച്ചേരുകയും സ്റ്റുഡൻസിന് ട്രെയിനിങ് നടത്തുകയും ചെയ്തു.

കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ്

സാമ്പിളുകൾ പരിശോധിച്ചത്

വാട്ടർ: 9, സോയിൽ:4, കമ്പോസ്റ്റ്: 7

**മൈക്രോബയോളജി ലാബ്**

പി.ജി.പി. ആർ 1:302 L വിൽപ്പന നടത്തി

പി.ജി.പി. ആർ 2 :8 L വിൽപ്പന നടത്തി

**ഇക്കോ ഫാം**

350 കുരുമുളക് തൈകൾ വിൽപ്പന നടത്തി.

**ഗാർഡൻ**

812 അലങ്കാര ചെടികൾ പുതുതായി നട്ടുവളർത്തി.

924 അലങ്കാര ചെടികൾ വിൽപ്പന നടത്തി.

**കമ്പോസ്റ്റ്**

300 കിലോഗ്രാം പുതിയതായി ഉത്പാദിപ്പിച്ചു

157 കിലോഗ്രാം വിൽപ്പന നടത്തി

**ബയോഒറിജിൻ തട്ടാത്തിക്കാനം**

വിവിധ ഇനം ഉൽപ്പന്നങ്ങളിലായി 471 പാക്കറ്റുകൾ വില്പന നടത്തി.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാമാസവും നടത്തപ്പെടുന്ന മീറ്റിങ്ങുകൾ പതിവുപോലെ കട്ടപ്പന, കുമളി, പീരുമേട്, കാഞ്ഞിരപ്പള്ളി, റീജിയണൽ ഓഫീസുകളിൽ വച്ച് നടത്തപ്പെടുകയുണ്ടായി. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ് എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി. റീജിയണൽ

കോഡിനേറ്റേഴ്സ് മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

**യൂണിറ്റ് വാർഷികം**

പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന റീജിയണിലെ സന്യാസിയോട യൂണിറ്റിൽ യൂണിറ്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് കല്ലുമാടിക്കലിന്റെ അധ്യക്ഷതയിൽ കൂടിയ വാർഷികാഘോഷ പരിപാടികൾ പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ആനിമേറ്റർ ശ്രീ. ജോയി കോ-ഓർഡിനേറ്റർ ശ്രീ. കെ.എസ് ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

**കർഷക ഉത്പാദക കമ്പനി**

കേന്ദ്രസർക്കാരിന്റെ CSS 10000 FPO പ്രോജക്റ്റിന്റെ ഭാഗമായി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി കേരളത്തിലെ 12 ജില്ലകളിലായി നടപ്പിലാക്കിവരുന്ന കർഷക ഉത്പാദകസംഘ(FPO) ത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു. നബാർഡ്, എൻ.സി.ഡി.സി എന്നീ ഏജൻസികളുമായി സഹകരിച്ചാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

ഒക്ടോബർ 28 ന് ഗ്രീൻ റാന്നി കർഷക കമ്പനിയുടെ വാർഷിക പൊതുയോഗം നടത്തപ്പെട്ടു. കർഷക കമ്പനിയുടെ നിലവിലുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും അടുത്ത വർഷത്തെ വാർഷിക ബഡ്ജറ്റ് പാസാക്കുകയും ചെയ്തു.

നവംബർ 2 ന് മാടപ്പള്ളി കർഷക കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു ഡോ. സിബി ജോസഫ് ക്ലാസ് നയിച്ചു.

നവംബർ 5, 6 തീയതികളിലായി തട്ടാത്തിക്കാനം ട്രെയിനിങ് സെന്ററിൽ വച്ച് 30 കർഷക കമ്പനികളിൽ നിന്നുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആയി ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

പ്രോജക്ട് നോഡൽ ഓഫീസർ ഡോ. സിബി ജോസഫ്, പ്രൊഫീഷ്യോ കമ്പനി സെക്രട്ടറി ശ്രീ. ശരത്, കാഞ്ഞിരമറ്റം കർഷക കമ്പനി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ടോം ആലക്കൽ, മരിയൻ കോളേജ് എം.ബി.എ ഡിപ്പാർട്ട്മെന്റ് പ്രൊഫസർ ശ്രീ. സാംസൺ എന്നിവർ ക്ലാസുകൾ നയിച്ചു.

ഒക്ടോബർ 28 ന് വയനാട് സ്പൈസസ് എഫ്.പി.ഓ യുടെ പുതിയ ഓഫീസിന്റെ ഉദ്ഘാടനം നബാർഡ് ഡി.ജി.എം ശ്രീ. ജെയിംസ് നിർവഹിച്ചു.

എൻ.സി.ഡി.സി.യുമായി സഹകരിച്ച് ഇടുക്കി ജില്ലയിൽ അഴുത, നെടുങ്കണ്ടം ബ്ലോക്കുകളിൽ രൂപീകരിച്ചിരിക്കുന്ന ഹൈറേഞ്ച് ഫാർമർ പ്രൊഡ്യൂസർ ആന്റ് മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റിയും, ഗ്രീൻ മൗണ്ട് ഫാർമർ പ്രൊഡ്യൂസർ ആന്റ് മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റിയും രണ്ടാം ഘട്ട ഓഹരി വില്പന നടത്തിക്കൊണ്ടിരിക്കുന്നു. 2100 രൂപ അടച്ച് കർഷക കമ്പനിയിൽ അംഗമാകുന്ന ഒരു കർഷകന് ഇക്വിറ്റി ഗ്രാൻഡ് ആയി ഗവൺമെന്റിൽ നിന്ന് കർഷക കമ്പനിക്ക് ലഭിക്കുന്ന 2000 രൂപയുടെ ഓഹരിയുടെ കൂടെ അവകാശം ലഭിക്കും. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ലാഭ-നഷ്ട കണക്കുകൾ ഓഡിറ്റ് ചെയ്ത് ലാഭത്തിന് ആനുപാതികമായി ലാഭവിഹിതം കർഷകന് നൽകുന്നു. നിലവിൽ കർഷക കമ്പനികളുടെ ബിസിനസ് ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ആണ് ഓഹരി കൂട്ടുന്നത്. അഴുത, നെടുങ്കണ്ടം ബ്ലോക്ക് പരിധിയ്ക്കുള്ളിൽ താമസിക്കുന്ന കർഷകർക്ക് ഓഹരി എടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

+91 97459 56522 (അഴുത) , +91 8129863384 (നെടുങ്കണ്ടം)

കോഴിക്കോട് ജില്ലയിൽ കുന്നുമ്മൽ, ചേലന്നൂർ ബ്ലോക്കുകളിൽ രൂപീകരിക്കുന്ന കർഷക സൊസൈറ്റികളുടെ രജിസ്ട്രേഷൻ പൂർത്തിയായി. ഓഹരി വില്പന നടന്നു കൊണ്ടിരിക്കുന്നു. കുന്നമംഗലം, കൊടുവള്ളി, മേലടി ബ്ലോക്കുകളി

ലായി രൂപീകരിക്കുന്ന കർഷക സൊസൈറ്റികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.

**ഇന്റൺഷിപ്പ് പ്രോഗ്രാം**

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി നേപ്പാൾ കാദംബരി മെമ്മോറിയൽ കോളേജിൽ നിന്ന് 5 വിദ്യാർത്ഥികൾ പി.ഡി.എസിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ. വിദ്യാഭ്യാസ സഹായം: 399908/-, ഭവന നിർമ്മാണം: 62024/-, വരുമാനദായക പ്രവർത്തനങ്ങൾ: 140000/-, ചികിത്സാ സഹായം: 44812/-

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഒക്ടോബർ , നവംബർ മാസങ്ങളിലായി 24 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ഫാ. ജിൽസൺ കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**
**നവംബർ 2024**

1. പാസ്റ്ററൽ സെന്ററിൽ സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ യോഗത്തിൽ പങ്കെടുത്തു.

– അമൽജ്യോതി കോളേജിൽ ഒരു get together-ൽ സംബന്ധിച്ചു.

2. ഇഞ്ചിയാനി സ്നേഹദീപത്തിൽ വി. കുർബാന അർപ്പിക്കുകയും ഇടവക സിമിത്തേരിയിൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു

– പുത്തൻ കൊരട്ടി ഇടവകയിൽ പരേതനായ ചാഞ്ചിക്കൽ ഷാജിക്കുവേണ്ടി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

– പഴയിടം ഇടവകയിൽ പരേതയായ കടിയക്കുഴിയിൽ അന്നമ്മക്കുവേണ്ടി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു

– പ്രിസൺ മിനിസ്ട്രി ഓഫ് ഇന്ത്യയുടെ ഓൺലൈൻ സമ്മേളനത്തിൽ സംബന്ധിച്ചു

3 വെള്ളാരംകുന്ന് ഇടവകയുടെ 75-ാം വർഷാചരണവും ബഹു. അബ്രാഹം പാലക്കുടി അച്ചന്റെ സുവർണ്ണജൂബിലിയും സംയുക്തമായി ആഘോഷിച്ച അവസരത്തിൽ നടന്ന വിശുദ്ധ കുർബാനമദ്ധ്യേ വചനസന്ദേശം നൽകി.

4-20 അമേരിക്കയിൽ സേവനം അനുഷ്ഠിക്കുന്ന കാഞ്ഞിരപ്പള്ളി രൂപതാംഗങ്ങളായ ബഹു. വൈദികരെ സന്ദർശിച്ചു.

22 കത്തീഡ്രലിൽ അഭി. മാർ മാത്യു വട്ടക്കുഴി പിതാവിന്റെ 8-ാം ചരമവാർഷികത്തോടനുബന്ധിച്ചു വി. കുർബാന അർപ്പിക്കുകയും ഒപ്പിസ് പ്രാർത്ഥനയിൽ പങ്കുചേരുകയും ചെയ്തു.

23 പാസ്റ്ററൽ സെന്ററിൽ മാർ മാത്യു വട്ടക്കുഴി സിമ്പോസിയം ഉദ്ഘാടനം ചെയ്തു.

– പഴയ കൊരട്ടി ഇടവകയിൽ കാരിസ്മാറ്റിക് മൂവ്മെന്റ് എരുമേലി സബ് സോണിന്റെ കുടുംബസംഗമത്തിൽ സന്ദേശം നൽകി.

– കിഴക്കേമാട്ടുകട്ട ഇടവകയിൽ പുനരുദ്ധരിച്ച മദ്ബഹാ പുനർകൂദാശ ചെയ്തു.

24 കോന്നി ഇടവകയിൽ ക്യാപ്റ്റൻ റീന വർഗീസ് കൊണ്ടോടിക്കലിനെ അനുമോദിച്ച സമ്മേളനത്തിൽ പങ്കെടുത്തു.

– ചങ്ങനാശ്ശേരി മെത്രാപ്പോലിത്തൻ പള്ളിയിൽ മാർ ജോർജ് കൂവക്കാട്ടിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ പങ്കെടുത്തു.

25 പാസ്റ്ററൽ സെന്ററിൽ സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

– സ്വരാജ് ഇടവകയിൽ പുനരുദ്ധരിച്ച മദ്ബഹാ പുനർകൂദാശ ചെയ്തു.

26 കത്തീഡ്രലിൽ വൈദിക സമ്മേളനത്തിലും മാർ തോമസ് തറയിൽ പിതാവിന് നൽകിയ സ്വീകരണ സമ്മേളനത്തിലും പങ്കെടുത്തു.

27 കാക്കനാട് സഭാകാര്യാലയത്തിൽ എസ്.എം.സി.സി. യുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

28 ചെറുവള്ളി ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

– ഗ്രേസ് മൗണ്ട് ഇടവകയിൽ പുതുതായി നിർമിച്ച വൈദിക മന്ദിരം ആശീർവദിച്ചു.

29 പാസ്റ്ററൽ സെന്ററിൽ ഐ.എച്ച്.എസ്. മിനിസ്ട്രി സംഘടിപ്പിച്ച ലേഖന മത്സരത്തിന്റെ സമ്മാനദാനം നിർവഹിച്ചു.

– തെക്കേമല ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും നവീകരിച്ച സിമിത്തേരി ആശീർവദിക്കുകയും ചെയ്തു.

30 പാസ്റ്ററൽ സെന്ററിൽ പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ സംബന്ധിച്ചു.

30–ഡിസംബർ 1

– കുമിളി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

## മാർ മാത്യു അറയ്ക്കൽ

## നവംബർ 2024

01 അമൽജ്യോതി കോളേജിൽ ഒരു get together-ൽ സംബന്ധിച്ചു.

03 ചോറ്റുപാറ ജിയന്ന ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശമേകുകയും അവിടെ പുതിയതായി നിർമ്മാണ മാരംഭിക്കുന്ന ദൈവാലയത്തിന്റെ അടിസ്ഥാനശിലാസ്ഥാപനം നടത്തുകയും ചെയ്തു.

– വെള്ളാരംകുന്ന് ഇടവകയുടെ 75-ാം വർഷാചരണവും ബഹു. അബ്രാഹം പാലക്കുടി അച്ചന്റെ സുവർണ്ണജൂബിലിയും സംയുക്തമായി ആഘോഷിച്ച ചടങ്ങിൽ സംബന്ധിച്ച് സന്ദേശമേകി.

07 പാലാ-ളാലം പള്ളിയിലെത്തി പരേതയായ ഈരൂരിക്കൽ ഗുലാബി മാത്യുവിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

07-08 നെടുങ്കണ്ടത്ത് നടത്തപ്പെട്ട Regional Bishop's conference -ലും നെടുങ്കണ്ടം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയത്തിൽ നടന്ന വിശുദ്ധ ബലിയിലും പങ്കെടുത്തു.

09 സെന്റ് ഡോമിനിക്സ് ലോ കോളേജിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ച് അനുഗ്രഹ സന്ദേശമേകി.

14 ബഹു. പോൾ വാഴപ്പനാടിയച്ചന്റെ മൃതസംസ്ക്കാര കർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

16 കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹവാഗ്ദാന കർമ്മം നടത്തി സന്ദേശമേകി.

17 ചെങ്ങളം ഇടവകയിൽ രണ്ടു കുഞ്ഞുങ്ങൾക്ക് പ്രാരംഭ കൂദാശകൾ പരികർമ്മം ചെയ്തു.

22 അഭിവന്ദ്യ വട്ടക്കുഴിപിതാവിന്റെ എട്ടാം ചരമവാർഷിക ദിനത്തിൽ കത്തീദ്രൽ ദൈവാലയത്തിൽ കബറിടത്തിങ്കൽ ഒപ്പീസ് പ്രാർത്ഥന നടത്തി.

23 കത്തീഡ്രൽ ദൈവാലയത്തിൽ ഒരു വിവാഹവാഗ്ദാനകർമ്മം നടത്തി.

24 ചങ്ങനാശ്ശേരി മെത്രാപ്പോലിത്തൻ പള്ളിയിൽ മാർ ജോർജ് കൂവക്കാട്ടിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ പങ്കെടുത്തു.

26 അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ പിതാവിന് രൂപത പ്രീസ്റ്റ് കോൺഫ്രൻസിൽ സ്വീകരണം നൽകിയ ചടങ്ങിൽ സംബന്ധിച്ചു.

30 കോഴഞ്ചേരി വെനെറിനി കോൺവെന്റിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## DECEMBER - 2024

| Date | Programme | Place | Time |
|---|---|---|---|
| 30-01 | Pastoral visit | Kumily | |
| 02 | Holy Qurbana | Vijayapuram | 5.30 pm |
| 03 | Anniversary Mathruvedi | Podimattom | 11.00 pm |
| - | Symposium | Kottayam | 2.00 pm |
| 04 - 06 | KCBC | | |
| 10 | Holy Qurbana | Kunnumbhagam | 6.30 am |
| 11 | Holy Qurbana | Podimattom | 6.30 am |
| 13 | Anniversary ASOWA | Pastoral Centre | 10.30 am |
| 17 | Holy Qurbana | Thampalackadu | 7.00 am |
| - | Priests' Conference | Pastoral Centre | |
| 20 | Holy Qurbana | Chennaipara | 10.00 am |
| 21 | Holy Qurbana | Minor Seminary | 6.30 am |
| - | Christmas Gathering | Pastoral Centre | 3.00 pm |
| - | Major Seminarians' gathering | Minor Seminary | 6.00 pm |

| | | | |
|---|---|---|---|
| 23 | Jubilee year Inauguration, PMI | Kakkanad | 10.00 am |
| - | Shanthidooth | Kanjirappally | 7.00 pm |
| 24 | Holy Qurbana | Cathedral | 11.45 pm |
| 26 | Holy Qurbana | Podimattom | 6.30 am |
| - | Nasrani Yuvashakthi | Kuttikanam | 9.30 am |
| - | Ecumencial gathering | Vechoochira | 6.00 pm |
| 27 | Holy Qurbana | Minor Seminary | 7.00 am |
| - | Ordination, Dn. Don Mattakarathundiyil | Kanamala | 2.15 pm |
| 28 | Ordination, Dn. Melwin and Dn. Noel Kalapurackal | Vallakadavu | 9.15 am |
| - | Holy Qurbana | Elamgulam | 4.00 pm |
| 29 | Holy Qurbana | Puthenkoratty | |
| 30 | Ordination Dn. Akhil Earath | Vandanpathal | 9.15 am |
| - | KCC gathering | Pastoral Centre | 5.00 pm |
| 31 | Prathibha Sangamam | Kakkanadu | 10.00 am |



വിമല ബുക്ക് ഹൗസ്
കാഞ്ഞിരപ്പള്ളി. ഫോൺ: 04828 203058, 8589985731
ആകർഷകമായ ക്രിസ്മസ് ഐറ്റംസ് മിതമായ വിലയിൽ
ക്രിസ്മസ് ട്രീകൾ, ക്രിബ്സെറ്റുകൾ, പുൽക്കൂടുകൾ, അലങ്കാര വസ്തുക്കൾ, എൽ. ഇ. ഡി. ബൾബുകൾ, ക്രിസ്മസ് സമ്മാനങ്ങൾ
ഭക്ത സാധനങ്ങളുടെ വിപുലമായ ശേഖരം
തിരുവസ്ത്രങ്ങൾ
രൂപങ്ങൾ
മുത്തുക്കുടകൾ
പൂക്കൾ
ഗ്രീറ്റിംഗ് കാർഡുകൾ
ചിത്രങ്ങൾ
തിരുപ്പാത്രങ്ങൾ
തിരിക്കാലുകൾ
പ്രാർത്ഥന പുസ്തകങ്ങൾ
ഗ്ലോബുകൾ
ഗിഫ്റ്റ് ഐറ്റംസ്
തിരുകർമ്മങ്ങൾക്കാവശ്യമായ എല്ലാ വസ്തുക്കളും ലഭ്യമാണ്
PDS, MDS, SAHYADRI, WE CARE ഉല്പന്നങ്ങൾ

# 2024 ഡിസംബർ

## പള്ളിക്കൂദാശ – മംഗലവാർത്ത കാലങ്ങൾ

| | | |
|---|---|---|
| 1 | ഞായർ | ✠ മംഗലവാർത്ത ഒന്നാം ഞായർ<br>ഉത്പ 17:15-12 (17:1-27); ഏശ 43:1-7, 10-11 (42:18-43:13);<br>എഫേ 5:21-6:4 (5:21-6:9); ലൂക്കാ 1:5-25 (1:1-25). |
| 2 | തിങ്കൾ | ഗലാ 3:9-14; ലൂക്കാ 9:37-43a. |
| 3 | ചൊവ്വ | റോമ 13:8-14; ലൂക്കാ 1:18-20. |
| 4 | ബുധൻ | 1 കോറി 1:4-9; യോഹ 8:26-30. |
| 5 | വ്യാഴം | 1 തിമോ 4:11-16; മത്താ 24:45-51. |
| 6 | വെള്ളി | കൊളോ 3:1-10; മത്താ 13:12-17. |
| 7 | ശനി | പ. ക. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ (ഡിസംബർ 8)<br>പ്രഭാ 24:1-14 (24:1-34); ഏശ 7:10-16;<br>ഹെബ്രാ 1:1-3 + 2:16-18; ലൂക്കാ 1:46-55<br>(മത്താ 1:1-17+ലൂക്കാ 1:46-55) |
| 8 | ഞായർ | ✠ മംഗലവാർത്ത രണ്ടാംഞായർ<br>സംഖ്യ 22:20-35 (22:20-23:2); ഏശ 43:25-44:5 (43:14-44:5);<br>കൊളോ 4:2-6 (4:2-18); ലൂക്കാ 1:26-38 (1:26-56). |
| 9 | തിങ്കൾ | എഫേ 4:13-16; യോഹ 14:11-14. |
| 10 | ചൊവ്വ | 1 തെസ 5:5-11; ലൂക്കാ 10:21-24. |
| 11 | ബുധൻ | എഫേ 1:3-12; ലൂക്കാ 1:34-38. |
| 12 | വ്യാഴം | റോമ 12:9-18; ലൂക്കാ 1:39-45. |
| 13 | വെള്ളി | 2 കോറി 8:11-15; ലൂക്കാ 1:46-56. |
| 14 | ശനി | 1 കോറി 2:1-10; ലൂക്കാ 14:25-33. |
| 15 | ഞായർ | ✠ മംഗലവാർത്ത മൂന്നാം ഞായർ<br>ഉത്പ 18:1-10 (18:1-19); ന്യായ 13:2-7, 24 (13:2-24);<br>എഫേ 3:1-13 (3:1-21); ലൂക്കാ 1:57-66 (1:57-80). |
| 16 | തിങ്കൾ | 1 കോറി 5:1-8; ലൂക്കാ 6:43-45. |
| 17 | ചൊവ്വ | എഫേ 2:1-10; മത്താ 3:1-6. |
| 18 | ബുധൻ | എഫേ 2:14-22; യോഹ 14:1-6. |
| 19 | വ്യാഴം | ഗലാ 3:26-29; ലൂക്കാ 1:67-79. |
| 20 | വെള്ളി | കൊളോ 1:10-16; മർക്കോ 1:1-8. |
| 21 | ശനി | ഗലാ 1:11-17; യോഹ 3:31-36. |
| 22 | ഞായർ | ✠ മംഗലവാർത്ത നാലാം ഞായർ<br>ഉത്പ 24:50-67; 1 സാമു 1:1-18 (1:1-28);<br>എഫേ 5:5-21; മത്താ 1:18-24. |
| 23 | തിങ്കൾ | എഫേ 6:18-20; യോഹ 1:1-5. |
| 24 | ചൊവ്വ | ഗലാ 4:1-7; യോഹ 1:6-13. |
| 25 | ബുധൻ | ✠ നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ<br>ഏശ 7:10-16, 9:1-3, 6-7; മിക്ക 4:1-3, 5:2-5, 8-9;<br>ഗലാ 3:15-4:6; ലൂക്കാ 2:1-20. |
| 26 | വ്യാഴം | ഹെബ്രാ 5:11-14; മത്താ 12:43-45. |
| 27 | വെള്ളി | റോമാ 8:35-39; യോഹ 21:20-24. |
| 28 | ശനി | ഹെബ്രാ 11:32-38 (11:3-10+11:32-12:2); മത്താ 2:13-18. |
| 29 | ഞായർ | ✠ പിറവി ഒന്നാം ഞായർ<br>ഉത്പ 21:9-21 (21:1-21); 1 സാമു 1:21-28 (1:19-28);<br>ഗലാ 4:21-5:1; മത്താ 2:1-12 (2:1-23). |
| 30 | തിങ്കൾ | 1 യോഹ 3:11-17; യോഹ 8:12-19. |
| 31 | ചൊവ്വ | 2 കോറി 1:18-22; യോഹ 13:31b-35. |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654